**പതിമൂന്നാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)

**പതിനൊന്നാമത് റിപ്പോർട്ട്**

( 2012 ജൂലൈ മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**കോഴിക്കോട് സർവ്വകലാശാല, കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല എന്നിവയെ സംബന്ധിച്ച റിപ്പോർട്ട്**

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിൽ (1999 മുതൽ 2005-2006 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2011-2014)

**പതിനൊന്നാമത് റിപ്പോർട്ട്**

(2012 ജൂലൈ മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിൽ
(1999 മുതൽ 2005-2006 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള
ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ
അടിസ്ഥാനത്തിൽ തയ്യാറാക്കിയത്]

1150/2012.

# ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും | .. | 41 |

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)

### ഘടന

<u>അദ്ധ്യക്ഷൻ :</u>

ശ്രീ. വർക്കല കഹാർ

<u>അംഗങ്ങൾ :</u>

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, കെ. അച്ചുതൻ
,, എം. ചന്ദ്രൻ
,, കെ. കെ. ജയചന്ദ്രൻ
,, എൻ. ഷംസുദ്ദീൻ*
,, മുല്ലക്കര രത്നാകരൻ
,, കെ. ശിവദാസൻ നായർ
,, പി. ശ്രീരാമകൃഷ്ണൻ
,, ജി. സുധാകരൻ
,, എം. എ. വാഹീദ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

ശ്രീ. പി. കെ. മുരളീധരൻ (സെക്രട്ടറി-ഇൻ-ചാർജ്ജ്)
,, കെ. മോഹൻദാസ്, അഡീഷണൽ സെക്രട്ടറി
ശ്രീമതി ജി. സുമകുമാരി, ഡെപ്യൂട്ടി സെക്രട്ടറി
,, പി. ഉഷാകുമാരി അമ്മ, അണ്ടർ സെക്രട്ടറി.

---

* ശ്രീ. കെ. എൻ. എ. ഖാദർ, എം.എൽ.എ. സമിതി അംഗത്വം രാജിവച്ച ഒഴിവിലേക്ക് 2012 ജൂൺ 20 പ്രാബല്യത്തിൽ തെരഞ്ഞെടുക്കപ്പെട്ടു.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ (2011-14) പതിനൊന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടുകളിൽ (1999 മുതൽ 2005-2006 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2012 ജൂലൈ മാസം 19-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്കാവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

**വർക്കല കഹാർ,**

*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2012 ജൂലൈ 24.

# റിപ്പോർട്ട്

## കോഴിക്കോട് സർവ്വകലാശാല & ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

ഓഡിറ്റ് ഖണ്ഡിക

**യൂണിവേഴ്സിറ്റി യൂണിയൻ—മുൻകൂറുകളുടെ തീർപ്പിലേക്ക് വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല—28,27,000 രൂപ തടസ്സപ്പെടുത്തുന്നു.**

2000-2001, 2001-2002 വർഷങ്ങളിൽ യൂണിവേഴ്സിറ്റി യൂണിയന്റെ വിവിധ പരിപാടികൾക്കായി 28,27,000 രൂപ മുൻകൂറായി അനുവദിച്ചിരുന്നു. ചാർട്ടേഡ് അക്കൗണ്ടന്റിന്റെ വിനിയോഗ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈസ് ചാൻസലർ ടി തുകയ്ക്ക് തീർപ്പു കൽപ്പിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇത് നിലവിലുള്ള ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിരുദ്ധമാണ്. കാലിക്കറ്റ് യൂണിവേഴ്സിറ്റി ആക്ട് 5/1975 സെക്ഷൻ 50 ചാപ്റ്റർ (7) പ്രകാരം യൂണിവേഴ്സിറ്റിയുടെ അധീനതയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളുടേയും കണക്കുകൾ പരിശോധിക്കേണ്ടതും തീർപ്പുകൽപ്പിക്കേണ്ടതും ബന്ധപ്പെട്ട ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ആണ്. സ്റ്റുഡന്റ് വെൽഫയർ ഡിപ്പാർട്ടുമെന്റും, യൂണിവേഴ്സിറ്റിയുടെ അധീനതയിലുള്ള സ്ഥാപനമാകയാൽ ടി ഡിപ്പാർട്ടുമെന്റിന്റെ ഓഡിറ്റ് നടത്തേണ്ടതും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ ചുമതലയാണ്. കൂടാതെ കേരള ട്രഷറി കോഡ് വാല്യം 1 ചട്ടം 162(എ), 430(എ), 434(എ) എന്നിവ പ്രകാരം സബ് വൗച്ചറുകൾ ഇല്ലാതെ മുൻകൂർ തീർപ്പുകൽപ്പിക്കുന്നത് ക്രമവിരുദ്ധമാണ്. ആയതിനാൽ ചട്ടങ്ങൾ ലംഘിച്ച് ക്രമവിരുദ്ധമായി സബ് വൗച്ചറുകളുടെ പിൻബലമില്ലാതെ 3-10-2001-ലെ വൗച്ചർ നമ്പർ 3931 പ്രകാരം ചെലവഴിച്ച 28,27,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03 ഖണ്ഡിക VII(iv)(3)(i).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

1. ഡീൻ ഓഫ് സ്റ്റുഡന്റ്സ് വെൽഫെയറിനോട് നിയമസഭാ സമിതി ആവശ്യപ്പെട്ട പ്രകാരം 2002-03 മുതൽ 2007-08 വരെയുള്ള വൗച്ചറുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകാൻ ആവശ്യപ്പെട്ടെങ്കിലും സ്റ്റുഡന്റ്സ് ഡീനിൽ നിന്നും 13-7-2009-ലെ നമ്പർ SW/(1)/Aud. Obj/2009 കത്തിൽ 2002-2006 വരെയുള്ള ചെലവുകൾ ചാർട്ടേഡ് അക്കൗണ്ടന്റ് ഓഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം (64,72,880 രൂപയ്ക്കുള്ളത്) ഫിനാൻസ് ബ്രാഞ്ചിൽ അംഗീകാരത്തിനായി സമർപ്പിച്ചു എന്നും 2007-08 വരെയുള്ള ചെലവുകൾ ചാർട്ടേഡ് അക്കൗണ്ടന്റിന്റെ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടുണ്ടെന്നും അവ തിരിച്ചുകിട്ടുന്ന മുറയ്ക്ക് ഓഡിറ്റിന് സമർപ്പിക്കാം എന്നും അറിയിച്ചിരിക്കുന്നു.

2. കൂടാതെ ഈ കാര്യങ്ങൾ ചെയ്തിരിക്കുന്നത് സിൻഡിക്കേറ്റ് തീരുമാനപ്രകാരം (Item No. 2007.542) (Confirmed vide item No. 2007.572 on 16-6-2007) വൈസ് ചാൻസലർ നിയമിക്കുന്ന ഓഡിറ്റർ നൽകുന്ന യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സഹിതമാണ് ഇത് നൽകിയതെന്നും അറിയിച്ചിരിക്കുന്നു.

3. നാളിതുവരെയായിട്ടും വൗച്ചറുകൾ കിട്ടാത്ത കാരണം ഓഡിറ്റ് വിഭാഗത്തിന് നൽകാൻ സാധിച്ചിട്ടില്ല.

4. യൂണിവേഴ്സിറ്റി യൂണിയൻ പ്രവർത്തനങ്ങൾക്കനുവദിച്ച തുകയുടെ വിനിയോഗം സംബന്ധിച്ചുള്ള വൗച്ചറുകൾ യഥാവിധി സൂക്ഷിക്കുകയോ ലോക്കൽ ഫണ്ട് ഓഡിറ്റിനു ലഭ്യമാക്കുകയോ ചെയ്തിട്ടില്ലെന്നും തുക ചെലവഴിച്ചതു സംബന്ധിച്ച് ചാർട്ടേഡ് അക്കൗണ്ടന്റ് വൗച്ചർവൈസായി പരിശോധിച്ചിട്ടില്ലെന്നും, വൗച്ചർവൈസായി പരിശോധിക്കാൻ അധികാരമുള്ള ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് അവ പരിശോധിച്ചപ്പോൾ ശരിയായ വൗച്ചേഴ്സ് കണ്ടെത്താനായില്ലെന്നതുമാണ് ഈ ഖണ്ഡികയിലെ പ്രധാന പരാമർശമെന്നും സമിതി ചൂണ്ടിക്കാട്ടി. ഇതു സംബന്ധിച്ച് സർവ്വകലാശാലയുടെ വിശദീകരണം സമിതി ആരാഞ്ഞു. വൗച്ചറുകൾ ലഭ്യമാണോയെന്ന് പരിശോധിച്ചാൽ മാത്രമേ എന്തെങ്കിലും പറയാൻ കഴിയുകയുള്ളൂവെന്ന് രജിസ്ട്രാർ ശ്രീ. ടി. കെ. നാരായണൻ അറിയിച്ചു. വൗച്ചറുകൾ എല്ലാം ലോക്കൽ ഫണ്ട് ഓഡിറ്റിനു ഹാജരാക്കേണ്ടതാണെന്നാണ് സമിതിയിൽ ഹാജരായ ഉന്നത വിദ്യാഭ്യാസ സെക്രട്ടറി സമിതിയിൽ വ്യക്തമാക്കിയത്. സമിതിയുടെ ചോദ്യത്തിന് വ്യക്തമായ മറുപടി യൂണിവേഴ്സിറ്റിയുടെ ഭാഗത്തുനിന്നും ലഭിക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി.

5. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ബൈലോ അനുസരിച്ചാണ് യൂണിവേഴ്സിറ്റി യൂണിയൻ ഫണ്ട് ചെലവഴിക്കുന്നതെന്നും ആ ബൈലോയിൽ ചാർട്ടേഡ് അക്കൗണ്ടന്റിന്റെ ആഡിറ്റ് മതിയെന്നാണ് പറഞ്ഞിരിക്കുന്നതെന്നും എന്നാൽ ടി ഓഡിറ്റ് തടസ്സത്തിനുശേഷം വൗച്ചേഴ്സ് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് തന്നെയാണ് സമർപ്പിക്കുന്നതെന്നും നിലവിൽ ഈ രീതി പിൻതുടരുന്നതായും കോഴിക്കോട് സർവ്വകലാശാല രജിസ്ട്രാർ സമിതിയെ അറിയിച്ചു. എന്നാൽ യൂണിവേഴ്സിറ്റി അനുവർത്തിച്ചുവന്ന രീതി കാലിക്കറ്റ് യൂണിവേഴ്സിറ്റി ആക്ടിനു വിരുദ്ധമായിരുന്നെന്നും ആക്ടിനു വിരുദ്ധമായി പ്രവർത്തിച്ച ഡീൻ ഈ തുക തിരികെ നൽകാൻ ബാദ്ധ്യസ്ഥനാണെന്നും, ഡീൻ ആരാണെന്ന് കണ്ടെത്തി തുക ഈടാക്കുകയാണ് വേണ്ടതെന്നും സമിതി അഭിപ്രായപ്പെട്ടു.

6. 2007-08-ന് മുമ്പ് ഓഡിറ്റിന്റെ ചുമതല ചാർട്ടേഡ് അക്കൗണ്ടന്റിനായിരുന്നെന്നും എൻ.എസ്.എസ്.-ന്റെ തുകയും, യൂണിവേഴ്സിറ്റി ഫണ്ടും, യു.ജി.സി.-യിൽ നിന്നും കിട്ടുന്ന ചില പ്രോജക്ടുകളും ചാർട്ടേഡ് അക്കൗണ്ടന്റാണ് ഓഡിറ്റ് ചെയ്തിരുന്നതെന്നും സമിതിയുടെ ചോദ്യത്തിന് മറുപടിയായി രജിസ്ട്രാർ അറിയിച്ചു. എന്നാൽ യൂണിവേഴ്സിറ്റി ഫണ്ട് വിനിയോഗം സംബന്ധിച്ച് ഓഡിറ്റ് നടത്തുമ്പോൾ സർക്കാർ ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ടു നടത്തുന്ന എല്ലാ നടപടിക്രമങ്ങളും

പാലിക്കേണ്ടതാണെന്നും യൂണിവേഴ്സിറ്റി യൂണിയന്റെ ചെലവാണെങ്കിലും എൻ.എസ്.എസ്. ഗ്രാന്റുണ്ടെങ്കിലും സ്റ്റ്യാറ്റ്യൂട്ടറി ഓഡിറ്റ് തന്നെ വേണമെന്ന് സമിതി അഭിപ്രായപ്പെട്ടു. 2002-03-ന് ശേഷമുള്ള വർഷങ്ങളിലെ യൂണിവേഴ്സിറ്റി യൂണിയന്റേയും മറ്റ് സ്ഥാപനങ്ങളുടേയും കണക്കുകൾ ചാർട്ടേഡ് അക്കൗണ്ടന്റിൽ നിന്ന് എഴുതി വാങ്ങിയത് സാധൂകരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതാണെന്നും, യൂണിവേഴ്സിറ്റി അക്കൗണ്ടിംഗ് വിംഗിനെക്കൊണ്ട് ഇതെല്ലാം 'സ്പെഷ്യലായി' പരിശോധിച്ച് സമിതിക്ക് അടിയന്തിരമായി റിപ്പോർട്ടു നൽകണമെന്നും സമിതി നിർദ്ദേശിച്ചു. 2002 മുതൽ 2007 വരെയുള്ള വൗച്ചേഴ്സ് ഉണ്ടെങ്കിൽ ആയത് ഓഡിറ്റിനു സമർപ്പിക്കണമെന്നും വൗച്ചറുകൾ ലഭ്യമല്ലെങ്കിൽ ആ വിവരം സമിതിയെ അടിയന്തിരമായി അറിയിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

7. സമിതിയുടെ നിർദ്ദേശാനുസരണം സർവ്വകലാശാല സ്വീകരിച്ച നടപടി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സമിതിക്കു സമർപ്പിച്ചത് താഴെ പറയും പ്രകാരമാണ്.

8. ഓഡിറ്റ് ഖണ്ഡിക 4-3-ൽ പരാമർശിക്കുന്ന 28,27,000 രൂപ കാലിക്കറ്റ് സർവ്വകലാശാലാ യൂണിയന്റെ വിവിധ പ്രവർത്തനങ്ങൾക്കായി 2000-01-ലും 2001-02-ലും മുൻകൂറായി നൽകപ്പെട്ടതാണ്. കാലിക്കറ്റ് യൂണിവേഴ്സിറ്റി യൂണിയൻ നിയമാവലി അനുശാസിക്കുന്ന തരത്തിൽ വൈസ് ചാൻസലർ നിയമിച്ച M/s. ജോയ് തോമസ് ആന്റ് അസോസിയേറ്റ്സ് എന്ന ചാർട്ടേഡ് അക്കൗണ്ടന്റ് നൽകിയ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മുൻകൂർ തുകയായ 28,27,000 രൂപ അന്തിമ തീർപ്പാക്കിയതിന് വൈസ് ചാൻസലർ അംഗീകാരം നൽകുകയുണ്ടായി.

9. ഡീൻ നൽകിയ പ്രസ്തുത വിശദീകരണം 8-2-2007-ൽ ചേർന്ന സർവ്വകലാശാല സിൻഡിക്കേറ്റ് യോഗം അംഗീകരിച്ചു.

10. സർവ്വകലാശാലയുടെ നടപടിയിൻമേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പുറപ്പെടുവിച്ച പുനരഭിപ്രായക്കുറിപ്പ് ചുവടെ ചേർക്കുന്നു:

സർവ്വകലാശാല നിയമം 50-ാം വകുപ്പ്, 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം എന്നിവ പ്രകാരം സർവ്വകലാശാലയുടെ ഓഡിറ്റ് നിർവ്വഹിക്കുന്നതിന് കേരള നിയമസഭ ചുമതലപ്പെടുത്തിയത് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറെ ആണ്. പ്രസ്തുത അധികാരം ഉപയോഗിച്ച് ഓഡിറ്റ് നിർവ്വഹിക്കുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റർക്ക് ആവശ്യമായ വൗച്ചറുകൾ, അനുബന്ധരേഖകൾ സഹിതം ലഭ്യമാക്കുന്നതിന് പകരം യൂണിവേഴ്സിറ്റി യൂണിയൻ ചാർട്ടേഡ് അക്കൗണ്ടന്റിൽ നിന്നും ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്ര പ്രകാരം മുൻകൂർ നൽകിയ തുക ക്രമപ്പെടുത്തിയ സർവ്വകലാശാലയുടെ നടപടി നിയമവിരുദ്ധമാണ്.

11. 8-1-2010-ലെ എൽ.എഫ്./8222/സ്പെ.സെൽ (ജി1)09 കത്ത് പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നൽകിയ സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

കോഴിക്കോട് സർവ്വകലാശാല നിയമം 1975-ൽ അദ്ധ്യായം 7, സെക്ഷൻ 50(2) പ്രകാരം സർക്കാർ നിയമിക്കുന്ന ഓഡിറ്റർക്ക് കോഴിക്കോട് സർവ്വകലാശാലയുടെ കീഴിലുള്ള ഏത് സ്ഥാപനത്തിന്റെയും ലോക്കൽ ഓഡിറ്റ് നടത്തുന്നതിനുള്ള അധികാരം നൽകിയിട്ടുണ്ട്. 2001-02 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 7/iv-ൽ 28,27,000 രൂപ ചെലവാക്കിയതിനുള്ള വൗച്ചറുകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ തടസ്സപ്പെടുത്തിയിരുന്നു. തുടർന്നുള്ള വർഷങ്ങളിലും സബ് വൗച്ചറുകൾ ഹാജരാക്കാതെയാണോ ചെലവ് നടന്നിട്ടുള്ളതെന്ന് പരിശോധിക്കുന്നതിനായി കേരള നിയമസഭാ സെക്രട്ടറിയുടെ 23-6-2009-ലെ നമ്പർ 1975/എൽ.എഫ്.എ.സി. എ2/ലെജി. കത്തിൽ വിദ്യാർത്ഥിക്ഷേമവിഭാഗം 2002-03 മുതൽ 2007-08 കൂടിയ വർഷത്തെ വൗച്ചറുകൾ സ്പെഷ്യൽ ഓഡിറ്റിനായി നൽകാൻ ആവശ്യപ്പെട്ടിരുന്നു. അപ്രകാരം 5-8-2009-ന് പ്രസ്തുത സ്ഥാപനത്തിന് നിയമാനുസൃതം ഓഡിറ്റ് നോട്ടീസ് നൽകുകയുണ്ടായി. 13-8-2009-ന് ബഹുമാനപ്പെട്ട നിയമസഭാ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഓഡിറ്റിനായി പ്രസ്തുത സ്ഥാപനത്തിൽ പോകുകയും 2002-03 മുതൽ 2007-08 വരെയുള്ള വൗച്ചറുകൾ ഓഡിറ്റിന് വിധേയമാക്കാൻ ആവശ്യപ്പെടുകയും ഉണ്ടായി. എന്നാൽ വിദ്യാർത്ഥി ക്ഷേമവിഭാഗം മേധാവി വൗച്ചറുകൾ ക്രമപ്പെടുത്തി ഹാജരാക്കാൻ കുറച്ചു ദിവസംകൂടി അനുവദിക്കണമെന്ന് വാക്കാൽ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 18-8-2009-ന് വീണ്ടും വൗച്ചറുകളുടെ പരിശോധനയ്ക്കായി പ്രസ്തുത സ്ഥാപനത്തിൽ ഓഡിറ്റ് സംഘം എത്തുകയുണ്ടായി.

12. എന്നാൽ യഥാർത്ഥ വൗച്ചറുകളും കെ.ടി.സി. വാല്യം I ചട്ടം 162(1), 430(എ), 434(സി) എന്നീ ഖണ്ഡികകളിൽ അനുശാസിക്കും പ്രകാരമുള്ള വൗച്ചറുകൾ ഒന്നുംതന്നെ പരിശോധനയ്ക്ക് ഹാജരാക്കാൻ പ്രസ്തുത സ്ഥാപനത്തിന് സാധിച്ചില്ല.

13. ഹാജരാക്കിയ രേഖകളുടെ അടിസ്ഥാനത്തിൽ സ്പെഷ്യൽ ഓഡിറ്റ് നടത്തിയതിന്റെ വിശദാംശം കണ്ടാലും.

ബാങ്ക് ചാർജ്ജ് ഈടാക്കിയത്-അനുവദനീയമല്ല

14. വിദ്യാർത്ഥിക്ഷേമവിഭാഗം വകുപ്പുമേധാവി തേഞ്ഞിപ്പാലത്തുള്ള എസ്.ബി.ടി. ശാഖയിൽ നമ്പർ 57018247448 അക്കൗണ്ടിലൂടെയാണ് ഇടപാടുകൾ നടത്തിവരുന്നത്. 20-5-2006 മുതൽ താഴെ വിവരിക്കും പ്രകാരം 8418.99 രൂപ (എണ്ണായിരത്തി നാനൂറ്റി പതിനെട്ട് രൂപ തൊണ്ണൂറ്റിയൊമ്പത് പൈസ മാത്രം.) വിവിധ ആവശ്യങ്ങൾക്കായി ബാങ്ക് വസൂലാക്കിയിട്ടുണ്ട്. വിദ്യാർത്ഥിക്ഷേമവിഭാഗം വകുപ്പ് മേധാവി എസ്.ബി.ടി. തേഞ്ഞിപ്പാലം ശാഖയിൽ അക്കൗണ്ട് തുടങ്ങിയത് തികച്ചും സർക്കാർ ആവശ്യങ്ങൾക്കാണ്. ആയതിനാൽ അത്തരം ചെലവുകൾ ഓഡിറ്റിൽ അംഗീകരിക്കാൻ സാധ്യമല്ല.

| ക്രമനമ്പർ | തീയതി | ഇനം | തുക |
|---|---|---|---|
| 1 | 20-5-2006 | കണക്കിൽ ചുരുങ്ങിയ നിക്ഷേപം ഇല്ലാത്തതിനാൽ ഈടാക്കിയ തുക | 75 |
| 2 | 4-1-2007 | ടി | 300.00 |
| 3 | 24-3-2007 | കണക്ക് സൂക്ഷിക്കുന്നതിന് ഈടാക്കിയ ചാർജ്ജ് | 550.00 |
| 4 | 27-6-2007 | കണക്കിൽ ചുരുങ്ങിയ നിക്ഷേപം ഇല്ലാത്തതിനാൽ ഈടാക്കിയ തുക | 1350.00 |
| 5 | 31-12-2007 | ടി | 1350.00 |
| 6 | 20-3-2008 | കണക്ക് സൂക്ഷിക്കുന്നതിന് ഈടാക്കിയ തുക | 550.00 |
| 7 | 28-3-2006 | ടി | 550.00 |
| 8 | 20-6-2008 | കണക്കിൽ ചുരുങ്ങിയ നിക്ഷേപം ഇല്ലാത്തതിനാൽ ഈടാക്കിയ തുക | 549.00 |
| 9 | 30-9-2008 | ടി | 1000.00 |
| 10 | 9-12-2008 | ചെക്ക്ബുക്ക് (കോർ)അനുവദിച്ചതിന് ഈടാക്കിയ തുക | 1000.00 |
| 11 | 1-1-2009 | കണക്കിൽ ചുരുങ്ങിയ നിക്ഷേപം ഇല്ലാത്തതിനാൽ ഈടാക്കിയ തുക | 1000.00 |
| 12 | 30-3-2009 | ടി | 144.99 |
| | | ആകെ | 8418.99 |

15. 1-4-1999 മുതൽ 19-5-2006 വരെയുള്ള കാലയളവിലെ ബാങ്ക് കണക്ക് പുസ്തകങ്ങൾ ഓഡിറ്റിന് ഹാജാരാക്കാത്തതിനാൽ മേൽ കാലയളവിൽ ബാങ്ക് ഈടാക്കിയ വിവിധയിനം ചെലവുകൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ സാധിച്ചിട്ടില്ല. മേൽ കാലയളവിൽ ബാങ്ക് ഈടാക്കിയ വിവിധയിനം ചെലവുകൾകൂടി കണക്കാക്കി ആയതും 8418.99 രൂപയും വിദ്യാർത്ഥിക്ഷേമ വിഭാഗം മേധാവിയുടെ കണക്കിൽ വരവുവെച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**മുൻകൂർ ക്രമീകരിക്കാത്തത് സംബന്ധിച്ച്**

16. 20-5-2009-ലെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2009-11) യോഗ തീരുമാനപ്രകാരം 2002-03 മുതൽ 2007-08 വർഷത്തെ വിദ്യാർത്ഥിക്ഷേമ വിഭാഗം ചെലവുകളുടെ പരിശോധന നടത്തുകയുണ്ടായി. പ്രസ്തുത വർഷങ്ങളിൽ മൊത്തം 1,16,49,859 രൂപ മുൻകൂറായി നൽകിയിട്ടുണ്ട്. ടി വിവരങ്ങൾ സ്ഥാപനത്തിന്റെ ക്യാഷ് ബുക്കിൽ നിന്നും ശേഖരിച്ചതാണ്. കേരള ട്രഷറി കോഡ് വാല്യം 1 ചട്ടം 162(1), 430(എ), 432(സി) വകുപ്പുകളിൽ അനുശാസിക്കുംപ്രകാരമുള്ള യഥാർത്ഥ വൗച്ചറുകളും സബ് വൗച്ചറുകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| *വർഷം* | *തുക* | *കുറിപ്പ്* |
|---|---|---|
| 2002-2003 | 15,29,529 | വിശദവിവരം പട്ടികയായി ചേർത്തത് കണ്ടാലും |
| 2003-2004 | 17,50,250 | |
| 2004-2005 | 22,04,174 | |
| 2005-2006 | 20,40,000 | |
| 2006-2007 | 21,60,316 | |
| 2007-2008 | 19,65,590 | |
| ആകെ | 1,16,49,859 | |

**മെസേഴ്സ് ജോയ് തോമസ്, ചാർട്ടേഡ് അക്കൗണ്ടന്റിന് ഓഡിറ്റ് ചാർജ് നൽകിയത് ക്രമത്തിലല്ല**

17. 31-3-2008-ലെ 9286-ാം വൗച്ചർ പ്രകാരം മെസേഴ്സ് ജോയ് തോമസ് ചാർട്ടേഡ് അക്കൗണ്ടന്റിന് 19,800 രൂപ ഓഡിറ്റ് ചാർജ് ഇനത്തിൽ ചെലവുണ്ട്. 1975-ലെ കോഴിക്കോട് സർവ്വകലാശാല നിയമം അദ്ധ്യായം 7-ൽ സെക്ഷൻ 50(2) പ്രകാരം കോഴിക്കോട് സർവ്വകലാശാലയുടെ കീഴിലെ ഏത് സ്ഥാപനത്തിന്റെയും ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം സർക്കാർ നിയമംമൂലം അനുശാസിക്കുന്ന ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമായിരിക്കെ അനാവശ്യമായി സ്വകാര്യ ഓഡിറ്റ് ഏജൻസിക്ക് നൽകിയ 19,800 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

**മിനിറ്റ്സ് ബുക്ക് ഹാജരാക്കിയില്ല**

18. 2002-03 മുതൽ 2007-08 വരെയുള്ള കോഴിക്കോട് സർവ്വകലാശാല യൂണിയൻ പ്രവർത്തനവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ സംബന്ധിച്ച രേഖ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ യൂണിയൻ പ്രവർത്തനവുമായി ബന്ധപ്പെട്ട വിവിധ പരിപാടികൾ എത്ര എണ്ണം നിശ്ചിത സമയത്തിൽ പൂർത്തിയാക്കി എന്ന് ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല.

മിനിട്സ് ബുക്ക്, വരവ് ചെലവ് സംബന്ധിച്ച രേഖകൾ, അവ പാസ്സാക്കിയതിന്റെ വിശദാംശം എന്നിവ ഓഡിറ്റിന് വിധേയമാക്കേണ്ടതിലേക്ക് ബഹുമാനപ്പെട്ട ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിദ്യാർത്ഥിക്ഷേമവിഭാഗം തലവന് നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫയലുകൾ ഹാജരാക്കിയില്ല**

19. 500 രൂപയ്ക്ക് മുകളിൽ 20,000 വരെയുള്ള വാങ്ങലുകൾക്ക് മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകളും 20,000 രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് (ചെലവുകൾക്ക്) ടെന്ററും ക്ഷണിക്കണമെന്നിരിക്കെ ചെലവുകൾ സംബന്ധിച്ച് പാലിക്കേണ്ട വ്യവസ്ഥകൾ തൃപ്തികരമാണോയെന്ന് പരിശോധിക്കാൻ ഫയലുകൾ ഹാജരാക്കാത്തതിനാൽ സാധിച്ചിട്ടില്ല.

**നിഗമനങ്ങൾ/ശുപാർശകൾ**

**20. കാലിക്കട്ട് യൂണിവേഴ്സിറ്റി ആക്ട് (1975-ലെ 5-ാമത് നിയമം) അദ്ധ്യായം 7-ലെ സെക്ഷൻ 50 പ്രകാരം യൂണിവേഴ്സിറ്റിയുടെയും യൂണിവേഴ്സിറ്റിയുടെ അധീനതയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളുടെയും കണക്കുകൾ പരിശോധിക്കേണ്ടതും തീർപ്പുകൽപ്പിക്കേണ്ടതും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പാണ്. ഇതിനുവിരുദ്ധമായി വിദ്യാർത്ഥിക്ഷേമവിഭാഗം 1980-ൽ നിലവിൽ വന്നതു മുതൽ നാളിതുവരെ ചാർട്ടേഡ് അക്കൗണ്ടന്റിന്റെ വിനിയോഗ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് അവിടുത്തെ ചെലവുകൾ കോഴിക്കോട് സർവ്വകലാശാല ധനകാര്യ വിഭാഗം പാസ്സാക്കി അംഗീകാരം നൽകിവരുന്നതെന്ന് മനസ്സിലാക്കുന്നു. ട്രഷറി കോഡ് വാല്യം-1 ചട്ടം 162 (എ), 430 (എ), 434 (എ) എന്നിവ പ്രകാരം സബ് വൗച്ചറുകളില്ലാതെ മുൻകൂർ തീർപ്പു കൽപ്പിക്കുന്നതും ക്രമവിരുദ്ധമാണ്. ഓഡിറ്റ് തടസ്സപ്പെടുത്തിയിരിക്കുന്ന 28,27,000 രൂപയുടെ മുൻകൂറുകൾ ചാർട്ടേഡ് അക്കൗണ്ടന്റിന്റെ വിനിയോഗ സർട്ടിഫിക്കറ്റിന്റെ വിനിയോഗത്തിന്റെ അടിസ്ഥാനത്തിലാണ് വൈസ് ചാൻസലർ തീർപ്പുകൽപ്പിച്ചിരിക്കുന്നത്. ചട്ടവിരുദ്ധമായി ചാർട്ടേഡ് അക്കൗണ്ടന്റിനെ ഓഡിറ്റിനു ചുമതലപ്പെടുത്തുകവഴി 19,800 രൂപ ഓഡിറ്റ് ചാർജ് ഇനത്തിൽ ചെലവുവന്നു. നിയമപ്രകാരം ഓഡിറ്റ് ചെയ്യേണ്ട ഓഡിറ്റ് ഏജൻസിയായ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് വൗച്ചറുകളോ, സബ് വൗച്ചറുകളോ, ഫയലുകളോ, മിനിറ്റ്സ് ബുക്കുകളോ, മറ്റ് ബന്ധപ്പെട്ട രേഖകളോ നാളിതുവരെ ഹാജരാക്കിയിട്ടില്ല. ആയതിനാൽ നിയമം അനുശാസിക്കുംവിധം സർവ്വകലാശാലയുടെയും സർവ്വകലാശാലയുടെ അധീനതയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും കണക്കുകൾ അടിയന്തിരമായി എല്ലാ രേഖകളുമുൾപ്പെടെ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ഓഡിറ്റിനായി സമർപ്പിക്കണമെന്ന് കോഴിക്കോട് സർവ്വകലാശാല രജിസ്ട്രാറോടും, ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പിനോടും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ബയോടെക്നോളജി വിഭാഗം—പ്രോജക്ട് നിർവ്വഹണത്തിലെ പോരായ്മകളും മാന്ദ്യതയും**

വയനാട് ജില്ലയിലെ ആകെ ജനസംഖ്യയുടെ 35.82 ശതമാനം വരുന്ന പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ ജീവിതനിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെയുള്ള പ്രോജക്ട് നടപ്പിലാക്കുന്നതിന് ഇന്ത്യാ ഗവണ്മെന്റ് കോഴിക്കോട് സർവ്വകലാശാല ബയോടെക്നോളജി വിഭാഗത്തിന് 22.2 ലക്ഷം രൂപ അനുവദിച്ചു. മൂന്നുവർഷ കാലാവധിയുള്ള (3/2003) വരെ പ്രോജക്ടിന്റെ ഒന്നാം ഗഡുവായി 12.38 ലക്ഷം രൂപയും നൽകി.

ഗുണഭോക്താക്കൾക്ക് അവരുടെ കൃഷി കൂടുതൽ ഫലവത്താക്കാൻവേണ്ടി ടിഷ്യൂക്കൾച്ചർചെയ്ത വാഴ, ആന്തൂറിയം, ഓർക്കിഡ്, കുരുമുളക് എന്നിവയുടെ തൈകൾ നൽകുന്നതിനായി 25 ഗ്രാമങ്ങളെ തെരഞ്ഞെടുത്ത് ഓരോ ഗ്രാമത്തിലെയും 100 കുടുംബങ്ങൾക്ക് വിവിധ ഇനങ്ങളുടെ 100 തൈകൾ വീതം വിതരണം ചെയ്യാനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. ആയിരക്കണക്കിന് തൈകൾ വളർത്തിയെടുത്തതായി പറയുന്നുണ്ടെങ്കിലും വളരെക്കുറച്ചു മാത്രമേ ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുള്ളൂ. ശരിയായ രീതിയിലുള്ള തെരഞ്ഞെടുപ്പോ, പരിശീലനമോ കൂടാതെയാണ് ആകെ 165 പേർക്ക് തൈകൾ വിതരണം ചെയ്തത്. എല്ലായിനം തൈകളും ഉൽപ്പാദിപ്പിച്ചതായി രേഖയുണ്ടെങ്കിലും വാഴത്തൈകൾ മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്.

പ്രോജക്ടിന്റെ അവസാന ഘട്ടത്തിൽ 2003 മാർച്ച് മാസത്തോടെ വിവിധ ഇനങ്ങളിലെ 2.5 ലക്ഷം തൈകൾ 2500 കുടുംബങ്ങൾക്ക് വിതരണം ചെയ്യാനും അവർക്ക് ഇവ കൃഷി ചെയ്യുന്നതിനുവേണ്ട പരിശീലനം നൽകാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. എന്നാൽ ഓഡിറ്റ് തീയതി (27-6-2002) വരെ തൈകൾ ലഭിച്ച ഒരു കൃഷിക്കാരനും പരിശീലനം നൽകിയതായി രേഖകളില്ല. അതുപോലെ DBT-യിൽ കൊടുത്ത പ്രോഗ്രസ് റിപ്പോർട്ട് പ്രകാരം, മൂന്ന് ഡമോൺസ്ട്രേഷൻ പ്ലോട്ടുകൾ സജ്ജമാക്കി തൈകൾ നട്ടിട്ടുണ്ട് എന്നു പറയുന്നുണ്ടെങ്കിലും ഒരു പ്ലോട്ട് നിലവിൽ ഇല്ലാത്തതും മറ്റൊരെണ്ണം ഇതുമായി ബന്ധമില്ലാത്തതുമാണ്. മൂന്നാമതൊരു പ്ലോട്ടിൽ നിന്നും മോശമല്ലാത്ത വിളവ് ലഭിച്ചതായി പറയുന്നു. എന്നാൽ അതിന്റെ വിറ്റുവരവ്, നിബന്ധനപ്രകാരം കണക്കിൽപ്പെടുത്തി ഇന്ത്യാ ഗവണ്മെന്റിനെ അറിയിച്ചിട്ടില്ല.

അവശേഷിക്കുന്ന ചുരുങ്ങിയ സമയത്തിനുള്ളിൽ ഈ പ്രോജക്ട് ലക്ഷ്യപ്രാപ്തിയിൽ എത്തിക്കാൻ ഏതൊരു സാദ്ധ്യതയും കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ലാഘവബുദ്ധി, അനാസ്ഥ, സർക്കാർ പണം ചെലവഴിക്കുന്നതിലെ നിരുത്തരവാദിത്വം, സമൂഹത്തോടുള്ള പ്രതിബദ്ധതയില്ലായ്മ എന്നിവയാണ് ഈ പ്രോജക്ടിന്റെ ശോചനീയാവസ്ഥയ്ക്ക് കാരണങ്ങൾ.

പദ്ധതി നിർവ്വഹണത്തിലെ കെടുകാര്യസ്ഥതമൂലം ലക്ഷങ്ങൾ ചെലവഴിക്കുന്ന പദ്ധതികൾ ലക്ഷ്യം കൈവരിയ്ക്കാതെ, മുടക്കുന്ന തുക പാഴായിപ്പോകുന്ന സ്ഥിതി വിശേഷം സർക്കാരിന്റെ അടിയന്തിര ശ്രദ്ധയിൽ കൊണ്ടുവരുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-2003-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VII(iv)(3)(ii).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവണ്മെന്റ് നൽകിയ മറുപടി:

21. ഫണ്ടിങ് ഏജൻസിയായ ഡി.ബി.ടി. ഗവ. ഓഫ് ഇൻഡ്യയുടെ ശാസ്ത്രജ്ഞർ ഉൾപ്പെട്ട കമ്മിറ്റി ഈ കാര്യങ്ങൾ പരിശോധിക്കുകയും അവരുടെ 15-1-2002-ലെ നമ്പർ DBT/SPD/JF/SC/ST/2001 കത്തിലും 2003 ജനുവരിയിലെ DBT/SPD/JF/SC/ST/RD 2002-ലും പ്രവർത്തനങ്ങൾ നല്ലനിലയിൽ നടക്കുന്നു എന്ന് അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ഈ പ്രോജക്ട് പൂർത്തിയാവുകയും, പൂർത്തീകരിച്ച റിപ്പോർട്ട് ഡി.ബി.ടി. ഗവ. ഓഫ് ഇൻഡ്യയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. യൂണിവേഴ്സിറ്റിയും ഡി.ബി.ടി.യും പ്രോജക്ടിന്റെ അക്കൗണ്ടുകൾ സെറ്റിൽ ചെയ്തിട്ടുണ്ട്.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സമിതിയുടെ യോഗത്തിൽ സമർപ്പിച്ച അധിക വിവരം:

22. പ്രോജക്ടിന് സാമ്പത്തിക സഹായം നൽകിയ ഭാരത സർക്കാരിന്റെ ബയോടെക്നോളജി വകുപ്പുതന്നെ പ്രോജക്ടിന്റെ പ്രവർത്തനം തൃപ്തികരമാണെന്ന് സാക്ഷ്യപ്പെടുത്തിയത് പരിശോധിച്ച് ഓഡിറ്റ് പരാമർശം പിൻവലിച്ചിട്ടുണ്ട്. ബഹു. നിയമസഭാ സമിതിയുടെ മുൻപാകെയുള്ള പരാമർശം അംഗീകാരമില്ലാതെ പിൻവലിച്ചത് മാപ്പാക്കണമെന്ന് അപേക്ഷിക്കുന്നു.

**നിഗമനങ്ങൾ/ശുപാർശകൾ**

**23. ഫണ്ടിംഗ് ഏജൻസി തന്നെ പ്രോജക്ടിന്റെ ചെലവുവിവരങ്ങൾ അംഗീകരിക്കുകയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പ്രസ്തുത പരാമർശം ഒഴിവാക്കുകയും ചെയ്ത സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ബാധ്യത ഈടാക്കാതെ പെൻഷൻ ആനുകൂല്യം നൽകി**

സർവ്വകലാശാലയുടെ അനാസ്ഥയാൽ, വിരമിച്ച പ്രസ്സ് സൂപ്രണ്ടിന്റെ ബാധ്യത ഈടാക്കാതെ പെൻഷൻ ആനുകൂല്യങ്ങൾ നൽകി.

സർവ്വകലാശാല പ്രസ്സിലെ സൂപ്രണ്ട് ശ്രീ. ടി. രാജേന്ദ്രൻ 30-6-1995-ന് വിരമിക്കുമ്പോൾ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള ഇദ്ദേഹത്തിന്റെ ബാധ്യത നിർണ്ണയിച്ച് ഈടാക്കിയിരുന്നില്ല. അതിനാൽ പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞു വെച്ചാണ് പെൻഷൻ അനുവദിച്ചത്. സർവ്വീസ് നിയമം അനുശാസിക്കുന്ന സമയത്തിനുള്ളിൽ ബാധ്യത നിർണ്ണയിച്ച് ഈടാക്കുന്നതിൽ സർവ്വകലാശാലാ ജീവനക്കാർ ഗുരുതരമായ വീഴ്ച വരുത്തി.

സർവ്വകലാശാലയ്ക്ക് ബാധകമായ കെ.എസ്.ആർ. പാർട്ട്(3)-ലെ റൂൾ 116-ലെ റൂളിംഗ് 5 ജീവനക്കാർ വിരമിക്കുന്നതിന് മുമ്പ് ബാധ്യത കണക്കാക്കാൻ

കഴിഞ്ഞില്ലെങ്കിൽ വിരമിച്ച് ഒരു വർഷത്തിനുള്ളിൽ ബാധ്യത തിരിച്ച് പിടിക്കേണ്ടതും അല്ലാത്തപക്ഷം തടഞ്ഞുവെച്ച ഗ്രാറ്റുവിറ്റി നൽകാനും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്ക് എതിരെ അച്ചടക്കനടപടി എടുക്കാനും അനുശാസിക്കുന്നു. ഇതിന് വിരുദ്ധമായി 5-10-1996-ൽ മാത്രമാണ് സർവ്വകലാശാലാ ധനവിഭാഗം ബാധ്യത 408242.70 രൂപയായി നിർണ്ണയിച്ചത്.

അനിശ്ചിതമായി തടഞ്ഞുവെച്ചിരിക്കുന്ന പെൻഷൻ ആനുകൂല്യങ്ങൾ തിരികെ ലഭിക്കുന്നതിന് ശ്രീ. രാജേന്ദ്രൻ കേരള ഹൈക്കോടതിയിൽ നിന്ന് അനുകൂല വിധി നേടി. തടഞ്ഞുവെയ്ക്കപ്പെട്ട പെൻഷൻ ആനുകൂല്യങ്ങൾ 12% പലിശസഹിതം തിരിച്ച് നല്കാനായിരുന്നു വിധി. 18,400 രൂപ പലിശയും 4,08,242 രൂപ പെൻഷൻ ആനുകൂല്യവും ഉൾപ്പെടെ 4,26,643 രൂപ സർവ്വകലാശാല രാജേന്ദ്രന് നല്കി. ബാധ്യത തുക 4,08,242.70 രൂപ തിരിച്ചുപിടിക്കാൻ സിവിൽ കേസ് ഫയൽ ചെയ്യുവാനുള്ള വൈസ് ചാൻസലറുടെ ഉത്തരവ് നടപ്പാക്കിയില്ല.

ഉദ്യോഗസ്ഥരുടെ അനാസ്ഥയാൽ സർവ്വകലാശാലയ്ക്കുണ്ടായ നഷ്ടം 4,26,643 രൂപ ഉത്തരവാദികളിൽനിന്ന് ഈടാക്കണം.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-2004-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 8.4.1)

24. ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവണ്മെന്റ് നൽകിയ മറുപടി, പ്രസ്തുത വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയിലാണ് എന്നാണ്.

25. ബാധ്യത ഉള്ള ഒരാൾക്ക് പെൻഷൻ നൽകുകയും ബാധ്യത ഈടാക്കുന്നതിന് കാലതാമസം വരുത്തി ബാധ്യതയിൽനിന്നും ഒഴിവാക്കുന്നതിന്സാഹചര്യമൊരുക്കി ആനുകൂല്യങ്ങൾ നൽകുകയും ചെയ്ത ഉദ്യോഗസ്ഥൻ ആരാണെന്നുള്ള സമിതിയുടെ ചോദ്യത്തിന്, ബാധ്യത ഈടാക്കി സെറ്റിൽ ചെയ്യണമെന്ന നിയമം നിലവിലിരിക്കെ ഒരു വർഷത്തിന് ശേഷം ബാധ്യത സെറ്റിൽ ചെയ്ത് നടപടികൾ വൈകിച്ചത് സർവ്വകലാശാല ഫിനാൻസ് ഓഫീസറാണെന്ന് രജിസ്ട്രാർ അറിയിച്ചു. പ്രസ്തുത പരാമർശം 1993-ലേതാണെന്നും നാല് ലക്ഷത്തിൽ അധികം രൂപയുടെ പേപ്പർ വാങ്ങിയത്, നിർദ്ദേശിച്ച സ്പെസിഫിക്കേഷനിലുളളതല്ലായിരുന്നെന്നും ഫൈനാൻസിൽ നിന്നും ഇക്കാര്യത്തിൽ രണ്ടു പ്രാവശ്യം ഒബ്ജക്ഷൻ ഉണ്ടായപ്പോൾ ഒരു എൻക്വയറി കമ്മിറ്റി ഇതു സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് നൽകിയിരുന്നതായും എന്നാൽ ആ റിപ്പോർട്ട് ഇപ്പോൾ കാണ്മാനില്ലെന്നും രജിസ്ട്രാർ സമിതിയിൽ അറിയിച്ചു. പ്രസ്തുത അന്വേഷണ റിപ്പോർട്ട് സിൻഡിക്കേറ്റിലും സമർപ്പിക്കുകയുണ്ടായിട്ടില്ലെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

26. പരാമർശവിധേയനായ ഉദ്യോഗസ്ഥൻ ശ്രീ. ടി. രാജേന്ദ്രൻ റിട്ടയർ ചെയ്തപ്പോൾ ലയബിലിറ്റി ഫിക്സ് ചെയ്ത് ബാക്കി ആനുകൂല്യങ്ങളാണ് നൽകേണ്ടിയിരുന്നതെന്നും, അപ്രകാരം ലയബിലിറ്റി ഫിക്സ് ചെയ്യുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ അപ്രകാരം ചെയ്യുന്നതിൽ വീഴ്ച വരുത്തിയാൽ അദ്ദേഹത്തിനെതിരെ അച്ചടക്കനടപടി സ്വീകരിക്കണമെന്ന് നിയമമുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു. നഷ്ടത്തിനുത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടം തിട്ടപ്പെടുത്തി

ഈടാക്കുന്നതിന് കാലതാമസം വരുത്തുകയും പിന്നീട് ടിയാനെതിരെ സിവിൽ കേസ് ഫയൽ ചെയ്യുന്നതിന് ഉപദേശം ലഭിച്ചിട്ടും അപ്രകാരം ചെയ്യാൻ വീഴ്ച വരുത്തുകയും ചെയ്ത ഉദ്യോഗസ്ഥനിൽ നിന്നും സർവ്വകലാശാലയ്ക്കുണ്ടായ നഷ്ടം ഈടാക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു. മേൽപ്പറഞ്ഞ വീഴ്ചകൾക്കുത്തരവാദിയായ ഫിനാൻസ് ഓഫീസറുടെ പേരുസഹിതം ഇതു സംബന്ധിച്ച് കൈക്കൊണ്ട നടപടികളുടെ റിപ്പോർട്ട് സമിതിക്ക് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

27. സമിതി നിർദ്ദേശാനുസരണം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 24-2-2010-ലെ 8222/Spl.cell G1/2009 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർത്തിരിക്കുന്നു :

"സർവ്വകലാശാലയിൽ നിന്നും 24-7-2009-ലെ നമ്പർ എ.ഡി.എഫ്.2/4339/99 കത്ത് പ്രകാരം മുൻ ഫിനാൻസ് ഓഫീസർ ശ്രീ. എൻ. ശിവദാസന് കത്ത് നൽകിയതായി രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. തുടർ വിവരങ്ങൾ ഈ കാര്യാലയത്തെ അറിയിച്ചിട്ടില്ല."

28. സമിതിയുടെ നിർദ്ദേശാനുസരണം കോഴിക്കോട് സർവ്വകലാശാല സമിതിക്ക് നൽകിയ അധിക വിവരം:

നിയമസഭാ സമിതിയുടെ നിർദ്ദേശാനുസരണം ബാദ്ധ്യത ഈടാക്കാതെ പെൻഷൻ ആനുകൂല്യം നൽകിയ ഫിനാൻസ് ഓഫീസറുടെ പക്കൽനിന്നും റിക്കവറി നടപടികളിലൂടെ ഈടാക്കാനുള്ള സമിതിയുടെ ആവശ്യത്തിന്മേൽ ബന്ധപ്പെട്ട കക്ഷിക്ക് നോട്ടീസ് അയച്ചിട്ടുണ്ട്.

29. ഫിനാൻസ് ഓഫീസർ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുള്ളതിന്മേൽ നിയമസഭാ സെക്രട്ടറിക്ക് കോടതി നോട്ടീസ് ലഭിച്ചതിന്മേൽ മറുപടി നൽകിയിട്ടുണ്ട്.

**നിഗമനങ്ങൾ/ശുപാർശകൾ**

**30. ജീവനക്കാർ വിരമിക്കുന്നതിനുമുമ്പ് അവരുടെ പേരിലുള്ള ബാദ്ധ്യത തിട്ടപ്പെടുത്തുവാൻ സാധിക്കുന്നില്ലെങ്കിൽ വിരമിച്ച് ഒരു വർഷത്തിനുള്ളിൽ ബാദ്ധ്യത തിട്ടപ്പെടുത്തി തിരികെ പിടിക്കേണ്ടതും അല്ലാത്ത പക്ഷം തടഞ്ഞു വയ്ക്കപ്പെട്ട പെൻഷൻ ആനുകൂല്യങ്ങൾ തിരികെ നൽകുവാനും ബാദ്ധ്യത തിട്ടപ്പെടുത്തുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാനും സർവ്വകലാശാലയ്ക്ക് ബാധകമായ കെ.എസ്.ആർ. പാർട്ട് III റൂൾ 116-ലെ റൂളിംഗ്-5 അനുശാസിക്കുന്നു. 4,00,000-ൽ അധികം രൂപയുടെ പേപ്പർ വാങ്ങിയതിൽ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള പേപ്പർ വാങ്ങാതെ ക്രമക്കേടുകാട്ടിയ പ്രസ് സൂപ്രണ്ട് ശ്രീ. റ്റി. രാജേന്ദ്രന്റെ പേരിലുള്ള ബാദ്ധ്യത യഥാസമയം തിട്ടപ്പെടുത്താതെ ഡി.സി.ആർ.ജി തടഞ്ഞുവയ്ക്കുകയും മേൽ സൂചിപ്പിച്ചിരിക്കുന്ന റൂളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന കാലാവധിക്കുശേഷം തിട്ടപ്പെടുത്തുകയും പിന്നീട് റ്റി. രാജേന്ദ്രന് കേരള ഹൈക്കോടതിയിൽ നിന്നും അനുകൂല വിധി സമ്പാദിച്ച് 12% പലിശയുൾപ്പെടെ തടഞ്ഞുവയ്ക്കപ്പെട്ട മുഴുവൻ ആനുകൂല്യങ്ങളും വാങ്ങുന്നതിന് അവസരം ഒരുക്കുകയും ചെയ്തത്**

**സർവ്വകലാശാലയിലെ ഫിനാൻസ് ഓഫീസറാണെന്ന് സമിതി മനസ്സിലാക്കുന്നു. പേപ്പർ വാങ്ങൽ സംബന്ധിച്ച് ഒരു എൻക്വയറി കമ്മിറ്റി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നുവെങ്കിലും അന്വേഷണ റിപ്പോർട്ട് സിൻഡിക്കേറ്റിൽ സമർപ്പിക്കുകയുണ്ടായിട്ടില്ലെന്നും ഇപ്പോൾ ആ റിപ്പോർട്ട് കാൺമാനില്ലെന്നുള്ള വസ്തുത ശ്രീ. റ്റി. രാജേന്ദ്രനെ ബാദ്ധ്യതയിൽ നിന്ന് രക്ഷിക്കുന്നതിന് മനഃപൂർവ്വമായ ശ്രമം നടന്നിട്ടുള്ളതായി സംശയം ജനിപ്പിക്കുന്നു. ബാദ്ധ്യതാ തുക ഈടാക്കുന്നതിന് സിവിൽ കേസ് ഫയൽ ചെയ്യുന്നതിനുള്ള വൈസ് ചാൻസലറുടെ ഉത്തരവും പാലിക്കപ്പെട്ടതായി കാണുന്നില്ല. ആയതിനാൽ സർവ്വകലാശാലയുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും സർവ്വകലാശാലയ്ക്ക് നഷ്ടമായ 4,26,643 രൂപ ഈടാക്കണമെന്നും വിവരം സമിതിക്ക് റിപ്പോർട്ടു ചെയ്യണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ടി ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കുവാനുള്ള സർവ്വകലാശാലയുടെ നടപടിക്കെതിരെ ടിയാൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ [W.P.(c) No.7150 ഓഫ് 2012] ഫയൽ ചെയ്തതായി സമിതി മനസ്സിലാക്കുന്നു. ഓഡിറ്റിലെ പരാമർശ വിഷയത്തിന്മേലുള്ള നടപടി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയ്ക്കെത്തിയ സാഹചര്യത്തിൽ കേസ് എത്രയുംവേഗം തീർപ്പാക്കാനുള്ള നടപടി സ്വീകരിക്കുവാനും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അന്തിമവിധിക്കനുസൃതമായി ഉചിതമായ തീരുമാനം കൈക്കൊള്ളുവാനും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പി. എഫ്. അടയ്ക്കാൻ വൈകി : 43,344,97 രൂപ പലിശ നഷ്ടം**

ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കുന്ന പ്രോവിഡന്റ് ഫണ്ട് വിഹിതം ട്രഷറിയിൽ സമയത്ത് അടയ്ക്കാതെ പലിശയിനത്തിൽ 43,344,97 രൂപ കോഴിക്കോട് സർവ്വകലാശാല നഷ്ടം വരുത്തി.

പി.എഫ്. വരി, പി.എഫ്. വായ്പ തിരിച്ചടവ്, ക്ഷാമബത്ത കുടിശ്ശിക എന്നിവയാണ് അടയ്ക്കാൻ വൈകിയത്. ട്രഷറിയിൽ അടയ്ക്കുന്ന തീയതി മുതലാണ് ഇവയ്ക്ക് പ്രോവിഡന്റ് ഫണ്ട് പലിശ ലഭിക്കുന്നത്. അതിനാൽ അടയ്ക്കാൻ വൈകിയ കാലത്തെ പലിശ സർവ്വകലാശാലയുടെ ബാധ്യതയാകും.

4/2002 മുതൽ 3/2003 വരെയുള്ള കാലത്ത് ഈടാക്കിയ തുകകളാണ് മാസങ്ങൾ വൈകി ട്രഷറിയിൽ അടച്ചത്. ഈ കാലത്ത് പി. എഫ്. നിക്ഷേപങ്ങൾക്ക് 9 ശതമാനം പലിശ നിലവിലുണ്ടായിരുന്നു. ഈ നിരക്കിൽ കണക്കാക്കിയ തുകയാണ് 43,344,97 രൂപ. തുക സർവ്വകലാശാലയുടെ നഷ്ടമായി ഓഡിറ്റിൽ കണക്കാക്കുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 8.4.2.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി:

31. 2001-02 കാലഘട്ടത്തിൽ പി. എഫ്. അടയ്ക്കാൻ വൈകിയത് സാമ്പത്തിക പരാധീനതകൾമൂലമാണ്. അതിനുശേഷം ഫെബ്രുവരി 2006 വരെയുള്ള

പി. എഫ്. കോൺട്രിബ്യൂഷൻ വൈകി അടച്ചതിലേക്കായി 8 കോടി രൂപ ട്രഷറിയിൽ ഒന്നിച്ചടച്ചിട്ടുണ്ട്. ഈ കാര്യങ്ങൾ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറലിനെ (ഓഡിറ്റ്) 25-7-2006-ന് അറിയിക്കുകയും (No. Fin. Audit. 1/2815/1R/2003-04) ഇതിന്റെ അടിസ്ഥാനത്തിൽ Lr. No. Spl.cell (HQ)/111/1/82277/176 dated 5-9-2008 പ്രകാരം ഈ വിഷയം ഡ്രോപ് ചെയ്തിട്ടുണ്ട്.

**നിഗമനങ്ങൾ/ശുപാർശകൾ**

32. **2001-2002 കാലഘട്ടത്തിൽ പി.എഫ്. വിഹിതം അടയ്ക്കാൻ വൈകിയത് സാമ്പത്തിക പരാധീനതകൾമൂലമാണെന്നും അതിനുശേഷം 2006 ഫെബ്രുവരി വരെയുള്ള കോൺട്രിബ്യൂഷൻ ഒരുമിച്ച് അടച്ചിട്ടുള്ളത് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)-നെ അറിയിച്ചതിനെ തുടർന്ന് ടി വിഷയം ഒഴിവാക്കപ്പെട്ടിട്ടുണ്ടെന്നും സർക്കാർ മറുപടിയിൽ നിന്നും വ്യക്തമാകുന്നു. സർക്കാർ നൽകിയ പ്രസ്തുത മറുപടി തൃപ്തികരമായതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വീട് വാടക ബത്ത, ഉയർന്ന നിരക്ക് അനുവദിച്ചു**

സർക്കാർ ഉത്തരവിന് വിരുദ്ധമായി കോഴിക്കോട് സർവ്വകലാശാല ജീവനക്കാർക്ക് കൂടിയ നിരക്കിൽ വീട് വാടക ബത്ത അനുവദിച്ചതായി കാണുന്നു.

കോഴിക്കോട് സർവ്വകലാശാല ആസ്ഥാനം തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. ധനവകുപ്പിന്റെ 25-11-1998-ലെ 3000/98 ഉത്തരവ് പ്രകാരം തരം തിരിക്കാത്ത സ്ഥലങ്ങളിൽ അനുവദിക്കപ്പെട്ട വീട് വാടക ബത്തയ്ക്ക് മാത്രമാണ് ഇവിടെ അർഹത. ഉത്തരവിന് വിരുദ്ധമായി ഉയർന്ന നിരക്കിലാണ് വീട് വാടക ബത്ത അനുവദിക്കപ്പെട്ടത്. 2002-03-ലെ വൗച്ചറുകൾ പ്രകാരം ഈ ഇനത്തിൽ 62,46,000 രൂപ അധികം നൽകിയതായി കാണുന്നു.

അധികം നൽകിയ വീട് വാടക ബത്ത ജീവനക്കാരിൽ നിന്നും തിരിച്ച് ഈടാക്കണം.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 8.4.3.)

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി:

33. "സിൻഡിക്കേറ്റിന്റെ വ്യക്തമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉയർന്ന നിരക്കിൽ എച്ച്.ആർ.എ. അനുവദിച്ചതിനാൽ ഈയിനത്തിൽ അധികം തുക നൽകിയിട്ടില്ല".

34. പരാമർശ വിഷയം യൂണിവേഴ്സിറ്റി സ്ഥാപിച്ച കാലത്തുള്ളതാണെന്നും അത് തുടരുകയായിരുന്നുവെന്നും കഴിഞ്ഞ ശമ്പളക്കമ്മീഷൻ റിപ്പോർട്ട് വന്നശേഷം അങ്ങനെ കൊടുക്കാൻ പാടില്ല എന്ന് ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും ഈ നടപടി തുടർന്നുകൊണ്ടിരിക്കുകയാണെന്നും രജിസ്ട്രാർ അറിയിച്ചു.

35. ഏതു സർവ്വകലാശാലയായാലും ഉയർന്ന വീട്ടുവാടക ബത്ത കൊടുക്കുന്നത് തുടരാൻ പാടില്ലായെന്നും അങ്ങനെ അനധികൃതമായി നൽകുന്ന പണം ബന്ധപ്പെട്ട രജിസ്ട്രാറുടെ കയ്യിൽ നിന്നും ഈടാക്കേണ്ടതാണെന്നും പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ടെന്നും ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ടെന്നും എന്നാൽ സർവ്വകലാശാലകൾ ആ സ്ഥിതി ഇപ്പോഴും തുടരുന്നതിനാൽ ബന്ധപ്പെട്ട രജിസ്ട്രാർമാർക്ക് പേഴ്സണൽ ലയബിലിറ്റി ചുമത്തേണ്ടിവരുമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. കുരുവിള ജോൺ സമിതിയെ അറിയിച്ചു.

36. സർവ്വകലാശാലാ ആസ്ഥാനം തേഞ്ഞിപ്പാലത്തേക്ക് കൊണ്ടുവന്ന കാലയളവിലാണ് പ്രസ്തുത ഓഡിറ്റ് പരാമർശം ഉണ്ടായിരിക്കുന്നതെന്നും പക്ഷേ ഈ ആനുകൂല്യം നിർത്തലാക്കിക്കൊണ്ടുള്ള ഉത്തരവ് വരുന്നത് കഴിഞ്ഞ ശമ്പള കമ്മീഷനിലാണെന്നും രജിസ്ട്രാർ അറിയിച്ചു. യൂണിവേഴ്സിറ്റിയുടെ അനധികൃതവും നിയമവിരുദ്ധമായ ചെലവുകൾ സാധൂകരിച്ചുകൊണ്ട് ഫൈനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റിയും സിൻഡിക്കേറ്റും തീരുമാനം എടുക്കുന്നത് നിർഭാഗ്യകരമാണെന്ന് സമിതി കുറ്റപ്പെടുത്തി.

37. വീട്ടുവാടക അനുവദിക്കുന്നത് സംബന്ധിച്ച് 25-11-1998-ലെ ജി. ഒ. (പി) നമ്പർ 3000/98/ഫിൻ. എന്ന ഗവൺമെന്റ് ഉത്തരവിനുശേഷം ഉയർന്ന നിരക്കിൽ അനുവദിച്ച എച്ച്.ആർ.എ. തിരികെ പിടിക്കണമെന്നും അല്ലാത്തപക്ഷം അധികമായി നൽകിയ എച്ച്.ആർ.എ. ബന്ധപ്പെട്ട രജിസ്ട്രാറുടെ പേഴ്സണൽ ലയബിലിറ്റിയായി പരിഗണിച്ച് നഷ്ടം ഈടാക്കി മൂന്ന് മാസത്തിനുള്ളിൽ സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

സമിതിയുടെ നിർദ്ദേശാനുസരണം ഗവൺമെന്റ് നൽകിയ അധിക വിവരം:

38. "നിയമസഭാ കമ്മിറ്റിയുടെ നിർദ്ദേശാനുസരണം ഈ വിഷയത്തിൽ ഉചിതമായ തീരുമാനങ്ങളെടുക്കാൻ വേണ്ടി 18-7-2009-ന് ചേർന്ന സിൻഡിക്കേറ്റ് (ഐറ്റം നമ്പർ 2009-395) കൂടുതൽ പഠിക്കുന്നതിനായി മാറ്റിവെച്ചിട്ടുണ്ട്".

**നിഗമനങ്ങൾ/ശുപാർശകൾ**

39. **സർവ്വകലാശാലകൾ അനർഹമായ നിരക്കിൽ വീട്ടുവാടക ബത്ത നൽകുന്നത് തുടരുവാൻ പാടില്ലെന്നും ആയത് ആവർത്തിക്കുന്നപക്ഷം അനധികൃതമായി നൽകുന്ന പണം രജിസ്ട്രാറുടെ പക്കൽനിന്നും ഈടാക്കേണ്ടതാണെന്നുമുള്ള പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും കോഴിക്കോട് സർവ്വകലാശാല ഉൾപ്പെടെയുള്ള എല്ലാ സർവ്വകലാശാലകളും പ്രസ്തുത പ്രവണത തുടരുന്നതായി സമിതി മനസിലാക്കുന്നു. ധനകാര്യ വകുപ്പിന്റെ 25-11-1998-ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള ശമ്പളപരിഷ്കരണം കോഴിക്കോട് സർവ്വകലാശാലയിൽ നടപ്പിലാക്കിയപ്പോൾ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി വീട്ടുവാടക ബത്ത ഇനത്തിൽ ജീവനക്കാർക്ക് 62,46,000 രൂപ അധികം നൽകിയതായി സമിതിക്ക് ബോദ്ധ്യമായി. ഇപ്രകാരം ഉയർന്ന**

**നിരക്കിൽ വീട്ടുവാടക ബത്ത നൽകിയത് അനധികൃതവും ഗവൺമെന്റ് ഉത്തരവിന്റെ ലംഘനവുമാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ അനർഹമായി നൽകിയ വീട്ടുവാടക ബത്ത ബന്ധപ്പെട്ട ജീവനക്കാരുടെ പക്കൽ നിന്നും ഈടാക്കണമെന്നും അല്ലാത്തപക്ഷം അധികമായി നൽകിയ തുക ആയത് നൽകിയതിന് ഉത്തരവാദിയായ രജിസ്ട്രാറുടെ ബാദ്ധ്യതയായി പരിഗണിച്ച് അദ്ദേഹത്തിൽ നിന്ന് ഈടാക്കി റിപ്പോർട്ടു നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഹോസ്റ്റൽ പണി : അധിക ചെലവ് 39,706 രൂപ**

എസ്റ്റിമേറ്റ് നിരക്കിൽ വാല്യൂവേഷൻ നടത്താഞ്ഞതിനാൽ കോഴിക്കോട് സർവ്വകലാശാലയുടെ ലേഡീസ് ഹോസ്റ്റൽ നിർമ്മാണത്തിൽ 39,706 രൂപയുടെ അധിക ചെലവ്, ഹോസ്റ്റലിന്റെ ഒന്നാം നില 20 എം.എം. മെറ്റൽ 1:2:4 അനുപാതത്തിൽ പ്രബലപ്പെടുത്താൻ സർവ്വകലാശാല എഞ്ചിനീയറിംഗ് വിഭാഗം അംഗീകരിച്ചത് 10 ഡി.എം.$^3$ 38.55 രൂപ നിരക്കാണ്. എന്നാൽ വാല്യൂവേഷൻ നടത്തി പാർട്ട് ബില്ല് തയ്യാറാക്കിയത് 10 ഡി.എം.$^3$-ന് 47.50 രൂപ നിരക്കിലാണ്. ഈ നിരക്കിൽ 43.394 എം$^3$-ന് കരാറുകാരന് 2,06,122 രൂപ നൽകിയതായി കാണുന്നു. എസ്റ്റിമേറ്റ് നിരക്കിൽ അർഹമായത് 1,66,416 രൂപ മാത്രമാണ്. അധികം നൽകിയ 39,706 (206122-166416) രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കണം.

**(**ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 8.4.4.**)**

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി:

40. "ഓഡിറ്റിൽ എത്തിച്ചേർന്ന ഡാറ്റ ശരിയല്ലാത്തതിനാൽ അധിക ചെലവ് ഉണ്ടായിട്ടില്ല".

**ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനാ റിപ്പോർട്ട്:**

41. "സിൻഡിക്കേറ്റിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റിൽ ഡാറ്റ എത്തിച്ചേർന്നത് പുനഃപരിശോധനയ്ക്ക് വിധേയമാക്കിയതിൽ മറുപടി ശരിയാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്".

**നിഗമനങ്ങൾ/ശുപാർശകൾ**

42. **ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തടിവില 91,860 രൂപ : വെട്ട് കൂലി 3.17 ലക്ഷം**

3,17,000 രൂപ വെട്ട് കൂലി നൽകി മുറിച്ചുമാറ്റിയ മരങ്ങൾക്ക് വില കണക്കാക്കിയത് 91,860 രൂപ. കോഴിക്കോട് സർവ്വകലാശാലയിലാണ് ഈ ധൂർത്ത്.

രാഷ്ട്രപതിയുടെ സന്ദർശനത്തിന് ഹെലിപ്പാട് നിർമ്മിക്കാനായി കുറേ സ്ഥലത്തുള്ള മരങ്ങളും ശാഖകളും മുറിക്കാനാണ് സുരക്ഷാ ഉദ്യോഗസ്ഥർ നിർദ്ദേശിച്ചത്. എന്നാൽ സർവ്വകലാശാല 652 മരങ്ങൾ മുറിച്ച് മാറ്റി. വെട്ടുകൂലിയായി 3,17,000 രൂപ കരാറുകാരന് നൽകി.

നിലവിലുള്ള നിയമങ്ങൾ കാറ്റിൽ പറത്തിയാണ് ലക്ഷങ്ങൾ കൂലി നൽകിയത്. മരംവെട്ടിന് കരട് എസ്റ്റിമേറ്റ് തയ്യാറാക്കിയില്ല. ക്വട്ടേഷൻ ക്ഷണിച്ചതിന് രേഖയില്ല. ക്വട്ടേഷൻ നോട്ടീസ് ഹാജരാക്കിയില്ല. ക്വട്ടേഷൻ എന്ന് ലഭിച്ചു എന്ന് വ്യക്തമല്ല. മരം വെട്ടിയശേഷമാണ് പണിനടത്തിയ ആൾ ക്വട്ടേഷൻ നൽകിയതെന്ന് കാണുന്നു.

1999-ലെ ഷെഡ്യൂൾ നിരക്കിന്റേയും സ്റ്റാന്റേർഡ് ഡേറ്റാ ബുക്കിന്റേയും അടിസ്ഥാനത്തിൽ ഫയലിൽ ലഭ്യമായ വിവരങ്ങൾ പരിശോധിച്ചപ്പോൾ മരങ്ങൾ വെട്ടിയതിന് നൽകാവുന്ന കൂടിയ കൂലി 55,361 രൂപയാണ്. ഇതിന്റെ ആറ് ഇരട്ടിയോളം തുക ഈ പ്രവർത്തിക്ക് ചെലവു ചെയ്തിട്ടുണ്ട്. നിശ്ചിത സമയത്തിനുള്ളിൽ മരങ്ങൾ മുറിച്ച് മാറ്റണമെന്ന വ്യവസ്ഥയോടെ ലേലം ചെയ്തിരുന്നെങ്കിൽ ധൂർത്ത് ഒഴിവാക്കാമായിരുന്നു.

സർവ്വകലാശാല അധികൃതരുടെ നിരുത്തരവാദപരമായ നടപടിയിലൂടെ സർവ്വകലാശാല ഫണ്ടിനുണ്ടായ നഷ്ടം തിട്ടപ്പെടുത്തി ഈടാക്കേണ്ടതാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 5.4.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി :

43. കോഴിക്കോട് സർവ്വകലാശാല സംഘടിപ്പിച്ച ബിരുദദാന ചടങ്ങിൽ പങ്കെടുക്കാനാണ് ബഹു. ഇന്ത്യൻ പ്രസിഡന്റ് എത്തിയത്. മുഖ്യാതിഥിയുടെ വരവ് പ്രമാണിച്ച് ആവശ്യമായ ഹെലിപ്പാട്, പ്രധാന പന്തൽ, സെനറ്റ് ഹൗസ്, വിശ്രമമുറി, വസ്ത്രധാരണമുറി മുതലായവ നിർമ്മിക്കുവാൻ തെരഞ്ഞെടുത്തത് സർവ്വകലാശാല സ്റ്റേഡിയമാണ്. 10 ഏക്കർ വിസ്തീർണ്ണമുള്ള ഈ സ്റ്റേഡിയം, മുൻപ് നെൽപ്പാടമായിരുന്നു. ചുറ്റും കുന്നുകളാൽ നിറഞ്ഞുനിൽക്കുന്ന ഈ സ്ഥലം വേണ്ട ഡ്രെയിനേജ് സംവിധാനങ്ങൾ ചെയ്തു സ്റ്റേഡിയമായി മാറ്റിയെടുത്തതാണ്. ചുറ്റുപാടുമുള്ള സ്ഥലം മുഴുവൻ വർഷങ്ങളായി കുറ്റിക്കാടുകളാലും മരങ്ങളാലും നിറഞ്ഞുനിന്നിരുന്നു. മേൽപ്പറഞ്ഞ സംവിധാനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുവാൻ വൈസ് ചാൻസലർ, സിൻഡിക്കേറ്റ് അംഗങ്ങൾ, മറ്റ് ഉയർന്ന റവന്യൂ, പോലീസ്, പി.ഡബ്ല്യു.ഡി., കെ.ഡബ്ല്യു.എ., കെ.എസ്.ഇ.ബി. മുതലായവയിലെ ഉദ്യോഗസ്ഥന്മാരുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ പണികൾ നടന്നുകൊണ്ടിരുന്നു. പരിപാടികൾ നടക്കുന്നതിന് തൊട്ടുമുമ്പുള്ള ദിവസങ്ങളിൽ ഡൽഹിയിൽ നിന്നുള്ള പൈലറ്റുമാരും സ്പെഷ്യൽ സെക്യൂരിറ്റി ഓഫീസർമാരും സ്ഥലം പരിശോധന നടത്തുകയും, സ്റ്റേഡിയത്തിനു ചുറ്റുഭാഗങ്ങളിൽ നിന്നും കുറ്റിച്ചെടികൾ പൂർണ്ണമായും, ഹെലികോപ്റ്റർ സഞ്ചാരമാർഗ്ഗത്തിലുള്ള മുഴുവൻ മരങ്ങളും വെട്ടിനീക്കണമെന്ന് നിർദ്ദേശിച്ചു. കാഴ്ച എത്തുന്ന ദൂരത്തുള്ള

കുറ്റിച്ചെടികൾ വെട്ടിമാറ്റുന്നത് അവിടെ ആരെങ്കിലും ഒളിച്ചിരിക്കുന്നില്ല എന്നു ഉറപ്പ് വരുത്തുവാനും, മരങ്ങൾ മുറിക്കുന്നത് സ്റ്റേഡിയം ഗ്രൗണ്ട് കുന്നുകളാലും, അതിന് മുകളിൽ മരങ്ങളാലും ചുറ്റപ്പെട്ടതുകൊണ്ട് ഹെലികോപ്റ്ററിന് ഇളക്കം കൂടാതെ ഇറങ്ങുവാനും വേണ്ടിയാണ്. പ്രസിഡന്റ് സഞ്ചരിക്കുന്ന ഹെലിക്കോപ്റ്റർ ആയതിനാൽ മുകളിൽനിന്നു താഴേക്ക് കുത്തനെയുള്ള ഇറക്കം ശ്വാസതടസ്സത്തിനു കാരണമാകും ആയതിനാൽ വളരെ സാവകാശം ചെരിഞ്ഞ പാതയിലൂടെ ഇറങ്ങുവാൻ പറ്റുന്ന രീതിയിൽ പാതയിലുള്ള മരങ്ങൾ മുഴുവനും വെട്ടിമാറ്റണമെന്നും നിർദ്ദേശിച്ചു. സ്ഥലത്തുണ്ടായിരുന്ന സർവ്വകലാശാലയുടെയും സർക്കാരിന്റെയും ഉന്നത ഉദ്യോഗസ്ഥൻ പ്രസ്തുത നിർദ്ദേശത്തിന്റെ ഗൗരവം കണക്കിലെടുത്ത് യുദ്ധകാലാടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ ജോലികൾ സുരക്ഷാ ഉദ്യോഗസ്ഥർക്കും പൈലറ്റുമാർക്കും തൃപ്തികരമായ രീതിയിൽ ചെയ്ത് സമയത്തിനുള്ളിൽ തീർക്കുവാൻ നിർദ്ദേശിക്കുകയും അതിൻപ്രകാരം പകലും രാത്രിയുമായി യന്ത്രവാൾ, ജെ.സി.ബി., ലോറികൾ, പ്രോക്ലയിൻ, ബോബ് ക്യാറ്റ്, ജനറേറ്റേഴ്സ് മുതലായവയുടെ സഹായത്തോടുകൂടി നിശ്ചിതസമയത്തിനുള്ളിൽ പണികൾ പൂർത്തിയാക്കി.

രാത്രിയും പകലുമായി കുറ്റിക്കാടുകളും മരത്തിന്റെ ചില്ലക്കൊമ്പുകളും വെട്ടി വളരെ ദൂരേക്ക് മാറ്റുന്നതിനും, മരങ്ങൾ വെട്ടി ദൂരേക്ക് മാറ്റാൻ പറ്റുന്ന രീതിയിൽ കഷണങ്ങളാക്കുന്നതിനും, വെട്ടിമാറ്റിയ മരങ്ങൾ സുരക്ഷിതമായി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പരിസരത്ത് അട്ടിയിടുന്നതിനും, ഇതിലേക്കാവശ്യമായ മുഴുവൻ യന്ത്രങ്ങളുടെയും വാടക, കൂലി എല്ലാം കൂടി ചെലവായതാണ് 3.17 ലക്ഷം രൂപ. എന്നാൽ സ്റ്റോക്ക് ചെയ്ത മരങ്ങളുടെ മാത്രം വിലയാണ് 91,860 രൂപ. യുദ്ധകാലാടിസ്ഥാനത്തിൽ രാത്രിയും പകലുമായി പെട്ടെന്നു മേൽപ്പറഞ്ഞ പണികൾ മുഴുവൻ പൂർത്തിയാക്കിയതിനാണ് 3.17 ലക്ഷം രൂപ ചെലവായത്. അല്ലാതെ 91,860 രൂപ വിലവരുന്ന മരങ്ങൾ മുറിച്ചതിന്റെ മാത്രം കൂലിയല്ല. മരത്തിന്റെ വിലയും മേൽ പറഞ്ഞ മുഴുവൻ പ്രവൃത്തികൾക്കും ചെലവായ തുകയും തുലനം ചെയ്യുന്നത് ശരിയല്ല. പിന്നീട് മരം മുറിച്ചതിനെപ്പറ്റിയും മറ്റു ചില ആക്ഷേപങ്ങൾ വരികയും ഫോറസ്റ്റ് വിജിലൻസ് അത് അന്വേഷിക്കുകയും, അവർക്ക് ആവശ്യമായ രേഖകൾ യഥാസമയം സമർപ്പിച്ചിട്ടുമുണ്ട്. ഫോറസ്റ്റ് വിജിലൻസിന്റെ കണ്ടെത്തൽ, ആവശ്യമായ സമ്മതങ്ങളില്ലാതെ മരങ്ങൾ മുറിച്ചെന്നും, മുറിച്ച മരങ്ങൾ സോഷ്യൽ ഫോറസ്റ്ററി നട്ടുപിടിപ്പിച്ചതുമാണെന്നും ആയതിനാൽ 10,000 രൂപ ഫോറസ്റ്ററിയിൽ യൂണിവേഴ്സിറ്റി ചെലാൻ ആയി അടയ്ക്കണമെന്നുമാണ്.

44. ഇന്ത്യൻ പ്രസിഡണ്ടിന്റെ വരവ് പ്രമാണിച്ച് ക്രമീകരണങ്ങൾക്കുള്ള സമയം വളരെ കുറവായിരുന്നതിനാൽ ഫോറസ്റ്റ് വകുപ്പിൽ നിന്നും അനുവാദം വാങ്ങി മരങ്ങൾ മുറിക്കുക സാധ്യമായിരുന്നില്ല.

45. സോഷ്യൽ ഫോറസ്റ്ററി ക്യാമ്പസിൽ അക്വാഷ്യമരങ്ങൾ വച്ചിരുന്നു. അവ മുഴുവൻ വളർച്ച പൂർത്തിയാക്കിയതനുസരിച്ച് വളരെ നേരത്തെതന്നെ ലേലം ചെയ്യുകയും അതിന്റ ഒരു പങ്ക് ഫോറസ്റ്ററിയിൽ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. അന്നുണ്ടായിരുന്ന അക്വാഷ്യമരങ്ങളുടെ വിത്തുകൾ വീണ് ഇപ്പോൾ കാമ്പസിൽ ധാരാളം അക്വാഷ്യമരങ്ങളുണ്ട്. അവയൊക്കെ താനെ വളർന്നിട്ടുള്ളതാണ്.

46. കോഴിക്കോട് സർവ്വകലാശാലയുടെ ഏറ്റവും അഭിമാനകരമായ ഒരു സംഭവമായിരുന്നു ഇന്ത്യൻ പ്രസിഡണ്ടിന്റെ സന്ദർശനം, അതിനുവേണ്ട എല്ലാ ഒരുക്കങ്ങളും പ്രവൃത്തികളും വളരെ കാര്യക്ഷമതയോടെ സമയബന്ധിതമായി നിർവ്വഹിക്കാൻ സർവ്വകലാശാല ശ്രമിച്ചു. പരിപാടികൾ വളരെ വിജയകരമായിരുന്നു. ആത്മാർത്ഥമായ പ്രവർത്തനങ്ങൾക്കിടയിൽ സമയദൗർലഭ്യംമൂലമാണ് സോഷ്യോ ഫോറസ്റ്ററിയുടെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങാൻ സാധിക്കാതിരുന്നത്. മരത്തിന്റെ വില മാത്രമാണ് 91,860 രൂപ. സമയപരിധിക്കുള്ളിൽ മരം മുറിച്ചു നീക്കാനും സ്റ്റേഡിയത്തിനുചുറ്റുമുളള കുറ്റിച്ചെടികൾ മുഴുവൻ നീക്കാനും മൊത്തമായി ചെലവായ 3.17 ലക്ഷം രൂപ ഒട്ടും കൂടുതലല്ല.

47. ഓഡിറ്റ് പരാമർശ വിഷയത്തിന്മേൽ വിജിലൻസ് അന്വേഷണം നടന്നു കൊണ്ടിരിക്കുകയാണെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. വിജിലൻസ് അന്വേഷണത്തിന്റെ നിഗമനം എന്തു തന്നെയായാലും സാമ്പത്തിക അച്ചടക്കലംഘനത്തിന് നടപടി സ്വീകരിക്കേണ്ട താണെന്ന് സമിതി അഭിപ്രായപ്പെട്ടു.

48. പ്രസിഡന്റിന്റെ സന്ദർശനവുമായി ബന്ധപ്പെട്ട് എയർപോർട്ട് അതോറിറ്റിയുടെ നിർദ്ദേശപ്രകാരം സെക്യൂരിറ്റി മിഷന്റെ ഭാഗമായി ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് നട്ടുവളർത്തിയ അക്കേഷ്യാ പ്ലാന്റ് വെട്ടിമാറ്റിയതും അതോടനു ബന്ധിച്ചുളള ക്ലീനിംഗും റോഡ് ശരിയാക്കലും എല്ലാം ചേർത്തുള്ള തുകയാണ് പരാമർശവിഷയമായി വന്നിരിക്കുന്നതെന്ന് സർവ്വകലാശാല രജിസ്ട്രാർ വിശദീകരിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

49. **വിജിലൻസ് അന്വേഷണം ത്വരിതപ്പെടുത്തി ഫൈനൽ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കാൻ വിജിലൻസ് ഡയറക്ടറോട് ആവശ്യപ്പെടാൻ സമിതി ഗവൺമെന്റിനോട് ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ബസ് ബോഡി നിർമ്മാണം : 92,760 രൂപയുടെ അനാവശ്യ ചെലവ്**

സർവ്വകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ടെക്നോളജിക്ക് വാങ്ങിയ ബസിന്റെ ബോഡി നിർമ്മാണത്തിൽ 92,760 രൂപയുടെ അനാവശ്യ ചെലവ്.

**ഓഡിറ്റിൽ കണ്ട വിവരങ്ങൾ**

ബോഡി നിർമ്മിക്കുന്നതിന് സംസ്ഥാനത്തിന് അകത്തുനിന്നും പുറത്തു നിന്നുമായി ഓരോ ക്വട്ടേഷൻ ലഭിച്ചിരുന്നു. എസ്.എസ്.ഐ. യൂണിറ്റിന്റേതായിരുന്നു സംസ്ഥാനത്തിനകത്തുനിന്നും ലഭിച്ചത്. പുറത്തുനിന്നും ലഭിച്ച സ്വകാര്യ കമ്പനി യുടെ ക്വട്ടേഷൻ ഇവരുടേതിനേക്കാൾ 25,000 രൂപ അധികം ക്വോട്ട് ചെയ്തിരുന്നു. എന്നാൽ സർവ്വകലാശാല പുറത്തുനിന്നുള്ള സ്വകാര്യ കമ്പനിയുടെ ക്വട്ടേഷനാണ് അംഗീകരിച്ചത്. സർവ്വകലാശാലയുടെ നടപടി സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 18(ബി)-യുടെ ലംഘനമാണ്. ഇതിനാൽ 25,000 രൂപയുടെ അധികം ചെലവുണ്ടായി. മാത്രമല്ല സംസ്ഥാനത്തിന് പുറത്ത് ബോഡി നിർമ്മിച്ചതിനാൽ പ്രവേശന നികുതി 44,760 രൂപ നൽകേണ്ടിയും വന്നു.

ബോഡി നിർമ്മാണത്തിനിടെ സർവ്വകലാശാല ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയർ സ്വന്തം ഇഷ്ടപ്രകാരം ചില മാറ്റങ്ങൾ നിർദ്ദേശിച്ചു. ഇത് നടപ്പാക്കാൻ 23,000 രൂപ അധികം ചെലവഴിക്കേണ്ടി വന്നു. ബസ് ഉപയോഗിക്കേണ്ട ഇൻസ്റ്റിറ്റ്യൂട്ട് ബോഡി നിർമ്മാണത്തിൽ യാതൊരു മാറ്റങ്ങളും നിർദ്ദേശിച്ചിരുന്നില്ല. സ്വന്തം താല്പര്യത്തിനുവേണ്ടി അധികം ചെലവഴിച്ച 23,000 രൂപ ഉത്തരവാദിയായ ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറിൽ നിന്ന് ഈടാക്കണം. അതോടൊപ്പം കുറഞ്ഞ ക്വട്ടേഷൻ നിരസിച്ചതിനാലും പ്രവേശന നികുതി നൽകിയതിനാലും സർവ്വകലാശാല ഫണ്ടിനുണ്ടായ 69,760 രൂപയുടെ അനാവശ്യ ചെലവ് ഉത്തരവാദികളിൽ നിന്ന് ഈടാക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 5.4.2]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി :

50. ബസ് ബോഡി നിർമ്മാണം ത്വരിതഗതിയിൽ പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്താണ് ചട്ടങ്ങൾ പാലിക്കാതെ ബോഡി നിർമ്മാണം നടത്താൻ ഇടയായത്. ആയത് സർവ്വകലാശാലയുടെ ഉന്നത കേന്ദ്രങ്ങൾ അംഗീകരിച്ചതിനാലും ഇനി ഇപ്രകാരം തെറ്റുകൾ ആവർത്തിക്കില്ല എന്നതിനാലും ഈ അപാകത മാപ്പാക്കണം എന്ന് ആവശ്യപ്പെടുന്നു.

51. പ്രസ്തുത പരാമർശം സംബന്ധിച്ച് സമിതി വിശദീകരണമാരാഞ്ഞതിന് ബസ് ബോഡി നിർമ്മാണം പെട്ടെന്ന് വേണമെന്നുള്ള വൈസ് ചാൻസലറുടെ ഓർഡർ അനുസരിച്ച് ചെയ്യേണ്ടി വന്നതിനാലും സ്പെസിഫിക്കേഷൻ മാറിയതിനാലും ബസ് ബോഡി നിർമ്മിച്ച സ്ഥാപനത്തിന് 23,000 രൂപ അധികം നൽകേണ്ടതായി വന്നൂവെന്ന് രജിസ്ട്രാർ വിശദീകരിച്ചു. വൈസ് ചാൻസലറുടെ അംഗീകാരത്തോടെയാണ് സ്പെസിഫിക്കേഷനിൽ മാറ്റം വരുത്തിയതെന്നും സമിതിയുടെ ചോദ്യത്തിന് മറുപടിയായി അദ്ദേഹം അറിയിച്ചു.

52. ഈ വിഷയത്തിൽ ബന്ധപ്പെട്ട വി.സി.ക്ക് ബാധ്യത ചുമത്തേണ്ടതുണ്ടെന്നും പരാമർശവുമായി ബന്ധപ്പെട്ട എല്ലാ ഫയലുകളും മറ്റു രേഖകളും ആഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്നും, ടി ഫയൽ ഡെപ്യൂട്ടി ഡയറക്ടർ പരിശോധിച്ച് പതിനഞ്ച് ദിവസത്തിനുള്ളിൽ സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി ആവശ്യപ്പെട്ടു. പ്രസ്തുത റിപ്പോർട്ട് ലഭിച്ചശേഷം ഇതു സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളാമെന്നും ബാദ്ധ്യത അതനുസരിച്ച് ചുമത്താമെന്നും സമിതി അഭിപ്രായപ്പെട്ടു.

53. സമിതിയുടെ നിർദ്ദേശമനുസരിച്ച് സർവ്വകലാശാല കൈക്കൊണ്ട നടപടിയുടെ സംക്ഷിപ്തം താഴെപ്പറയും പ്രകാരമാണ് :

ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട ഫയൽ നമ്പർ Purchase/1702/P4/2003, 26-5-2009 ഓഡിറ്റ് വകുപ്പിന് കൈമാറിയിട്ടുണ്ട്. അവരുടെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് സമിതിക്ക് നൽകുന്നതാണ്.

54. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് 30-4-2011-ലെ എൽ.എഫ്./8222/ സ്പെ.സെൽ(ജി1)/09 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു :

ടി വിഷയത്തിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ 2003.176-ാം നമ്പരായി എടുത്ത സിൻഡിക്കേറ്റ് തീരുമാനത്തിലാണ് കോഴിക്കോട് ജില്ലയിലെ എസ്.എസ്.ഐ. സ്ഥാപനമായ സുനിതാ ഓട്ടോ ഗ്യാരേജ് എന്ന സ്ഥാപനത്തിന് പകരം ക്വട്ടേഷനിൽ ഉയർന്ന തുക രേഖപ്പെടുത്തിയ തമിഴ്നാട്ടിലെ സ്ഥാപനത്തിന് ബസ് ബോഡി നിർമ്മിക്കാനുള്ള അനുമതി നൽകിയത്. അതുവഴി 25,000 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലേക്കുള്ള പ്രവേശന നികുതിയിനത്തിൽ 44,760 രൂപ അടവാക്കേണ്ടി വന്നതിനാൽ 44,760+25,000= 69,760 രൂപയുടെ നഷ്ടം സംഭവിച്ചതിന് സിൻഡിക്കേറ്റ് യോഗത്തിൽ ഇത്തരത്തിൽ തീരുമാനമെടുത്ത സിൻഡിക്കേറ്റ് മെമ്പർമാരും ഇത്തരമൊരു നിർദ്ദേശം സമർപ്പിച്ച ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറുടെ ചാർജ്ജുള്ള വ്യക്തിയുമാണ് ഉത്തരവാദികൾ. ആയതിനാൽ ഇവർക്ക് തുല്യനഷ്ടത്തിനുള്ള ഉത്തരവാദിത്വം നൽകാവുന്നതാണ്.

55. ബാക്കി തുകയായ 23,000 രൂപയുടെ നഷ്ടത്തിനുത്തരവാദി തന്റെ വ്യക്തിപരമായ താല്പര്യത്തിൽ മാത്രം ബസിന് അധിക നിർമ്മാണം നടത്താൻ അനുമതി നൽകിയ ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയർ മാത്രമാണ്. ആയതിനാൽ ടി 23,000 രൂപയുടെ നഷ്ടത്തിന് 2-7-2003-ൽ ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറുടെ ചാർജ്ജ് വഹിച്ച ജൂനിയർ എഞ്ചിനീയർ ശ്രീ. ബാലകൃഷ്ണപിള്ള എന്ന വ്യക്തി മാത്രമാണ് ഉത്തരവാദി.

**നിഗമനങ്ങൾ/ശുപാർശകൾ**

56. **കോഴിക്കോട് സർവ്വകലാശാല ബസ് ബോഡി നിർമ്മാണവുമായി ബന്ധപ്പെട്ട് ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ തമിഴ്നാട്ടിലെ സ്ഥാപനത്തിൽ ബസ് ബോഡി നിർമ്മിക്കുന്നതിന് അനുമതി നൽകുകയും ആയതുമൂലം കേരളത്തിലേക്കുള്ള പ്രവേശന നികുതിയും നൽകേണ്ടി വന്നതിനുത്തരവാദികളായ സിൻഡിക്കേറ്റ് മെമ്പർമാരിൽ നിന്നും (ഹാജരുണ്ടായിരുന്നവർ) പ്രസ്തുത തീരുമാനമെടുക്കുന്നതിലേക്കായി നിർദ്ദേശം സമർപ്പിച്ച ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറുടെ ചാർജ്ജുണ്ടായിരുന്ന വ്യക്തിയിൽ നിന്നും, നഷ്ടമുണ്ടായ 69,760 രൂപ തുല്യമായി ഈടാക്കി സമിതിയിൽ റിപ്പോർട്ടു ചെയ്യാൻ സമിതി നിർദ്ദേശിക്കുന്നു. കൂടാതെ തന്റെ വ്യക്തിപരമായ താല്പര്യത്തിന്റെ മാത്രം അടിസ്ഥാനത്തിൽ ബസിന് അധിക നിർമ്മാണം നടത്തുന്നതിന് അനുമതി നൽകുകയും ആയത് നിമിത്തം 23,000 രൂപയുടെ അധിക ചെലവ് വരുത്തുകയും ചെയ്ത തദവസരത്തിലെ ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറിൽ നിന്ന് ടി തുക മുഴുവനും ഈടാക്കി റിപ്പോർട്ട് ചെയ്യുന്നതിനും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**യു.ജി.സി. നിർദ്ദേശത്തിന് വിരുദ്ധമായി 40 ലക്ഷം: പരീക്ഷാ ജോലികൾക്ക് പ്രതിഫലം**

യു.ജി.സി. മാർഗ്ഗനിർദ്ദേശം ലംഘിച്ച് സർവ്വകലാശാല അധ്യാപകർക്ക് പരീക്ഷാ ജോലികൾക്ക് പ്രതിഫലമായി 40 ലക്ഷം രൂപ നൽകി.

റഗുലർ വിദ്യാർത്ഥികളുടെ പരീക്ഷാ ജോലികൾ അധ്യാപകരുടെ ജോലിയുടെ ഭാഗമാണെന്നും ഇതിന് പ്രതിഫലം നൽകരുതെന്നും യു.ജി.സി. മാർഗ്ഗനിർദ്ദേശം 15.3 വ്യക്തമാക്കുന്നു. 2003-04-ലാണ് സർവ്വകലാശാല നിർദ്ദേശം ലംഘിച്ച് 40 ലക്ഷം രൂപ ചെലവഴിച്ചത്. മാത്രമല്ല റെഗുലർ, പ്രൈവറ്റ് വിദ്യാർത്ഥികളുടെ പരീക്ഷാ ജോലി കണക്കുകൾ സർവ്വകലാശാല വേറിട്ട് സൂക്ഷിക്കുന്നില്ല. ഇതിനാൽ നഷ്ടം കൃത്യമായി തിട്ടപ്പെടുത്താനാവില്ല.

റഗുലർ, പ്രൈവറ്റ് വിദ്യാർത്ഥികളുടെ പരീക്ഷാ ജോലി കണക്കുകൾ പ്രത്യേകം തയ്യാറാക്കി ലക്ഷങ്ങളുടെ നഷ്ടം ഒഴിവാക്കേണ്ടതാണ്. ഈ വിഷയത്തിൽ സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2004-05-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 5.4.3)

57. ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു:—

യു.ജി.സി. പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഉന്നതവിദ്യാഭ്യാസ വകുപ്പ് ഉത്തരവ് ജി.ഒ.(പി) നമ്പർ 171/99 തീയതി 21-12-1999, 15-10, 15-13 പ്രകാരം സർവ്വകലാശാലകൾ നടത്തുന്ന വിവിധ പരീക്ഷകളുടെ കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് സർവ്വകലാശാല/കോളേജ് അദ്ധ്യാപകരെ അവധിക്കാലത്ത് മാത്രമേ നിയോഗിക്കാൻ പാടുള്ളൂ. അതുപോലെതന്നെ പരീക്ഷാ ജോലികൾക്ക് വിരമിച്ച അദ്ധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തുകയും പരീക്ഷാ ജോലി ഔദ്യോഗിക സേവനത്തിന്റെ ഭാഗമാക്കുകയും പരീക്ഷാ ജോലിയോടുള്ള അദ്ധ്യാപകരുടെ പ്രതികരണം വിലയിരുത്തൽ രേഖപ്പെടുത്തുകയും ചെയ്യണം.

58. പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട് അദ്ധ്യാപകർക്ക് അധിക പ്രതിഫലം നൽകരുത് എന്ന് മേൽ സൂചനകളിൽ അർത്ഥമാക്കുന്നില്ല. മറിച്ച് അവരെ മറ്റ് പരീക്ഷകളുടെ മൂല്യനിർണ്ണയത്തിന് അവധിക്കാലം കൂടാതെതന്നെ നിയോഗിക്കുകയും ചെയ്യാറുണ്ട്.

59. മുകളിൽ സൂചിപ്പിച്ചതുകൊണ്ട് ഉദ്ദേശിക്കുന്നത് പരീക്ഷാ ജോലികളിൽ അദ്ധ്യാപകരുടെ പരമാവധി സേവനം ഉറപ്പാകുന്നു എന്നുള്ളതാണ്. അതുപോലെ തന്നെ അവർ ചെയ്യുന്ന അധിക ജോലിക്ക് അതായത് പ്രായോഗിക പരീക്ഷ, ആന്തരിക മൂല്യനിർണ്ണയം എന്നിവയ്ക്ക് യാതൊരു പ്രതിഫലവും നൽകുന്നില്ല. അതുപോലെ തന്നെ അർദ്ധവാർഷിക, പാദവാർഷിക പരീക്ഷകളും യാതൊരു പ്രതിഫലവും കൂടാതെ ജോലിയുടെ ഭാഗമായിത്തന്നെയാണ് ചെയ്യുന്നത്.

60. 19-7-2007-ന് ചേർന്ന സിൻഡിക്കേറ്റ് മീറ്റിംഗ് കോളേജ് വിദ്യാർത്ഥികളുടെ പരീക്ഷാ ജോലികൾക്ക് അദ്ധ്യാപകർക്ക് പ്രതിഫലം നൽകുന്നത് സംബന്ധിച്ച് ഓഡിറ്റ് തടസ്സവാദം പരിഗണിക്കുകയും യു.ജി.സി. നിയമാവലി പ്രകാരം അദ്ധ്യാപകർ ആന്തരിക മൂല്യനിർണ്ണയം നടത്തുന്നത് യാതൊരു പ്രതിഫലവും ഇല്ലാതെയും അത് ജോലിയുടെ ഭാഗമായാണെന്നും തീരുമാനിക്കുകയുണ്ടായി. എന്നാൽ സർവ്വകലാശാല നടത്തുന്ന പരീക്ഷകളുടെ മൂല്യനിർണ്ണയം നടത്തുന്നത് പുറമേ നിന്നുള്ള

അദ്ധ്യാപകർ ആയതിനാൽ അവർക്ക് പ്രതിഫലം നൽകേണ്ടതാണ്. ഈ കാര്യമാകട്ടെ യു.ജി.സി.-യുടെ നിയമാവലിയിൽ പ്രതിപാദിക്കുന്നുമില്ല. അതുകൊണ്ട് 19-7-2007-ന് ചേർന്ന സിൻഡിക്കേറ്റ് ഈ തടസ്സവാദം മറികടക്കാൻ തീരുമാനിക്കുകയും, പ്രസ്തുത സിൻഡിക്കേറ്റ് തീരുമാനം 8-8-2007-ന് നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തു.

61. യൂണിവേഴ്സിറ്റി ഗൈഡ്‍ലൈൻ അനുസരിച്ച് റഗുലർ വിദ്യാർത്ഥികളുടെ പരീക്ഷാ ജോലികൾ അദ്ധ്യാപകരുടെ ജോലിയുടെ ഭാഗമാണെങ്കിലും റഗുലർ അല്ലാത്ത വിദ്യാർത്ഥികളുടേയും പരീക്ഷാ ജോലികൾ അധികമായി ചെയ്യുന്നതാകയാൽ അതിന് അദ്ധ്യാപകർക്ക് അധിക വേതനം നൽകേണ്ടതായി വരുമെന്നും അങ്ങനെയല്ലെങ്കിൽ ആവശ്യത്തിന് അദ്ധ്യാപകരെ ലഭിക്കാതെവരുന്ന സാഹചര്യമുണ്ടായാൽ യൂണിവേഴ്സിറ്റി പരീക്ഷകൾ കുഴപ്പത്തിലാകുമെന്നും അത്തരം സാഹചര്യങ്ങൾ ഒഴിവാക്കാൻ അധികവേതനം നൽകേണ്ടി വരുന്നതാണെന്നും രജിസ്ട്രാർ സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

62. **സർവ്വകലാശാല രജിസ്ട്രാറുടെ വിശദീകരണം അംഗീകരിച്ചുകൊണ്ട് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**അവധി ദിനങ്ങളിലെ ജോലിക്ക് നിയമവിരുദ്ധബത്ത**

അവധി ദിനങ്ങളിലെ ജോലിക്ക് നഷ്ടപരിഹാരാവധിക്ക് മാത്രമാണ് അർഹത എന്ന് കെ.എസ്.ആർ. റൂൾ 14 (സെക്ഷൻ 3 അനുബന്ധം 7) അനുശാസിക്കുന്നു. ഇതിന് വിരുദ്ധമായി എഞ്ചിനീയറിംഗ് വകുപ്പിലെ പമ്പ് ഓപ്പറേറ്റർമാർക്കും യു.എസ്.ഐ.സി.യിലെ ഡ്രൈവർമാർക്കും 4,59,062 രൂപ ബത്ത നൽകി. നിയമ വിരുദ്ധബത്ത തിരിച്ച് പിടിക്കണം.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 4.6.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി:—

63. 13-1-1986-ന് ചേർന്ന സിൻഡിക്കേറ്റ് യോഗം എഞ്ചിനീയറിംഗ് വിഭാഗത്തിൽ സ്ഥിരം ജീവനക്കാരുടെ ദൗർലഭ്യംമൂലം നിയുക്ത ജോലിക്ക് പുറമെ അടിയന്തിര ഘട്ടങ്ങളിൽ അധിക ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം നിജപ്പെടുത്തുന്ന ചോദ്യം ഐറ്റം നമ്പർ 86-13 പ്രകാരം പരിഗണിക്കുകയും ഒരു ദിവസത്തെ ശമ്പളം അധിക ജോലി ചെയ്യുന്ന ജീവനക്കാർക്ക് കൊടുക്കാൻ തീരുമാനിക്കുകയും ചെയ്തു. ഒരു ദിവസത്തെ ശമ്പളം എന്നുദ്ദേശിക്കുന്നത് മാസ ശമ്പളത്തെ 30 കൊണ്ട് ഹരിച്ചാൽ കിട്ടുന്ന തുകയെന്ന് നിജപ്പെടുത്തിയിരിക്കുന്നു. ഇതിനുപുറമെ 26-10-1999-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം ഐറ്റം നമ്പർ 99-799 പ്രകാരം അധിക ജോലിയുടെയും അവധി ദിവസങ്ങളിലെ ജോലിയുടെയും വേതനം ടി ആളിന്റെ യഥാർത്ഥ ശമ്പളം+ഡി.എ. ആയും കണക്കാക്കാൻ തീരുമാനിച്ചു. ബഹു. വൈസ് ചാൻസലർ ഈ സിൻഡിക്കേറ്റ് തീരുമാനം യൂണിവേഴ്സിറ്റിയിൽ 26-10-1999 മുതൽ നടപ്പാക്കാൻ ഉത്തരവാക്കി (നമ്പർ എ.ഡി./എ3/3664/98 തീയതി 8-12-1999).

**നിഗമനങ്ങൾ/ശുപാർശകൾ**

**64. ഗവൺമെന്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സ്റ്റാറ്റ്യൂട്ടിന് വിരുദ്ധമായി ഓണറേറിയം**

സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിന് വിരുദ്ധമായി വിവിധ കോഴ്സുകളുടെ കോ-ഓർഡിനേറ്റിംഗ് ഡയറക്ടർമാർക്ക് 96,833 രൂപ അധിക ഓണറേറിയം.

യു.ടി.ഇ.സി., എം.എഡ്. (സ്വാശ്രയം), എം.സി.എ. കോഴ്സുകളുടെ കോ-ഓർഡിനേറ്റിംഗ് ഡയറക്ടർമാർക്കാണ് ഓണറേറിയം നൽകിയത്.

സർവ്വകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട് 1977 അധ്യായം 2-വകുപ്പ് 13(ബി) ഉപവകുപ്പ് 14 അധിക ജോലിക്ക് ജീവനക്കാർക്ക് ഫണ്ട് ലഭ്യത അനുസരിച്ച് 500 രൂപയിൽ കവിയാത്ത തുക നൽകാൻ മാത്രമാണ് വൈസ് ചാൻസലർക്ക് അധികാരമെന്ന് വ്യക്തമാക്കുന്നു. അധികം നൽകിയ തുക കൈപ്പറ്റിയവരിൽ നിന്ന് ഈടാക്കണം.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 4.6.2)

**ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു.**

65. "യു.ജി.സി. നിർദ്ദേശാനുസരണമാണ് തൊഴിൽ സാദ്ധ്യതയുള്ള പുതിയ കോഴ്സുകൾ തുടങ്ങിയത്. സാമ്പത്തിക ഇടപാടുകൾ കൂടി ഉൾപ്പെടുന്നതുകൊണ്ട് യൂണിവേഴ്സിറ്റി സർവ്വീസിൽ ഉള്ളവരെ മാത്രമേ ഇത്തരം ജോലിയിൽ കോ-ഓർഡിനേറ്റർമാരായി നിയമിക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടാണ് അധിക വേതനം നൽകി അധിക ചുമതല നൽകിയത്.

66. സർവ്വകലാശാല വിജ്ഞാപന പ്രകാരം കോ-ഓർഡിനേറ്റർമാരെ കിട്ടാതെ വരികയും കരാർ വ്യവസ്ഥയിലുള്ളവരെ കോ-ഓർഡിനേറ്റർമാരായി പരിഗണിക്കാൻ പാടില്ലാത്തതുമൂലവുമാണ് 1,000 രൂപ ഓണറേറിയം പ്രതിമാസം നൽകി സർവ്വകലാശാലയിലുള്ള യോഗ്യരായ അദ്ധ്യാപകരെ പ്രസ്തുത തസ്തികയിൽ നിയമിച്ചത്."

67. കോഴിക്കോട് സർവ്വകലാശാലയുടെ കീഴിൽ ഏതാനും സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾ തുടങ്ങിയിട്ടുണ്ടെന്നും ഇതിനായി ഒരു കോ-ഓർഡിനേറ്ററെ ഫുൾടൈം ആയി വച്ചാൽ അയാൾക്ക് ഓണറേറിയം കൊടുക്കണമെന്നും കോ-ഓർഡിനേറ്റർമാരുടെ ചുമതല ഫിനാൻഷ്യൽ ബാധ്യത ഉള്ളതായതിനാൽ പെർമനന്റ് സ്റ്റാഫിനെ ചുമതലപ്പെടുത്തുകയാണെങ്കിൽ അവരുടെമേൽ യൂണിവേഴ്സിറ്റിക്ക് നിയന്ത്രണമുണ്ടാകുമെന്നും അവർക്ക് ആയിരമോ രണ്ടായിരമോ ആണ് പ്രതിഫലമായി നൽകുന്നതെന്നും രജിസ്ട്രാർ സമിതിയെ അറിയിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

68. **യൂണിവേഴ്സിറ്റി രജിസ്ട്രാറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**റഗുലർ ക്ലാസ് സമയത്തെ ഈവനിംഗ് ക്ലാസ്സിനും പ്രതിഫലം**

യു.ജി.സി. സ്കീമിൽപ്പെട്ട അധ്യാപകർക്കാണ് എം.എഡ്. ഈവനിംഗ് കോഴ്സ് (സ്വാശ്രയം)-ന് ക്ലാസ്സ് എടുത്തതിന് 2003 ജനുവരി മുതൽ മാർച്ച് വരെ സർവ്വകലാശാല 25,700 രൂപ പ്രതിഫലം നൽകിയത്. ക്ലാസ് നടന്നത് രാവിലെ 10-നും വൈകിട്ട് 5-നും ഇടയ്ക്കാണ്. ഇത് യു.ജി.സി. നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

യു.ജി.സി. സ്കീം പ്രകാരം റഗുലർ ക്ലാസ് സമയം 10 മുതൽ 5 വരെയാണ്. യു.ജി.സി. നിർദ്ദേശ പ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ച ജി.ഒ.(പി)171/99, 21-12-1999 ഉത്തരവിലും സ്കീമിൽ ഉൾപ്പെട്ട അദ്ധ്യാപകൻ ദിവസം കുറഞ്ഞത് 5 മണിക്കൂറെങ്കിലും ജോലി ചെയ്തിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. ഉത്തരവിന് വിരുദ്ധമായ പ്രതിഫലം തിരിച്ച് പിടിക്കണം.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 4.6.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഗവൺമെന്റ് നൽകിയ മറുപടി വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുകയാണ് എന്നാണ്.

69. ടീച്ചർമാർക്ക് റഗുലർ ക്ലാസ് സമയത്തെ ഈവനിംഗ് ക്ലാസിനും പ്രതിഫലം എന്നുള്ളതാണ് വിഷയമെന്നും സിൻഡിക്കേറ്റ് ഓഡിറ്റ് ഒബ്ജക്ഷൻ ഓവർറൂൾ ചെയ്തിരിക്കുകയാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ഇക്കാര്യം സിൻഡിക്കേറ്റിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ട കാര്യമാണെന്നും സായാഹ്ന കോഴ്സുകൾ ഇപ്പോൾ റഗുലർ കോഴ്സുകളാക്കി മാറ്റിയതിനാൽ ഇപ്പോൾ അഡീഷണൽ പേമെന്റ് കൊടുക്കാറില്ലെന്നും രജിസ്ട്രാർ അറിയിച്ചു. വർക്ക്ലോഡ് കൊടുക്കുന്നതനുസരിച്ച് ഓരോ അധ്യാപകനും 16 മണിക്കൂറാണ് ജോലി ചെയ്യേണ്ട തെന്നും അക്കാഡമിക് സ്റ്റാഫിന്റെ സ്കീം അനുസരിച്ച് ഒന്നര മണിക്കൂർ വർക്ക് ചെയ്യുന്നതിന് 500 രൂപ എന്ന രീതിയിൽ സെൽഫ് ഫിനാൻസിംഗ് പോലെ നടത്തിയ കോഴ്സുകളാണ് ഈവനിംഗ് കോഴ്സുകളെന്നും അധ്യാപകരുടെ നോർമൽ വർക്കിനെ അഫക്ട് ചെയ്യാതെയാണ് ക്ലാസ്സുകൾ എടുക്കുന്നതെന്നും രജിസ്ട്രാർ കൂട്ടിച്ചേർത്തു.

70. അധിക തുക നൽകുന്നതിന് സിൻഡിക്കേറ്റിന്റെ അനുവാദം ഉണ്ടായിരുന്നോയെന്ന സമിതിയുടെ ചോദ്യത്തിന് അനുവാദം ഉണ്ടായിരുന്നുവെന്നും ഓരോ കോഴ്സിനും റെമ്യൂണറേഷൻ നിശ്ചയിച്ച് എഴുതി വരുമ്പോൾ വൈസ് ചാൻസലർ അതനുസരിച്ച് ഓർഡർ ഇഷ്യൂ ചെയ്യുകയാണ് ചെയ്യുന്നതെന്നും രജിസ്ട്രാർ അറിയിച്ചു.

71. ഈ പൊസിഷൻ യൂണിവേഴ്സിറ്റി, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിനെ അറിയിക്കുന്നതിനുപകരം തീരുമാനമെടുത്ത് ഓർഡർ ഇഷ്യൂ ചെയ്ത് ഓഡിറ്റ് ഒബ്ജക്ഷനെ ഓവർറൂൾ ചെയ്യുകയാണുണ്ടായതെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അഭിപ്രായപ്പെട്ടു. എന്നാൽ സിൻഡിക്കേറ്റിന് ഓഡിറ്റ് ഒബ്ജക്ഷൻ ഓവർറൂൾ ചെയ്യാനുള്ള അധികാരമില്ലെന്നും ക്രമവിരുദ്ധമായി അനുവദിച്ച് നൽകിയ ടി തുക കൈപ്പറ്റിയവരിൽ നിന്നും പൂർണ്ണമായും തിരികെ പിടിച്ച് യൂണിവേഴ്സിറ്റി ഫണ്ടിൽ ഒടുക്കി ഒരു മാസത്തിനകം സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

72. സമിതി നിർദ്ദേശപ്രകാരം ഓഡിറ്റ് വകുപ്പ് 22-7-2009-ലെ ഫിനാൻസ്. ഓഡിറ്റ്/1076/എൽ.എഫ്.എ.സി./09 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർത്തിരിക്കുന്നു :

15-2-2008-ന് നടന്ന സിൻഡിക്കേറ്റ് യോഗം ഐറ്റം നമ്പർ 2008.122 (Emended vide item No. 2008.140 on 28-2-2008) പ്രകാരം M.Ed. സ്വാശ്രയ സായാഹ്ന കോഴ്സുകൾക്ക് ക്ലാസ്സെടുത്ത വിദ്യാഭ്യാസ വിഭാഗം അദ്ധ്യാപകരുടെ പേരിലുള്ള ഓഡിറ്റ് ഒബ്ജക്ഷൻ ഓവർറൂൾ ചെയ്തിരുന്നു. എന്നാൽ ഈ നടപടി നിയമസഭാസമിതി അംഗീകരിക്കാത്തതുകൊണ്ട് മേൽപ്പറഞ്ഞ വിഷയങ്ങൾ വീണ്ടും സിൻഡിക്കേറ്റ് പരിഗണനയ്ക്ക് വയ്ക്കേണ്ടതുണ്ട്. ആയതിനാൽ ഈ വിഷയം നിയമസഭാസമിതിയുടെ നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ സിൻഡിക്കേറ്റിന്റെ പുനഃപരിശോധനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്.

73. 19-12-2009-ന് ചേർന്ന സിൻഡിക്കേറ്റ് ഐറ്റം നമ്പർ 2009.731 പ്രകാരം തുക ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയായി തുക ഈടാക്കിയിട്ടില്ലെന്ന് 24-2-2010-ലെ കത്തുപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ പുനരഭിപ്രായക്കുറിപ്പ് സമിതിക്ക് നൽകുകയുണ്ടായി.

**നിഗമനങ്ങൾ/ശുപാർശകൾ**

**74. റഗുലർ ക്ലാസ് സമയത്തെ ഈവനിംഗ് ക്ലാസ്സിന് ക്രമവിരുദ്ധമായി അനുവദിച്ച തുക പൂർണ്ണമായും ആയത് കൈപ്പറ്റിയവരിൽ നിന്ന് ഈടാക്കി റിപ്പോർട്ടു നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**യോഗ്യത പരിഗണിക്കാതെ യു.ജി.സി. സ്കെയിൽ**

യോഗ്യതയില്ലാത്ത ജൂനിയർ ലൈബ്രേറിയൻമാർക്ക് സ്ഥാനക്കയറ്റം നൽകി യു.ജി.സി. സ്കെയിൽ.

സർവകലാശാലയിലെ 6 ജൂനിയർ ലൈബ്രേറിയൻമാർക്കാണ് നിർദ്ദിഷ്ട യോഗ്യത പരിഗണിക്കാതെ സിൻഡിക്കേറ്റ് തീരുമാനത്തിലൂടെ യു.ജി.സി. സ്കെയിൽ നൽകിയത്. സ്ഥാനക്കയറ്റം നൽകുമ്പോൾ ഇവർക്ക് സംസ്ഥാന സ്കെയിലിന് മാത്രമാണ് നിയമപരമായി അർഹത.

ജി.ഒ.(എംഎസ്.) 154/99/എച്ച്.സി.എൽ. 19-4-2002 ഉത്തരവിന്റെ മറവിലാണ് ഇവർക്ക് യു.ജി.സി. സ്കെയിൽ നൽകിയത്. ഉത്തരവ് അനുസരിച്ച് 31-3-1990-ൽ സർവ്വീസിലുള്ള ജൂനിയർ ലൈബ്രേറിയൻമാർക്ക് ഇളവ് അനുവദിച്ച് യു.ജി.സി. സ്കെയിൽ നൽകിയിരുന്നു. 31-12-2002 മുതൽ ഇളവ് ബാധകമാക്കിക്കൊണ്ടാണ് ഇവർക്ക് യു.ജി.സി. സ്കെയിൽ നൽകിയത്.

സർക്കാർ വിലക്കിയതിനെ തുടർന്ന് 19-11-2001-ൽ സർവ്വകലാശാല തീരുമാനം റദ്ദാക്കിയിരുന്നു. എന്നാൽ ആനുകൂല്യം ലഭിച്ചവർ ബഹു. ഹൈക്കോടതിയിൽ ഇത് ചോദ്യം ചെയ്തിരുന്നു. സർവകലാശാലാസ്റ്റാറ്റ്യൂട്ടിൽ ഭേദഗതി വരുത്താതെ ജീവനക്കാർക്ക് യു.ജി.സി. ചട്ടങ്ങളോ, യു.ജി.സി. നിർദ്ദേശങ്ങൾക്ക് സമാനമായി സർക്കാർ പുറപ്പെടുവിക്കുന്ന ആനുകൂല്യങ്ങൾക്കോ അർഹതയില്ലെന്ന് കോടതിവിധിയിൽ വ്യക്തമാക്കിയിരുന്നു. ഇത് അനുസരിച്ചുള്ള ഭേദഗതികൾ നിലവിൽ വന്നിട്ടില്ല. അതിനാൽ ഇവർക്ക് സംസ്ഥാന സ്കെയിലിന് മാത്രമാണ് അർഹത.

നിർദ്ദിഷ്ട യോഗ്യതയില്ലാത്തവർക്ക് നൽകിയ യു.ജി.സി.സ്കെയിൽ പുനഃപരിശോധിച്ച് അധികം നൽകിയ ആനുകൂല്യങ്ങൾ തിരിച്ച് പിടിക്കണം.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-2006 സമാഹൃത റിപ്പോർട്ട് ഖണ്ഡിക 4.6.4)

75. ഓഡിറ്റ് ഖണ്ഡികയ്ക്ക് മറുപടിയായി ഗവൺമെന്റ് അറിയിച്ചത് സർവ്വകലാശാല ഓർഡിനൻസിൽ ആവശ്യമായ മാറ്റത്തിനായി ഡ്രാഫ്റ്റ് ഓർഡിനൻസ് ചാൻസലറുടെ അംഗീകാരത്തിനായി അയച്ചിട്ടുണ്ട് എന്നാണ്.

76. ലൈബ്രേറിയൻമാർക്കും ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർമാർക്കും യു.ജി.സി. സ്കെയിൽ ഒരുമിച്ച് ഇംപ്ലിമെൻറ് ചെയ്തതാണ് ഓഡിറ്റ് ഒബ്ജക്ഷനെന്നും, യൂണിവേഴ്സിറ്റികളിൽ അക്കാലത്ത് യു.ജി.സി. ക്വാളിഫിക്കേഷൻ ഇല്ലാത്തവർ ജോലി ചെയ്തിരുന്ന സമയമായിരുന്നെന്നും രജിസ്ട്രാർ അറിയിച്ചു. എല്ലാ യൂണിവേഴ്സിറ്റികളുടേയും സ്റ്റാറ്റ്യൂട്ടിൽ ലൈബ്രേറിയൻമാർക്ക് വേണ്ടിയിരുന്ന യോഗ്യതകൾ അന്ന് പറഞ്ഞിട്ടുണ്ടായിരുന്നുവെന്നും ആ കാലഘട്ടത്തിൽ സ്റ്റേറ്റ് സ്കെയിൽ, യു.ജി.സി. സ്കെയിൽ എന്നിങ്ങനെ രണ്ടു തരത്തിലുള്ള ലൈബ്രേറിയൻമാർ ഉണ്ടായപ്പോൾ ഒരു പ്രത്യേക തീയതിക്ക് ശേഷം യു.ജി.സി. യോഗ്യതയുള്ളവർക്ക് മാത്രം യു.ജി.സി. സ്കെയിൽ അനുവദിക്കുകയും മറ്റുള്ളവർക്ക് സ്റ്റേറ്റ് സ്കെയിൽ കൊടുക്കാൻ തീരുമാനിക്കുകയാണുണ്ടായതെന്നും അദ്ദേഹം തുടർന്നറിയിച്ചു. ഇപ്പോൾ യു.ജി.സി. സ്കെയിൽ കൊടുക്കുന്നത് യു.ജി.സി. യോഗ്യതയുള്ളവർക്ക് മാത്രമാണ്. ഇക്കാര്യം എൽ.എഫ്.എ. ഡെപ്യൂട്ടി ഡയറക്ടറുമായി ചർച്ച ചെയ്തതാണെന്നും ആയതിനുശേഷം വരുന്ന യു.ജി.സി. യോഗ്യതയുള്ളവർക്ക് മാത്രമേ യു.ജി.സി. സ്കെയിൽ കൊടുക്കുകയുള്ളുവെന്ന് തീരുമാനിച്ചതായും അദ്ദേഹം അറിയിച്ചു.

77. ആതറൈസേഷൻ ഇല്ലാതെ യു.ജി.സി. സ്കെയിൽ തുക നൽകിയ ഇനത്തിലുണ്ടായ നഷ്ടം, അധിക തുക കൈപ്പറ്റിയവരിൽ നിന്ന് തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ടു നൽകാൻ സമിതി നിർദ്ദേശിച്ചു.

സമിതിയുടെ നിർദ്ദേശാനുസരണം ഗവൺമെന്റ് സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു:—

78. "18-7-2009-ന് ചേർന്ന സിൻഡിക്കേറ്റ് ഐറ്റം നമ്പർ 2009.400 പ്രകാരം അധികമായി നൽകിയ തുക തിരിച്ചു പിടിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അധികമായി നൽകിയ തുക തിരിച്ചു പിടിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു".

79. സർവ്വകലാശാലയുടെ നടപടി സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 24-2-2010-നു പുറപ്പെടുവിച്ച പുനരഭിപ്രായക്കുറിപ്പ് സമിതിക്കു സമർപ്പിച്ചതിൽ നാളിതുവരെ തുക ഈടാക്കിയ വിവരം സർവ്വകലാശാല ഓഡിറ്റിനെ അറിയിച്ചിട്ടില്ലെന്നു വ്യക്തമാക്കിയിട്ടുണ്ട്.

**നിഗമനങ്ങൾ/ശുപാർശകൾ**

80. **നിർദ്ദിഷ്ട യോഗ്യതയില്ലാത്തവർക്ക് യു.ജി.സി. സ്കെയിൽ അനുവദിച്ചു നൽകിയതുവഴി അവർക്ക് അധികമായി നൽകിയ ആനുകൂല്യം അവരിൽ നിന്നും തിരികെ ഈടാക്കി റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

## ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

ഓഡിറ്റ് ഖണ്ഡിക

**തുക ക്രമരഹിതമായി കൈവശംവച്ച കറസ്പോണ്ടന്റ് മരണമടഞ്ഞു. 87,057 രൂപയുടെ നഷ്ടം**

തിരുവനന്തപുരം റീജിയണൽ സെന്റർ ഓഡിറ്റ് നടത്തിയ 1992-93, 1993-94 കാലയളവിൽ സെന്ററിലെ കറസ്പോണ്ടന്റ് ശ്രീ. മഹേശ്വരൻ നായർ എന്ന വ്യക്തിയായിരുന്നു. ഇദ്ദേഹം 28-2-1994-ൽ നിര്യാതനായി. ക്യാഷ് ബുക്ക് എല്ലാ ദിവസവും ക്ലോസ് ചെയ്യുന്ന പതിവില്ലായിരുന്നു. 29-12-1993-ൽ ക്യാഷ് ക്ലോസ് ചെയ്യുമ്പോൾ നീക്കിയിരിപ്പ് 81,802.95 രൂപയായിരുന്നു. ഇതിനുശേഷം 1-2-1994-ന് ക്യാഷ് ക്ലോസ് ചെയ്യുമ്പോൾ ബാലൻസ് 87,057 രൂപയും ക്യാഷ് ബുക്കിൽ ഈ തുക പിന്നീട് ബാലൻസായി കാണിച്ചിട്ടില്ല. പകരം "കറസ്പോണ്ടന്റ് മരിച്ചു, കുറവു വന്ന തുക അദ്ദേഹത്തിന്റെ ബാദ്ധ്യതയായി കണക്കാക്കുന്നു." എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആവശ്യത്തിലധികം തുക ബാങ്കിൽ നിന്ന് എടുക്കുകയും ബാക്കി തുക ബാങ്കിൽ അടയ്ക്കാതെ കൈവശം സൂക്ഷിക്കുകയും ചെയ്തതുവഴി കറസ്പോണ്ടന്റിന്റെ മരണത്തോടെ 87,057 രൂപ സർവ്വകലാശാലയ്ക്ക് നഷ്ടപ്പെട്ടിട്ടുണ്ട്. പ്രസ്തുത തുക ഈടാക്കുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് സർവ്വകലാശാലയോട് ആവശ്യപ്പെട്ടിരിക്കുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 1999-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക V-4)

**ഓഡിറ്റ് ഖണ്ഡികയ്ക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പു നൽകിയ മറുപടി**

81. പ്രസ്തുത കറസ്പോണ്ടന്റ് മരിക്കുന്ന സമയത്ത് 87,057 രൂപ അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്നു. പ്രസ്തുത തുക താഴെ പറയുന്ന രീതിയിൽ ഈടാക്കി നഷ്ടം നികത്തിയിട്ടുണ്ട് :

1. ടി.എ. ഇനത്തിൽ അദ്ദേഹത്തിന് ലഭിക്കേണ്ടിയിരുന്ന 15,566 രൂപ തീയതി 15-2-1996-ലെ 774-ാം നമ്പർ വൗച്ചർ പ്രകാരം ഈ നഷ്ടത്തിലേക്ക് വകയിരുത്തി.

2. 36,881 രൂപ ഡി.ഡി. ആയി 16-9-1996-ലെ രസീതി നമ്പർ 145/37 അദ്ദേഹത്തിന്റെ ഭാര്യ യൂണിവേഴ്സിറ്റി അക്കൗണ്ടിൽ അടച്ചിട്ടുണ്ട്.

3. ശമ്പള കുടിശ്ശിക ഇനത്തിൽ അദ്ദേഹത്തിന് ലഭിക്കേണ്ടിയിരുന്ന 34,610 രൂപ 31-3-2000-ലെ 2577 നമ്പർ വൗച്ചർ പ്രകാരം ഈ നഷ്ടത്തിലേക്ക് വകയിരുത്തി. അങ്ങനെ മൊത്തം 87,057 രൂപയുടെ നഷ്ടം നികത്തുകയുണ്ടായി.

82. ക്രമരഹിതമായി കറസ്പോണ്ടന്റ് കൈവശം വച്ച തുക ക്രമീകരിച്ചത് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് സമിതി നൽകിയ നിർദ്ദേശമനുസരിച്ച് ആയത് പരിശോധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സമിതിക്ക് സമർപ്പിച്ച റിപ്പോർട്ടിൽ തുക പൂർണ്ണമായും യൂണിവേഴ്സിറ്റി ഫണ്ടിൽ വകയിരുത്തിയിട്ടുള്ളതിനാൽ പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതിയെ അറിയിക്കുകയുണ്ടായി.

**നിഗമനങ്ങൾ/ശുപാർശകൾ**

83. **തുകകൾ ക്രമീകരിച്ചിട്ടുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സത്തിന്മേലുള്ള തുടർനടപടികൾ ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കാലടിയിലെ ബഹുനില കെട്ടിട നിർമ്മാണത്തിന് ഉയർന്ന നിരക്ക് നൽകിയതിലൂടെ 18,31,175 രൂപ നഷ്ടം**

സർവ്വകലാശാലയ്ക്കായി കാലടിയിൽ നിർമ്മിച്ച ബഹുനില കെട്ടിടത്തിന്റെ നിർമ്മാണം ഏറ്റെടുത്തിരുന്ന കോൺട്രാക്ടർക്ക് അനർഹമായ രീതിയിൽ എസ്റ്റിമേറ്റ് നിരക്ക് വർദ്ധിപ്പിച്ച് നൽകിയതുമൂലം 18,31,175 രൂപയുടെ അധിക ചെലവ് സംഭവിച്ചിട്ടുണ്ട്. കോൺട്രാക്റ്റ് ഏറ്റെടുത്തിരുന്ന 'നോബിൾ ടെക്' എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം ഒറിജിനൽ എസ്റ്റിമേറ്റിന്റെ 4% അധിക നിരക്കാണ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ പ്രവൃത്തി നടന്നു കൊണ്ടിരിക്കെ സർവകലാശാല അനധികൃതമായി എസ്റ്റിമേറ്റിന്മേലുള്ള അധിക നിരക്ക് 35% മുതൽ 45% വരെ വർദ്ധിപ്പിച്ച് നൽകി. കെട്ടിടം പണി സംബന്ധിച്ച വിശദമായി ഡാറ്റ, സാധനസാമഗ്രികളുടെ എസ്റ്റിമേറ്റ്, കൺവയൻസ് നിരക്ക് തുടങ്ങിയ വിവരങ്ങളൊന്നും ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല എന്നതും പ്രസ്താവ്യമാണ്. അനധികൃത നടപടികളിലൂടെ സർവകലാശാലയ്ക്ക് വൻ സാമ്പത്തിക നഷ്ടം വരുത്തിവച്ചവർക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2000-2001-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VI.6(a)]

84. ഓഡിറ്റ് ഖണ്ഡികയ്ക്ക് ഉന്നതവിദ്യാഭ്യാസ വകുപ്പ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു:—

"കാലടിയിലെ ബഹുനില കെട്ടിടത്തിന്റെ നിർമ്മാണത്തിന് നോബിൾ ടെക് എഞ്ചിനീയറിംഗ് (p) Ltd.മായി യൂണിവേഴ്സിറ്റി കരാറിൽ ഒപ്പിട്ടിരുന്നു. എസ്റ്റിമേറ്റ് തുകയേക്കാൾ 4% അധിക തുകയ്ക്കായിരുന്നു കരാർ. കെട്ടിട നിർമ്മാണം നടന്ന 1994-96 കാലഘട്ടത്തിൽ ഈ യൂണിവേഴ്സിറ്റിയിൽ സ്റ്റാറ്റ്യൂട്ടോ സിൻഡിക്കേറ്റ് അടക്കമുള്ള മറ്റു സ്റ്റാറ്റ്യൂട്ടറി ബോഡികളോ നിലവിൽ വന്നിരുന്നില്ല. എല്ലാ അധികാരങ്ങളും ആദ്യ വൈസ് ചാൻസലറിൽ നിക്ഷിപ്തമായിരുന്നു. പണി ഏറ്റെടുത്ത് നടത്തിയിരുന്ന നോബിൾ ടെക് എഞ്ചിനീയറിംഗ് കമ്പനി കരാർ തുക വർദ്ധിപ്പിക്കുന്നതിനു വേണ്ടി അപേക്ഷ നൽകി. നിർമ്മാണ പ്രവർത്തനത്തിനാവശ്യമായ സാധന സാമഗ്രികളുടെ വില 50% നും 100% നും ഇടയ്ക്ക് വർദ്ധനവുണ്ടായെന്നും ആയതിനാൽ കരാർ തുകയിൽ വർദ്ധനവ് നൽകിയില്ലെങ്കിൽ പണികൾ നിർത്തി വയ്ക്കുവാൻ നിർബന്ധിതരാകുമെന്നും അവർ അറിയിച്ചു. 70% വർദ്ധനവാണ് അവർ ആവശ്യപ്പെട്ടത്. ഈ സാഹചര്യത്തിൽ ആദ്യ വൈസ് ചാൻസലർ ഒരു കമ്മിറ്റിയെ കാര്യങ്ങൾ പഠിക്കുവാൻ നിയോഗിക്കുകയും ആ കമ്മിറ്റി ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ആദ്യ വൈസ് ചാൻസലറും രജിസ്ട്രാറും, യൂണിവേഴ്സിറ്റി എഞ്ചിനീയറും, ആർക്കിടെക്റ്റും അടങ്ങുന്നതായിരുന്നു പ്രസ്തുത കമ്മിറ്റി. വിശദമായി കാര്യങ്ങൾ പഠിച്ച ശേഷം രണ്ടു സ്റ്റേജിലായി 35%-വും 45%-വും വർദ്ധനവ് നിർദ്ദേശിക്കുകയും ചെയ്തു.

85. 2-7-1995-ൽ ആദ്യ വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ 25-1-1995 മുതൽ 8-6-1995 വരെ ചെയ്ത പണികൾക്ക് 35% അധിക തുകയും 8-6-1995-നു ശേഷം ചെയ്യുന്ന പണികൾക്ക് 45% അധിക തുകയും നൽകുവാൻ തീരുമാനമായി. ആദ്യ വൈസ് ചാൻസലർ ആയത് അംഗീകരിക്കുകയും ചെയ്തു.

86. 13-4-2000-ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ ഈ വിഷയങ്ങളെല്ലാം പരിഗണിക്കുകയും ആദ്യ എസ്റ്റിമേറ്റ് തുകയേക്കാൾ 36.58% അധിക തുകയ്ക്ക് പുതുക്കിയ എസ്റ്റിമേറ്റ് പാസ്സാക്കുവാനും ഫൈനൽ ബിൽ തുക പാസ്സാക്കി നൽകുവാനും തീരുമാനമെടുത്തു. ആയതിനാൽ ഈയിനത്തിൽ യൂണിവേഴ്സിറ്റിക്ക് നഷ്ടമൊന്നും ഉണ്ടായിട്ടില്ല."

87. ഓഡിറ്റ് ചൂണ്ടിക്കാണിച്ച പ്രകാരം 18,31,175 രൂപയുടെ അധികച്ചെലവിനുള്ള കാരണം സമിതി ആരാഞ്ഞു. നിരക്ക് മാറ്റിക്കൊടുക്കുവാൻ കാരണമെന്തായിരുന്നുവെന്ന് സമിതി ആരാഞ്ഞതിന് കരാർ വ്യവസ്ഥ പ്രകാരം എസ്റ്റിമേറ്റിനേക്കാൾ 4 ശതമാനം മാത്രം വർദ്ധനവ് നൽകാമെന്നിരിക്കേ പലഘട്ടങ്ങളിലായി നിരക്ക് ഉയർത്തി കൊടുത്തെന്നും 13-4-2000-ൽ യൂണിവേഴ്സിറ്റിയുടെ ഫുൾ സിൻഡിക്കേറ്റ് 36.58 ശതമാനം നിരക്ക് വർദ്ധിപ്പിച്ചു നൽകാൻ തീരുമാനിച്ചെന്നും രജിസ്ട്രാർ സമിതിയെ അറിയിച്ചു. എന്നാൽ ആ തീരുമാനംമൂലം യൂണിവേഴ്സിറ്റിക്ക് നഷ്ടം ഉണ്ടായിട്ടില്ലെന്നാണ് ഫയലിൽ കാണുന്നതെന്നും സാധനങ്ങളുടെ വില വർദ്ധനവുമൂലമാണ് നിരക്ക് വർദ്ധിപ്പിച്ചുനൽകാൻ ഇടയായതെന്നും രജിസ്ട്രാർ കൂട്ടിച്ചേർത്തു.

88. നിരക്കു വർദ്ധനയെ സംബന്ധിച്ചുള്ള കരാർ വ്യവസ്ഥ എന്തായിരുന്നു വെന്ന സമിതിയുടെ ചോദ്യത്തിന് എസ്റ്റിമേറ്റിനേക്കാൾ നാലുശതമാനത്തിൽ കൂടുതൽ വർദ്ധന നൽകാൻ പാടില്ലെന്നാണ് കരാറിലെ വ്യവസ്ഥയെന്ന് രജിസ്ട്രാർ സമിതിയെ അറിയിച്ചു. നാലു ശതമാനം വർദ്ധിപ്പിച്ച നിരക്കിൽ പണി തുടങ്ങിയതി നുശേഷം ആദ്യം 35 ശതമാനം രണ്ടാമത് 45 ശതമാനം എന്ന നിരക്കിൽ വർദ്ധനവ് വരുത്തിയെന്നും കംപ്ലീഷൻ പിരീഡ് ഒരു വർഷമായിരുന്നെങ്കിലും മെറ്റിരീയൽസിന്റെ വിലകൂടിയതിനാൽ വർക്ക് നീണ്ടു പോകുകയായിരുന്നെന്നും രജിസ്ട്രാർ സമിതിയുടെ ചോദ്യത്തിന് മറുപടിയായി അറിയിച്ചു. നിർമ്മാണ സാമഗ്രികളുടെ വില 50 മുതൽ 100 ശതമാനം വരെ വർദ്ധിച്ചപ്പോൾ 70 ശതമാനമെങ്കിലും തുക എൻഹാൻസ് ചെയ്തു കൊടുത്താലേ വർക്ക് ചെയ്യാൻ പറ്റുകയുള്ളൂ എന്നു പറഞ്ഞതിനാലാണ് തുക റിവൈസ് ചെയ്തതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. 1994-ൽ തുടങ്ങിയ പണി 1995-ൽ പൂർത്തീകരിച്ചെന്നും 1995-ൽ ജനുവരി, ജൂൺ മാസങ്ങളിലാണ് തുക എൻഹാൻസ് ചെയ്ത് കൊടുത്തതെന്നും ഫിനാൻസ് ഓഫീസർ, ശ്രീശങ്കരചാര്യ സംസ്കൃത സർവ്വകലാശാല, കൂട്ടിച്ചേർത്തു.

89. കെട്ടിടം പണി നടന്ന കാലയളവിൽ മെറ്റീരിയൽ കോസ്റ്റ് രണ്ടിരട്ടി വർദ്ധിച്ചിട്ടില്ലായെന്ന് സമിതി ചൂണ്ടിക്കാട്ടി. മാത്രമല്ല വർക്ക് ചെയ്യുന്നതിനുള്ള സമയം നീട്ടിക്കൊണ്ടു പോയി രണ്ടു പ്രാവശ്യം തുക വർദ്ധിപ്പിച്ചു കൊടുക്കുകയാണു ണ്ടായതെന്ന് സമിതി കുറ്റപ്പെടുത്തി. പണിയിൽ എത്ര രൂപ നഷ്ടം വന്നിട്ടുണ്ടെന്ന സമിതിയുടെ ചോദ്യത്തിന് 18,31,175 രൂപയുടെ നഷ്ടം ഉണ്ടായതായാണ് ഓഡിറ്റ് പരാമർശമെന്ന് ഫിനാൻസ് ഓഫീസർ മറുപടി നൽകി.

90. ഏതൊരു വർക്കിനും ഒരു എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്യുമ്പോൾ ഒരു പിരീഡ് ഓഫ് കംപ്ലീഷൻ ഉണ്ടെന്നും ഈ കാര്യത്തിൽ അത് പറയാതെയാണ് ചെയ്തിരിക്കുന്നതെന്നും അതു കഴിഞ്ഞ് നാലു ശതമാനം ലോവസ്റ്റ് എന്നു പറയുകയും പിരീയോഡിക്കലായി കൂട്ടിക്കൊടുക്കുകയുമാണുണ്ടായത് എന്നും സമിതി വിലയിരുത്തി.

91. സർവ്വകലാശാലയ്ക്ക് സാമ്പത്തിക നഷ്ടം വരുത്തിവച്ചതിന് ഉത്തര വാദികളായവരെ കണ്ടെത്തി അവരുടെ പക്കൽ നിന്നും ടി തുക തിരിച്ചു പിടിക്കാൻ നടപടി സ്വീകരിച്ച് 15 ദിവസത്തിനകം റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

92. സമിതി നിർദ്ദേശമനുസരിച്ച് നഷ്ടം ഈടാക്കിയിട്ടില്ലെന്നും ഓഡിറ്റ് പരാമർ ശത്തിൽ സൂചിപ്പിച്ചിരിക്കുന്നത് പാർട്ട് ബില്ലിൻമേലുള്ള നിരീക്ഷണമാണെന്നും ഈ പ്രവൃത്തിയുടെ ഫൈനൽ ബിൽ നൽകിയത് 2000-01-ലാണെന്നും ഈ ഇനത്തിലുള്ള നഷ്ടം 21,17,766 രൂപയാണെന്നും ആയതിന്റെ ഉത്തരവാദി മുൻ വൈസ് ചാൻസലർ ശ്രീ. ആർ. രാമചന്ദ്രൻ നായരാണെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 26-2-2010-ലെ നമ്പർ എൽ.എഫ്. 822/സ്പെ.സെൽ (ജി1)/09 പ്രകാരം സമിതിയെ അറിയിക്കുകയുണ്ടായി.

എന്നാൽ ഓഡിറ്റ് ഖണ്ഡികയിന്മേലുള്ള കരട് റിപ്പോർട്ടിന്റെ വസ്തുതാ പരിശോധനാ റിപ്പോർട്ടിൽ താഴെപറയും പ്രകാരം പരാമർശിക്കുകയുണ്ടായി.

93. "2000-2001 ലെ സമാഹൃത റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം 1831175 രൂപ പാർട്ട് ബില്ലിന്മേലുള്ള നിരീക്ഷണം മാത്രമാണ്. 1995-96-ലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്നത് ഒഴിവാക്കാവുന്ന നഷ്ടം എന്നാണ്. 35%, 45% എന്നീ അധിക നിരക്കുകൾ നൽകിയതുമൂലം ചെലവായ അധിക തുകയാണ് 18,31,175 രൂപ. 1995-96 ഓഡിറ്റ് റിപ്പോർട്ടിലെ സ്പഷ്ടമായ നഷ്ടം ഖണ്ഡികയിൽ ഇത് ഉൾപ്പെടുന്നില്ല. നഷ്ടോത്തരവാദികളുടെ പേരും പരാമർശിക്കുന്നില്ല. ഫൈനൽ ബിൽ നൽകിയത് 2000-01-ൽ ആണ്. 2000-01 ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 40-ൽ 35%, 45% എന്നീ നിരക്കുകളിൽ അധിക നിരക്ക് നൽകിയതുമൂലം സർവ്വകലാശാലയ്ക്ക് 38,98,329 രൂപ ഒഴിവാക്കാവുന്ന നഷ്ടം സംഭവിച്ചതായി പറയുന്നു. ഇതിന് ഒന്നുകിൽ ചാൻസലറിൽ നിന്നും സാധൂകരണം വാങ്ങുകയോ, അല്ലാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുകയോ വേണമെന്ന് ഖണ്ഡികയിൽ പരാമർശിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥരുടെ പേർ റിപ്പോർട്ടിൽ പരാമർശിക്കുന്നില്ല. 2000-01 റിപ്പോർട്ടിലും സ്പഷ്ടമായ നഷ്ടം ഖണ്ഡികയിൽ ഇത് ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഇതേ ഖണ്ഡികയിൽത്തന്നെ ടി ബഹുനിലകെട്ടിടത്തിന്റെ നിർമ്മാണത്തിൽ വിവിധ ഇനങ്ങളിൽ അധികനിരക്കുകൾ നൽകിയതുമൂലം സർവ്വകലാശാലയ്ക്ക് 21,17,766 രൂപ നഷ്ടം സംഭവിച്ചതായി പരാമർശിക്കുന്നുണ്ട്. (ഇതിനുത്തരവാദി മുൻ വൈസ്ചാൻസിലർ ആയ ശ്രീ. ആർ രാമചന്ദ്രൻ നായർ ആണെന്നും പറയുന്നുണ്ട്. പക്ഷെ, ശ്രീ. രാമചന്ദ്രൻ നായർ 30-6-1996 വരെ മാത്രമേ ടി സ്ഥാനത്ത് ഉണ്ടായിരുന്നുള്ളു. എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടെ എസ്റ്റിമേറ്റ് നിരക്കിനെക്കാൾ 36.58% അധികനിരക്കിൽ ബിൽ തുക നൽകുവാൻ തീരുമാനിച്ചത് 13-4-2000-ലെ സിൻഡിക്കേറ്റ് തീരുമാന പ്രകാരമാണ്) ഈ ഖണ്ഡിക സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. മേൽപരാമർശമനുസരിച്ചാണ് 21,17,766 രൂപയുടെ നഷ്ടം."

94. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പു ഡയറക്ടറുടെ മേൽ റിപ്പോർട്ട് 4-7-2011-ലെ യോഗത്തിൽ സമിതി പരിശോധിക്കുകയും ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പ്രസ്തുത റിപ്പോർട്ടിൻമേൽ സ്പഷ്ടീകരണം ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ആയതിൻപ്രകാരം ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ സ്പഷ്ടീകരണ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

95. "ദർഘാസ് നിരക്കിൽ നിന്നും 4% അധികനിരക്കിൽ 12 മാസംകൊണ്ട് പണിപൂർത്തിയാക്കുന്നതിനാണ് 7-1-1994-ൽ കരാർ ഉറപ്പിച്ചത്. സിൻഡിക്കേറ്റ് രൂപീകരണത്തിന് മുമ്പ്, അന്നത്തെ വൈസ്ചാൻസലർ ശ്രീ. ആർ. രാമചന്ദ്രൻ നായരുടെ നേതൃത്വത്തിലുള്ള പ്രത്യേക സമിതിയുടെ 2-7-1995-ലെ യോഗമാണ് കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായി 8-6-1995-ലെ ബില്ലിന് 35% ഉം അതിനുശേഷ മുള്ള ബില്ലുകൾക്ക് 45% ഉം അധികം എന്ന നിരക്കിൽ അധികതുക അനുവദിക്കാൻ തീരുമാനിച്ചത്. ശ്രീ. ആർ. രാമചന്ദ്രൻ നായർ 30-6-1996-ൽ സ്ഥാനമൊഴിഞ്ഞു. മേൽ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് അധികമായി നൽകിയ ആകെ തുക 38,98,329.50 രൂപ ആണ്.

96. ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് സമാഹൃത റിപ്പോർട്ട് 2000-2001 ഖണ്ഡിക VI-6(a) 18,31,175 രൂപ അധികമായി ചെലവഴിച്ചതായി പ്രതിപാദിച്ചിരുന്നു. (1995-1996 ഓഡിറ്റ്) എന്നാൽ ടി പ്രവൃത്തിയുടെ ഫൈനൽ ബില്ല് നൽകിയിട്ടുള്ളത് 2000-2001-ൽ മാത്രമാണ്. അപ്പോഴാണ് ആകെ 38,98,329.50 രൂപ അധികം നൽകിയതായി കണ്ടെത്തിയത്.

97. ആദ്യ കരാറിന് വിരുദ്ധമായി അധികതുക നൽകാൻ തീരുമാനിച്ചതും വ്യവസ്ഥ ചെയ്തതും 2-7-1995-ലെ പ്രത്യേക സമിതി യോഗമാണ്. പിന്നീട് സ്ഥാനമേറ്റ സിൻഡിക്കേറ്റിന്റെ 22-3-1997-ലെ യോഗം അധികം നിരക്ക് അനുവദിച്ചു കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കാൻ തീരുമാനിച്ചു. 13-4-2000-ലെ സിൻഡിക്കേറ്റാണ് ഫൈനൽ ബില്ല് അംഗീകരിക്കുവാൻ തീരുമാനിച്ചത്.

98. 3-1.-1996 വരെ മൂന്ന് ബില്ലുകളിലായി 28,55,069.30 രൂപയും (പ്രത്യേക സമിതി തീരുമാനം) 7-12-2000-ലെ ഫൈനൽ ബില്ല് പ്രകാരം 10,43,260.20 രൂപ (സിൻഡിക്കേറ്റ് തീരുമാനം) ഉൾപ്പെടെ ആകെ 38,98,329.50 രൂപയാണ് അധികമായി നൽകിയിട്ടുള്ളത്."

99. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ആദ്യം ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ടും, വസ്തുതാ പരിശോധന റിപ്പോർട്ടും, സ്പഷ്ടീകരണ റിപ്പോർട്ടും, അനുബന്ധ രേഖകളും 19-7-2012-ലെ സമിതി യോഗം വിശദമായി പരിശോധിക്കുകയും ഇക്കാര്യത്തിൽ സർവ്വകലാശാലയ്ക്ക് നഷ്ടം സംഭവിച്ചിട്ടില്ല എന്ന നിരീക്ഷിക്കുകയും ചെയ്തു.

**നിഗമനങ്ങൾ/ശുപാർശകൾ**

100. **ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2000-2001-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക VI-6(a) പ്രകാരം ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ ബഹുനിലക്കെട്ടിട നിർമ്മാണത്തിന് അനധികൃതമായി എസ്റ്റിമേറ്റിനെക്കാൾ അധിക നിരക്ക് നൽകിയതിലൂടെ 18,31,175 രൂപ നഷ്ടം വന്നതായി പരാമർശിച്ചിരുന്നു. കരാർ വ്യവസ്ഥപ്രകാരം നൽകാമായിരുന്ന 4% വർദ്ധനവിന് പകരം 35% മുതൽ 45% വരെ വർദ്ധനവ് അനുവദിച്ചതിന്റെ ഫലമായാണ് പ്രസ്തുത നഷ്ടം ഉണ്ടായതെന്നാണ് ഓഡിറ്റ് ചൂണ്ടിക്കാട്ടിയത്.**

101. **സർവ്വകലാശാലയുടെ പ്രാരംഭദശയിൽ സ്റ്റാറ്റ്യൂട്ടോ സിൻഡിക്കേറ്റോ ഇല്ലാതിരുന്ന 1994-1996 കാലഘട്ടത്തിലാണ് പരാമർശ വിധേയമായ ബഹുനില കെട്ടിടനിർമ്മാണം നടന്നതെന്ന് സമിതി മനസ്സിലാക്കുന്നു. തദവസരത്തിൽ എല്ലാ അധികാരങ്ങളും ആദ്യ വൈസ് ചാൻസലറിൽ നിക്ഷിപ്തമായിരുന്നു. 1994 ജനുവരി 7-ാം തീയതിയിലെ കരാർ പ്രകാരം 12 മാസംകൊണ്ട് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി നിർദ്ദിഷ്ട കാലവധിക്കുള്ളിൽ പൂർത്തീകരിക്കപ്പെട്ടില്ല. സാധന സാമഗ്രികളുടെ വിലവർദ്ധനവിന്റെ വെളിച്ചത്തിൽ എസ്റ്റിമേറ്റ് തുക വർദ്ധിപ്പിക്കണമെന്ന കരാർ കമ്പനിയുടെ അഭ്യർത്ഥന പരിശോധിക്കുവാൻ വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച സമിതിയാണ് എസ്റ്റിമേറ്റ് നിരക്ക് വർദ്ധിപ്പിച്ചു നൽകുവാൻ തീരുമാനിച്ചത്. പ്രസ്തുത സമിതിയുടെ തീരുമാന പ്രകാരം ആദ്യ വൈസ്ചാൻസലർ 3-1-1996 വരെ മൂന്ന് പാർട്ട് ബില്ലുകൾ മുഖേന തുക അനുവദിക്കുകയും 30-6-1996-ൽ സർവ്വീസിൽ നിന്നും വിരമിക്കുകയും ചെയ്തു. തുടർന്ന് വന്ന സിൻഡിക്കേറ്റുകൾ എസ്റ്റിമേറ്റ് നിരക്ക് വർദ്ധിപ്പിച്ചത് പരിശോധിക്കുകയും ആയത് അംഗീകരിച്ചുകൊണ്ട് കെട്ടിടനിർമ്മാണം പൂർത്തീകരിക്കുകയും 36.58% അധിക നിരക്കിൽ ഫൈനൽ പേമെന്റ് അനുവദിക്കുകയും ചെയ്തു.**

**102. ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ രേഖാമൂലവും തെളിവെടുപ്പ് വേളയിൽ ഹാജരായ ഉദ്യോഗസ്ഥർ നേരിട്ടും നൽകിയ മറുപടികളും സമിതി ആവശ്യപ്പെട്ടതിൻ പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പുനഃപരിശോധന റിപ്പോർട്ടും, സമിതിയുടെ 4-7-2012-ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് വകുപ്പ് നൽകിയ സ്പഷ്ടീകരണ റിപ്പോർട്ടും അനുബന്ധമായി ചേർത്തിരുന്ന സർവ്വകലാശാലയുടെ പ്രത്യേക സമിതി യോഗത്തിന്റെയും സിൻഡിക്കേറ്റ് യോഗങ്ങളുടെയും നടപടിക്കുറിപ്പുകളും സമിതി വിശദമായി പരിശോധിക്കുകയുണ്ടായി. ആദ്യ വൈസ് ചാൻസലർ നിയോഗിച്ച പ്രത്യേക സമിതിയുടെ ശുപാർശയുടെയും ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളായ വൈസ് ചാൻസലറുടെയും, സിൻഡിക്കേറ്റിന്റെയും മതിയായ പരിശോധനയുടെയും തീരുമാനത്തിന്റെയും അടിസ്ഥാനത്തിലും അനിവാര്യമായ സാഹചര്യത്തിലുമാണ് എസ്റ്റിമേറ്റ് നിരക്കിനെക്കാൾ അധിക നിരക്ക് നൽകിയതെന്ന് സമിതി മനസ്സിലാക്കുന്നു. കൂടാതെ, ഇക്കാര്യത്തിൽ സർവ്വകലാശാലയ്ക്ക് യാതൊരു നഷ്ടവും ഉണ്ടായിട്ടില്ല എന്ന സർവ്വകലാശാലയുടെയും സർക്കാരിന്റെയും നിലപാട് ശരിയാണെന്ന് സമിതി വിലയിരുത്തുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ, ഇതു സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സിവിൽ വർക്കുകളിൽ സെയിൽസ് ടാക്സ് ഈടാക്കാത്തതിനാൽ സർക്കാരിന് 3,07,598 രൂപയുടെ നഷ്ടം**

ശ്രീശങ്കരാചാര്യ സർവ്വകലാശാലയിൽ നടത്തിയ സിവിൽ വർക്കുകളിൽ കോൺട്രാക്ടർമാർ സമർപ്പിച്ച ബില്ലുകളിൽ നിന്നും 1995-96 വർഷം സെയിൽസ് ടാക്സ് ഈടാക്കാതിരുന്നതു നിമിത്തം സംസ്ഥാന സർക്കാരിന് വൻ സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത്തരത്തിൽ 1995-96 വർഷം പണം നൽകിയ 21 ബില്ലുകളിൽ നിന്ന് മാത്രമായി 3,07,598 രൂപയുടെ വിൽപ്പന നികുതി നഷ്ടം കണ്ടെത്തുകയുണ്ടായി. സംസ്ഥാന സർക്കാരിന് നികുതിയിനത്തിൽ നഷ്ടമായ തുക ഉത്തരവാദികളായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2000-01-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VI 6 (b)]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പു നൽകിയ മറുപടി ചുവടെ ചേർക്കുന്നു :

103. "വിവിധ കരാർ പണികളിൽ നിന്നും 20,851 രൂപ യഥാസമയംതന്നെ പിടിച്ച് സർക്കാരിലേക്ക് അടച്ചിരുന്നു. കാലടിയിലെ ബഹുനിലകെട്ടിടത്തിന്റെ പണിയിൽ നിന്നും 2,34,818 രൂപ പർച്ചേസ് ടാക്സായി പിന്നീട് പിടിച്ചിട്ടുണ്ട്. മറ്റു കരാറുകാരിൽ നിന്നും കുറവുവന്ന തുക ഈടാക്കി സർക്കാരിലേക്ക് അടയ്ക്കുന്നതാണ്".

104. നാളിതുവരെ ഈടാക്കിയ തുകയുടെ വിശദാംശങ്ങൾ രേഖകൾ സഹിതം ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തുന്നതിനും ബാക്കിയുള്ള മുഴുവൻ തുകയും മൂന്നുമാസ ത്തിനുളളിൽ തിരിച്ചീടാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പി ക്കുവാൻ സമിതി നിർദ്ദേശിച്ചു.

105. സമിതിയുടെ നിർദ്ദേശമനുസരിച്ച് നികുതി പിടിച്ചതു സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നടത്തിയ പരിശോധനയുടെ വിശദവിവരം ചുവടെ ചേർക്കുന്നു :

"ഖണ്ഡികയിൽ പരാമർശിക്കുന്ന വർക്ക് ബില്ലുകളിൽ കാലടി ബഹുനില കെട്ടിടത്തിന്റെ 5 ബില്ലുകളിൽ നിന്ന് 7-1-1994-ലെ കരാർ പ്രകാരം പർച്ചേയ്സിബിൾ ഇനങ്ങളുടെ പർച്ചേയ്സ് ടാക്സായി പത്ത് ശതമാനം നിരക്കിൽ 2,34,818 രൂപ ഈടാക്കിയിട്ടുളളത് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

106. ബാക്കിയുളള 16 വർക്ക് ബില്ലുകളിൽ, 12 ബില്ലുകളിൽ നിന്ന് 36,716 രൂപ ഈടാക്കേണ്ടതിൽ 31,403 രൂപ മാത്രമേ ഈടാക്കി അടച്ചിട്ടുളളു. (കുറവ് വന്നത് 5,313രൂപ)

107. അവശേഷിക്കുന്ന 4 ബില്ലുകളിൽ നിന്ന് നാളിതുവരെ സെയിൽസ് ടാക്സ് ഇനത്തിൽ തുകയൊന്നും ഈടാക്കി അടച്ചിട്ടില്ല. ടി വർക്കുകളുടെ ഫയലുകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. (അടയ്ക്കേണ്ട തുക 13,082)

108. ആകെ ഈടാക്കുവാൻ ബാക്കി നിൽക്കുന്ന തുക 18,395 രൂപ (5313+13082)"

**നിഗമനങ്ങൾ/ശുപാർശകൾ**

109. **സിവിൽ വർക്കുകളിൽ സെയിൽസ് ടാക്സ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ഇനി ഈടാക്കാൻ അവശേഷിക്കുന്ന 18,395 രൂപ അടിയന്തിരമായി ഈടാക്കി റിപ്പോർട്ട് ചെയ്യുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഫർണിച്ചർ വാങ്ങിയതിൽ നികുതി ആനുകൂല്യം ലഭ്യമാക്കാത്തതിനാൽ 1,41,266 രൂപയുടെ നഷ്ടം.**

സർവ്വകലാശാലയ്ക്കായി എഫ്.ഐ.റ്റി. ആലുവ എന്ന സ്ഥാപനത്തിൽ നിന്നും ഫർണിച്ചർ വാങ്ങിയ ഇടപാടുകളിൽ അർഹമായ നികുതി ആനുകൂല്യം ലഭിക്കാതി രുന്നതുമൂലം 1,41,266 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ബന്ധപ്പെട്ട നിയമപ്രകാരമുള്ള സർട്ടിഫിക്കറ്റ് സർവ്വകലാശാല നൽകാതിരുന്നതിനാൽ 4% മാത്രം വിൽപ്പന നികുതി വേണ്ടിടത്ത് 10% നികുതി നൽകേണ്ടി വന്നതുമൂലമാണ് നഷ്ടം സംഭവിച്ചത്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2000-01-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക VI 6 (c).]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പു നൽകിയ മറുപടി ചുവടെ ചേർക്കുന്നു :

110. "ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടിയെ ഡി.ഫോറം ലഭ്യമാക്കുന്നതിനുവേണ്ടി ലിസ്റ്റിൽപ്പെടുത്തിയ വില്പന നികുതി വകുപ്പിൽ നിന്നും ലഭിച്ച വിവരമനുസരിച്ച് സർക്കാർ വകുപ്പുകൾക്ക് മാത്രമേ പ്രസ്തുത ഡി. ഫോറം ലഭിക്കുകയുള്ളൂ. സെയിൽസ് ടാക്സ് ആനുകൂല്യം ലഭിക്കണമെങ്കിൽ പ്രസ്തുത ഡി. ഫോറം നൽകേണ്ടതാണ്. അതുകൊണ്ടാണ് പ്രസ്തുത ഫർണിച്ചർ വാങ്ങിയതിൽ നിന്ന് ആനുകൂല്യം ലഭിക്കാതിരുന്നത്. ആയതിനാൽ ഈയിനത്തിൽ നഷ്ടമൊന്നും ഉണ്ടായിട്ടില്ല.

**നിഗമനങ്ങൾ/ശുപാർശകൾ**

111. **ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ മറുപടി അംഗീകരിച്ചുകൊണ്ട് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

(i) ***ഗസ്റ്റ് ലക്ചറർമാർക്ക് അധികം പ്രതിഫലം 4.04 ലക്ഷം രൂപ നഷ്ടം***

സർവ്വകാലാശാലയുടെ വിവിധ കേന്ദ്രങ്ങളിലെ അദ്ധ്യാപകരുടെ കുറവ് നികത്തുന്നതിന് സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം പ്രതിഫലം നൽകി ഗസ്റ്റ് ലക്ചറർമാരെ നിയമിച്ചതു വഴി 4,04 ലക്ഷം രൂപ നഷ്ടം.

4-12-1996-ലെ സർക്കാർ ഉത്തരവ് ജി.ഒ. (ആർടി.) 1437/96/എച്ച്.എഡ്യു. സർക്കാർ/സ്വകാര്യ ആർട്സ്, സയൻസ് കോളേജുകളിൽ ഗസ്റ്റ് ലക്ചറർമാരുടെ വേതനം മണിക്കൂറിന് 60 രൂപ നിരക്കിൽ പ്രതിമാസം പരമാവധി 3,000 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. 18-12-1999-ലെ സർക്കാർ ഉത്തരവ് ജി. ഒ. (എംഎസ്.) 169/ 99/എച്ച്.എഡ്യു. പ്രകാരം ഇത് യഥാക്രമം 1,001 രൂപയായും 5,000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവിന് വിരുദ്ധമായി പ്രതിഫലം മണിക്കൂറടിസ്ഥാനത്തിൽ നൽകുന്നതിന് പകരം കുറഞ്ഞത് എത്ര മണിക്കൂർ പഠിപ്പിച്ചാലും പ്രതിമാസം 4,000 രൂപയിൽ കുറയാതെ നൽകുവാൻ 19-6-1999-ലെ സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു. ഗസ്റ്റ് ലക്ചറർമാർക്ക് ഒരു മാസം മിനിമം എത്ര മണിക്കൂർ പഠിപ്പിക്കണം എന്ന് നിഷ്കർഷിക്കാതെ അവർക്കു മിനിമം വേതനം നിശ്ചയിച്ച സിൻഡിക്കേറ്റ് തീരുമാനം യുക്തിരഹിതമാണ്. നിയമന ഉത്തരവിൽ ഗസ്റ്റ് ലക്ചറർമാർ മണിക്കൂറിൽ 75 രൂപ നിരക്കിലും പ്രൊഫസർമാർക്ക് മണിക്കൂറിന് 100 രൂപ നിരക്കിലും നൽകുമെന്നല്ലാതെ മിനിമം വേതനത്തെപ്പറ്റി പറയാതെ ഒന്നോ രണ്ടോ മണിക്കൂർ പഠിപ്പിക്കുന്ന അദ്ധ്യാപകനും 50 മണിക്കൂർ പഠിപ്പിക്കുന്ന അദ്ധ്യാപകനും 4,000 രൂപ വേതനം നൽകിയിരിക്കുകയാണ്. മണിക്കൂറിന് 75 രൂപ നിരക്കിൽ പ്രതിമാസം 4,000 രൂപ ലഭിക്കേണ്ടതിന് ഒരു അദ്ധ്യാപകൻ 53 മണിക്കൂർ പഠിപ്പിക്കേണ്ടതുണ്ട്. നിയമവിരുദ്ധമായി നടത്തിയ അധിക ചെലവ് 4,04,550 രൂപ നിരാകരിക്കുന്നു.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 5.4.1)

(ii) **സർക്കാർ നിരക്കിനേക്കാൾ അധികം പ്രതിഫലം ഗസ്റ്റ് ലക്ചർമാർക്ക് നൽകിയതുമൂലം 49,364 രൂപയുടെ നഷ്ടം**

സർക്കാർ ഉത്തരവിന് വിരുദ്ധമായി അധികം പ്രതിഫലം ഗസ്റ്റ് ലക്ചർമാർക്ക് നൽകിയതുമൂലം 49,364 രൂപയുടെ നഷ്ടം.

4-12-1996-ലെയും 18-12-1999-ലെയും സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി എത്ര മണിക്കൂർ കുറച്ച് ക്ലാസ് എടുത്താലും പ്രതിമാസം 4,000 രൂപ വേതനം നൽകേണ്ടതാണെന്നുള്ള 19-7-1999-ലെ സർവ്വകലാശാല ഉത്തരവുമൂലം 49,364 രൂപയുടെ നഷ്ടം സർവ്വകലാശാലയ്ക്ക് ഉണ്ടായിട്ടുണ്ട്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 5.4.2)

112. ഓഡിറ്റ് ഖണ്ഡികയ്ക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പു നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

"ഈ യൂണിവേഴ്സിറ്റിയിൽ റഗുലർ അദ്ധ്യാപകരുടെ നിയമനം മുഴുവനായി നടക്കാതിരുന്നതിനാൽ ബിരുദ ബിരുദാനന്തര കോഴ്സുകൾക്കും ഗവേഷണങ്ങൾക്കും ഗസ്റ്റ് ലക്ചറർമാരുടെ സേവനം ലഭ്യമാക്കേണ്ടി വന്നു. ബിരുദ ബിരുദാനന്തര കോഴ്സുകൾക്ക് ക്ലാസ്സുകൾ എടുക്കേണ്ടതിനാലും ഗവേഷണ വിഷയങ്ങൾ പഠിപ്പിക്കുന്നതിനും ഗവേഷണത്തിന് വേണ്ടരീതിയിൽ സഹായം നൽകുന്നതിനും യോഗ്യതയുള്ള അദ്ധ്യാപകരെ ലഭിക്കേണ്ടിയിരുന്നു. ആയതിനാലാണ് സിൻഡിക്കേറ്റ് പഠിപ്പിക്കുന്ന മണിക്കൂറുകളുടെ എണ്ണം നോക്കാതെ മിനിമം പ്രതിഫലമായി 4,000 രൂപ ഗസ്റ്റ് ലക്ചർമാർക്ക് നൽകുവാൻ തീരുമാനമെടുത്തത്. ആയതിനാലാണ് പ്രസ്തുത തുക ഗസ്റ്റ് ലക്ചർമാർക്ക് നൽകിയത്. ബിരുദാനന്തര കോഴ്സുകളുടേയും ഗവേഷണങ്ങളുടേയും പ്രബന്ധങ്ങളും മറ്റും പരിശോധിക്കുകയും പ്രാക്ടിക്കൽ, റൂറൽ ക്യാമ്പ് മുതലായവ സംഘടിപ്പിക്കുകയും ഇവരുടെ ജോലിയിൽപ്പെട്ടിരുന്നു. അദ്ധ്യാപന നിലവാരം ഉയർത്തുന്നതിനായിട്ടാണ് സിൻഡിക്കേറ്റ് പ്രസ്തുത തീരുമാനം എടുത്തത്. മുകളിൽ പറഞ്ഞ കാരണങ്ങളാൽ ഗസ്റ്റ് ലക്ചർമാർക്ക് നൽകിയ പ്രതിഫലം ഒരു നഷ്ടമായി കണക്കാക്കരുതെന്ന് അപേക്ഷിക്കുന്നു."

**നിഗമനങ്ങൾ/ശുപാർശകൾ**

113. **ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. എന്നാൽ സർവ്വകലാശാലയിൽ സാമ്പത്തിക അച്ചടക്കം നിർബന്ധമാക്കുന്നതിന്റെ ഭാഗമായി വരവുചെലവിനങ്ങളുടെ കണക്കുകൾ കൺകറന്റ് ഓഡിറ്റ് നടത്തുന്നതിലേക്കായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ഒരു ഡെപ്യൂട്ടി ഡയറക്ടറുടെ ചുമതലയിൽ ഒരു ചെറിയ വിംഗ് സർവ്വകലാശാലയിൽ ആരംഭിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സർവ്വകലാശാല ഡയറിയുടെ അച്ചടിയുടെ ചെലവ് അംഗീകരിക്കുന്നില്ല**

സർക്കാർ മേഖലയിലുള്ള സ്ഥാപനങ്ങൾ ഡയറിയുടെ അച്ചടിക്കും മറ്റും പൊതു പണം ഉപയോഗിക്കാൻ പാടില്ല എന്നുള്ള സർക്കാർ നിർദ്ദേശത്തിന് (8-12-1996-ലെ സർക്കുലർ നമ്പർ 75/96/ഫിൻ.) വിരുദ്ധമായി യൂണിവേഴ്സിറ്റി ഫണ്ടുപയോഗിച്ച് ഡയറി അച്ചടിച്ചതുമൂലം താഴെ പറയുന്നരീതിയിൽ 1,08,616 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഡയറികളിൽ അച്ചടിക്കുന്ന പരസ്യത്തിൽ നിന്നുള്ള വരുമാനം കൊണ്ട് ഡയറി തയ്യാറാക്കാവുന്നതാണ്.

| ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക | നഷ്ടം |
|---|---|---|
| 1999-2000 | 47 | 1,12,000 |
| 2001-2002 | 36 | 96,616 |
| | | 2,08,616 |

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 5.4.3]

114. ഓഡിറ്റ് ഖണ്ഡികയ്ക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

പരസ്യങ്ങൾ സംഘടിപ്പിച്ച് സർവ്വകലാശാലയുടെ ഡയറികൾ അച്ചടിക്കുന്ന രീതി നിലവിലില്ല. കേരളത്തിലെ മറ്റു സർവ്വകലാശാലകളും ഡയറികൾ പരസ്യം മുഖേന അച്ചടിക്കുന്നതായി കണ്ടിട്ടില്ല. പൊതുവായി എല്ലാ സർവ്വകലാശാലകളും അവലംബിക്കുന്ന രീതി തന്നെയാണ് സർവ്വകലാശാലയും അംഗീകരിച്ചിട്ടുള്ളത്. ആയതിനാൽ സർവ്വകലാശാലയുടെ ഡയറിയുടെ അച്ചടിക്ക് ചെലവായ 1,12,000 രൂപ അംഗീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

115. ഡയറിയുടെ അച്ചടിച്ചെലവ് പരസ്യങ്ങളിൽ നിന്നും ലഭിക്കുന്ന വരുമാനം കൊണ്ട് ചെയ്യണമെന്ന ഗവൺമെന്റുത്തരവിന് വിരുദ്ധമായാണ് ഡയറിയുടെ അച്ചടി നടത്തിയിരിക്കുന്നതെന്ന് സർവ്വകലാശാലാ ഫിനാൻസ് ഓഫീസർ സമിതി മുൻപാകെ സമ്മതിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

116. **സർക്കാർ മേഖലയിലുള്ള സ്ഥാപനങ്ങൾ ഡയറിയുടെ അച്ചടിക്ക് പൊതുപണം ഉപയോഗിക്കാൻ പാടില്ലെന്നുള്ള സർക്കാർ നിർദ്ദേശത്തിന് (8-12-1996-ലെ സർക്കുലർ നമ്പർ 75/96/ഫിൻ.) വിരുദ്ധമായി യൂണിവേഴ്സിറ്റി ഫണ്ട് ഉപയോഗിച്ച് ഡയറി അച്ചടിച്ചതുമൂലം 2,08,616 രൂപ നഷ്ടം സംഭവിച്ചതിന് ഉത്തരവാദികളായവരെ കണ്ടെത്തി അവരുടെ പക്കൽ നിന്നും പണം ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിക്കാതെ ലൈബ്രറി പുസ്തകങ്ങൾ വാങ്ങി**

സർവ്വകലാശാല സ്റ്റാറ്റ്യൂട്ടും സ്റ്റോർ പർച്ചേസ് ചട്ടങ്ങളും ലംഘിച്ച് ലൈബ്രറി പുസ്തകങ്ങൾ വാങ്ങിയതിലൂടെ വൻസാമ്പത്തിക നഷ്ടം ഉണ്ടായതായി കാണുന്നു.

ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിന് അനുമതി ലഭിച്ചത് പുസ്തക വിൽപ്പനക്കാർക്ക് ഓർഡർ നൽകിയശേഷമാണ്. പുതിയതായി പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള നിർദ്ദേശവും അനുമതിയും കാണുന്നില്ല. ഫയലിൽ നേരത്തെ വാങ്ങിയ പുസ്തകങ്ങളുടെ വിവരം മാത്രമെ ഉൾപ്പെടുത്തിയിട്ടുള്ളൂ. പുതിയതായി വാങ്ങേണ്ട പുസ്തകങ്ങൾ നിർദ്ദേശിക്കുന്ന കമ്മിറ്റിയുടെ മുൻകൂർ അനുവാദവും നേടിയിട്ടില്ല. പുസ്തകവിൽപ്പനക്കാരെയും പ്രസാധകരെയും തെരഞ്ഞെടുത്തതിൽ യാതൊരു മാനദണ്ഡവും പാലിച്ചിട്ടില്ല. വിലപിടിപ്പുള്ള പല പുസ്തകങ്ങളും പല തവണ വാങ്ങിയിട്ടുള്ളതായി കാണുന്നു. 28,57,546 രൂപയുടെ പുസ്തകങ്ങൾ വാങ്ങിയതിന്റെ ക്യാഷ് ബില്ല് ഹാജരാക്കിയിട്ടില്ല. ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ ബന്ധപ്പെട്ട ചട്ടങ്ങൾക്ക് എതിരായതിനാൽ പുസ്തകങ്ങൾ വാങ്ങുന്നതിന് ചെലവഴിച്ച 48,15,050 രൂപ തടസ്സപ്പെടുത്തുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 5.4.4]

117. ഓഡിറ്റ് ഖണ്ഡികയ്ക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു:—

ഇപ്പോൾ ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിന് മേൽനോട്ടം വഹിക്കുന്നതിനായി ലൈബ്രറി കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഓരോ ഡിപ്പാർട്ടുമെന്റ് ഹെഡും തരുന്ന പുസ്തകങ്ങളുടെ വില പരിശോധിച്ച് ഓരോ ഡിപ്പാർട്ടുമെന്റിനും ഓരോ റീജിയണൽ സെന്ററിനും ആവശ്യമായ തുക നിശ്ചയിച്ച് സിൻഡിക്കേറ്റിലേക്ക് ശുപാർശ ചെയ്യുന്നത് ഈ കമ്മിറ്റിയാണ്. സിൻഡിക്കേറ്റിന്റെ അനുമതി ലഭിച്ചശേഷം ലൈബ്രേറിയൻ സപ്ലൈ ഓർഡർ നൽകുകയാണ് ചെയ്യുന്നത്. കൂടിയ നിരക്കിൽ ഡിസ്കൗണ്ട് ലഭിക്കുന്നതിനാൽ വിവിധ പുസ്തക വിൽപ്പനക്കാരിൽ നിന്നും ക്വട്ടേഷൻ മേടിച്ച് പരിശോധിച്ചശേഷം സിൻഡിക്കേറ്റിന്റെ അനുമതിയോടെ ഡിസ്കൗണ്ട് നിരക്ക് നിശ്ചയിക്കുന്നുണ്ട്. സാധാരണയായി ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിന് സ്റ്റോർ പർച്ചേസ് നിയമം പാലിക്കാറില്ല. ആയതിനാൽ മുൻ കാലങ്ങളിൽ നടന്ന തെറ്റ് ഇപ്പോൾ ആവർത്തിക്കുന്നില്ല.

118. പരാമർശ സംബന്ധിയായ പിശക് ശ്രദ്ധയിൽപ്പെട്ടപ്പോൾ ലൈബ്രറിയിൽ സ്റ്റോക്ക് വെരിഫിക്കേഷനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സർവ്വകലാശാല രജിസ്ട്രാർ സമിതിയിൽ അറിയിച്ചു. എന്നാൽ സ്റ്റോർ പർച്ചേസ് റൂൾസ് അനുസരിച്ച് ഫർണിച്ചറും മറ്റു സാമഗ്രികളും വാങ്ങുന്നതുപോലെ ലൈബ്രറി പുസ്തകങ്ങൾ വാങ്ങാൻ കഴിയില്ലെന്നും ഒരു അക്കാഡമിക് ആവശ്യത്തിന് ഏതൊക്കെ പുസ്തകങ്ങൾ വേണമെന്നത് പ്രൊഫസർമാരോ ലക്ചറർമാരോ തീരുമാനിക്കുന്നതിനനുസരിച്ച്, ഓരോ യൂണിവേഴ്സിറ്റികളിലും പുസ്തകങ്ങളുടെ വാങ്ങലിനായി ഒരു ഗ്രൂപ്പ് ഓഫ്

ടീച്ചേഴ്സിനെ നിയോഗിക്കുന്നതിനും എത്ര റിബേറ്റിൽ പുസ്തകങ്ങൾ ലഭിക്കും എന്നുള്ളതിന്റെ ഒരു ഗൈഡ്‌ലൈൻ തയ്യാറാക്കി പുസ്തകങ്ങൾ തിരഞ്ഞെടുത്ത് വാങ്ങാനുള്ള ചുമതല അവർക്കു നൽകുന്നതിനുമുള്ള അനുമതിയുണ്ടാകണമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയിൽ അഭിപ്രായപ്പെട്ടു.

119. സർവ്വകലാശാലയിൽ പുസ്തകങ്ങൾ തിരഞ്ഞെടുത്ത് വാങ്ങുന്നതിനായി ഒരു ലൈബ്രറി അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോയെന്നും അങ്ങനെ ചെയ്തിട്ടില്ലായെങ്കിൽ പുസ്തകങ്ങൾ വാങ്ങിയതിന്റെ സാധുത പരിശോധിക്കേണ്ടതാണെന്നും ഒരേ പുസ്തകം ഒന്നിൽക്കൂടുതൽ പ്രാവശ്യം വാങ്ങിയിട്ടുണ്ടോയെന്നും പുസ്തകം വാങ്ങിയതിന്റെ ക്യാഷ് ബില്ലും വൗച്ചറുകളും സൂക്ഷിച്ചിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞു.

120. യൂണിവേഴ്സിറ്റിയുടെ ആരംഭകാലത്ത് ഒരു കമ്മിറ്റിയുടേയും ശുപാർശ അനുസരിച്ചല്ല പുസ്തകങ്ങൾ വാങ്ങിയിരുന്നതെന്നും പിന്നീട് അഡ്വൈസറി കമ്മിറ്റി രൂപീകരിച്ച് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്നും പ്രൊഫസർമാരും മറ്റ് സ്റ്റാഫും അടങ്ങുന്ന ഈ കമ്മിറ്റി നിർദ്ദേശിക്കുന്ന പുസ്തകങ്ങളാണ് ഇപ്പോൾ വാങ്ങുന്നതെന്നും സർവ്വകലാശാല രജിസ്ട്രാർ സമിതിയെ അറിയിച്ചു. നിലവിലുള്ള നോംസ് അനുസരിച്ച് ഇൻഡ്യൻ ബുക്കിന് 22 ശതമാനവും, ഫോറിൻ ബുക്കിന് 20 ശതമാനവും മലയാളം പുസ്തകങ്ങൾക്ക് 33 ശതമാനവും ഡിസ്കൗണ്ട് ഫിക്സ് ചെയ്തിട്ടുണ്ട് എന്നും അതനുസരിച്ചാണ് പുസ്തകങ്ങൾ വാങ്ങുന്നതെന്നും അങ്ങനെ വാങ്ങിയവയ്ക്കെല്ലാം ബില്ലും വൗച്ചറുകളുമുണ്ടെന്നും അദ്ദേഹം തുടർന്നറിയിച്ചു. തുടക്കത്തിൽ ഇക്കാര്യങ്ങൾ പാലിച്ചിട്ടില്ലായെന്നുള്ളതാണ് ഓഡിറ്റ് ഒബ്ജക്ഷനെന്നും, ഇപ്പോൾ സ്റ്റോക്ക് കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്നും മുഴുവൻ ബുക്കുകളും സ്റ്റാൻഡേർഡൈസ് ചെയ്ത് വിശദമായ റിപ്പോർട്ട് തയ്യാറാക്കാമെന്നും രജിസ്ട്രാർ അറിയിച്ചു.

121. റിപ്പോർട്ടിന്റെ കോപ്പി ഓഡിറ്റ് ഡിപ്പാർട്ടുമെന്റിനെ കാണിക്കണമെന്നും അത് വെരിഫൈ ചെയ്ത് ഓഡിറ്റ് വകുപ്പിന്റെ കമന്റോടുകൂടി സമിതിയിൽ സമർപ്പിക്കണമെന്നും സമിതി സർവ്വകലാശാല രജിസ്ട്രാർക്ക് നിർദ്ദേശം നൽകി. കൂടാതെ സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തണമെന്നും ക്യാഷ്ബില്ലുകൾ ആഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ഹാജരാക്കണമെന്നും സമിതി രജിസ്ട്രാറോട് നിർദ്ദേശിച്ചു.

സമിതിയുടെ നിർദ്ദേശാനുസരണം രേഖകൾ പരിശോധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നൽകിയ പരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു :

122 ഹാജരാക്കാതിരുന്ന 28,57,546 + 60,000 രൂപയുടെ ക്യാഷ് ബില്ലുകൾ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. ഇവയുടെ സ്റ്റോക്കും പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

123. നിലവിൽ ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിന് നടപടിക്രമങ്ങൾ പാലിക്കുന്നുണ്ട് എന്നതിനാലും ക്യാഷ്ബില്ലുകൾ സ്റ്റോക്ക് രജിസ്റ്ററുകൾ ഇവ പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിനാലും ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണ്.

**നിഗമനങ്ങൾ/ശുപാർശകൾ**

124. **ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സർവ്വകലാശാല വളപ്പിലെ മരാമത്തു വേലകളിൽ നഷ്ടം**

സർവ്വകലാശാല വളപ്പിൽ മണ്ണ് ഫില്ലിംഗ് നടത്തിയ വേലയിൽ ചുരുങ്ങലിന് വേണ്ടിവന്ന മണ്ണ് കുറവ് ചെയ്യാതെ (ആകെ മണ്ണിന്റെ 12.5%) തുക നൽകിയതിനാൽ 2,01,023 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

സർവ്വകലാശാല വളപ്പിലെ ചുറ്റുമതിൽ നിർമ്മാണത്തിൽ 1,088 രൂപ/മീറ്റർ എന്ന നിരക്ക് സ്വീകരിച്ച് നിയമപ്രകാരം പണിക്ക് ചെലവാകുമായിരുന്ന 3,36,891 രൂപയെക്കാൾ 1,16,585 രൂപ കൂടുതൽ നൽകിയിരിക്കുകയാണ്. അധികം നൽകിയ 1,16,585 രൂപ തിരികെ ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2005-06-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക 5.4.5]

ഓഡിറ്റ് ഖണ്ഡികയ്ക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പ് നൽകിയ മറുപടി ചുവടെ ചേർക്കുന്നു :

125. "ഇക്കാര്യത്തിൽ കൃത്യമായ നടപടികൾ എടുത്ത് പിന്നീട് അറിയിക്കുന്നതാണ്."

126. ഓഡിറ്റ് പരാമർശത്തിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിശദീകരണം ഒരുമാസത്തിനുള്ളിൽ ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്താൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശുപാർശകൾ**

127. **സർവ്വകലാശാല വളപ്പിലെ മൺപണിക്കും, ചുറ്റുമതിൽ നിർമ്മാണത്തിനുമായി അധികം നൽകിയ തുക തിരികെ ഈടാക്കുന്നതു സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് സമിതിക്ക് ഉറപ്പുനൽകിയിട്ടും ഇക്കാര്യത്തിൽ തുടർ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സമിതിയെ അറിയിച്ചിരിക്കുന്നു. സർവ്വകലാശാലാ അധികൃതരുടെ ഭാഗത്തു നിന്നും ഉറപ്പുപാലിക്കുന്നതിൽ ഉണ്ടായിട്ടുള്ള അനാസ്ഥയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. അധികമായി നൽകിയ തുക അടിയന്തിരമായി തിരികെ ഈടാക്കണമെന്നും തുക ഈടാക്കിയതിന്റെ വിശദവിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

വർക്കല കഹാർ,

തിരുവനന്തപുരം,
2012 ജൂലൈ 24.

*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും

| *ക്രമ നമ്പർ* | *ബന്ധപ്പെട്ട സ്ഥാപനം* | *ഖണ്ഡിക നമ്പർ* | *നിഗമനങ്ങൾ/ശുപാർശകൾ* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | കോഴിക്കോട് സർവ്വകലാശാല | 20 | കാലിക്കട്ട് യൂണിവേഴ്സിറ്റി ആക്ട് (1975-ലെ 5-ാമത് നിയമം) അദ്ധ്യായം 7-ലെ സെക്ഷൻ 50 പ്രകാരം യൂണിവേഴ്സിറ്റിയുടേയും യൂണിവേഴ്സിറ്റിയുടെ അധീനതയിൽ വരുന്ന എല്ലാ സ്ഥാപനങ്ങളുടെയും കണക്കുകൾ പരിശോധിക്കേണ്ടതും തീർപ്പുകൽപ്പിക്കേണ്ടതും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പാണ്. ഇതിനു വിരുദ്ധമായി വിദ്യാർത്ഥി ക്ഷേമ വിഭാഗം 1980-ൽ നിലവിൽ വന്നതു മുതൽ നാളിതുവരെ ചാർട്ടേഡ് അക്കൗണ്ടന്റിന്റെ വിനിയോഗ സാക്ഷ്യ പത്രത്തിന്റെ അടിസ്ഥാന ത്തിലാണ് അവിടുത്തെ ചെലവുകൾ കോഴിക്കോട് സർവ്വകലാശാല ധനകാര്യ വിഭാഗം പാസ്സാക്കി അംഗീകാരം നൽകിവരുന്നതെന്ന് മനസ്സിലാക്കുന്നു. ട്രഷറി കോഡ് വാല്യം-1 ചട്ടം 162 എ, 430 എ, 434 എ എന്നിവ പ്രകാരം സബ് വൗച്ചറുകളില്ലാതെ മുൻകൂർ തീർപ്പു കൽപ്പിക്കുന്നതും ക്രമവിരുദ്ധ മാണ്. ഓഡിറ്റ് തടസ്സപ്പെടുത്തിയിരി ക്കുന്ന 28,27,000 രൂപയുടെ മുൻകൂറു കൾ ചാർട്ടേഡ് അക്കൗണ്ടന്റിന്റെ വിനിയോഗ സർട്ടിഫിക്കറ്റിന്റെ വിനി യോഗത്തിന്റെ അടിസ്ഥാനത്തിലാണ് വൈസ് ചാൻസലർ തീർപ്പുകൽപ്പിച്ചി രിക്കുന്നത്. ചട്ടവിരുദ്ധമായി ചാർട്ടേഡ് അക്കൗണ്ടന്റിനെ ഓഡിറ്റിനു ചുമതല പ്പെടുത്തുകവഴി 19,800 രൂപ ഓഡിറ്റ് ചാർജ് ഇനത്തിൽ ചെലവുവന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | നിയമപ്രകാരം ഓഡിറ്റ് ചെയ്യേണ്ട ഓഡിറ്റ് ഏജൻസിയായ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് വൗച്ചറുകളോ, സബ് വൗച്ചറുകളോ, ഫയലുകളോ, മിനിറ്റ്സ് ബുക്കുകളോ, മറ്റ് ബന്ധപ്പെട്ട രേഖകളോ നാളിതുവരെ ഹാജരാക്കിയിട്ടില്ല. ആയതിനാൽ നിയമം അനുശാസിക്കുംവിധം സർവ്വകലാശാലയുടെയും സർവ്വകലാശാലയുടെ അധീനതയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടേയും കണക്കുകൾ അടിയന്തിരമായി എല്ലാ രേഖകളുമുൾപ്പെടെ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ഓഡിറ്റിനായി സമർപ്പിക്കണമെന്ന് കോഴിക്കോട് സർവ്വകലാശാലാ രജിസ്ട്രാറോടും, ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പിനോടും സമിതി ശുപാർശ ചെയ്യുന്നു. |
| 2 | കോഴിക്കോട് സർവ്വകലാശാല | 23 | ഫണ്ടിംഗ് ഏജൻസി തന്നെ പ്രോജക്ടിന്റെ ചെലവു വിവരങ്ങൾ അംഗീകരിക്കുകയും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പ്രസ്തുത പരാമർശം ഒഴിവാക്കുകയും ചെയ്ത സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 3 | ,, | 30 | ജീവനക്കാർ വിരമിക്കുന്നതിനു മുമ്പ് അവരുടെ പേരിലുള്ള ബാദ്ധ്യത തിട്ടപ്പെടുത്തുവാൻ സാധിക്കുന്നില്ലെങ്കിൽ വിരമിച്ച് ഒരു വർഷത്തിനുള്ളിൽ ബാദ്ധ്യത തിട്ടപ്പെടുത്തി തിരികെ പിടിക്കേണ്ടതും അല്ലാത്ത പക്ഷം തടഞ്ഞുവയ്ക്കപ്പെട്ട പെൻഷൻ ആനുകൂല്യങ്ങൾ തിരികെ നൽകുവാനും ബാദ്ധ്യത തിട്ടപ്പെടുത്തുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | തിരെ അച്ചടക്ക നടപടി സ്വീകരിക്കാനും സർവ്വകലാശാലയ്ക്ക് ബാധകമായ കെ.എസ്.ആർ. പാർട്ട് III റൂൾ 116-ലെ റൂളിംഗ്-5 അനുശാസിക്കുന്നു. 4,00,000-ൽ അധികം രൂപയുടെ പേപ്പർ വാങ്ങിയതിൽ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള പേപ്പർ വാങ്ങാതെ ക്രമക്കേടു കാട്ടിയ പ്രസ് സൂപ്രണ്ട് ശ്രീ. റ്റി. രാജേന്ദ്രന്റെ പേരിലുള്ള ബാദ്ധ്യത യഥാസമയം തിട്ടപ്പെടുത്താതെ ഡി.സി.ആർ.ജി തടഞ്ഞുവയ്ക്കുകയും മേൽ സൂചിപ്പിച്ചിരിക്കുന്ന റൂളിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന കാലാവധിക്കുശേഷം തിട്ടപ്പെടുത്തുകയും പിന്നീട് റ്റി. രാജേന്ദ്രന് കേരള ഹൈക്കോടതിയിൽ നിന്നും അനുകൂല വിധി സമ്പാദിച്ച് 12% പലിശയുൾപ്പെടെ തടഞ്ഞുവയ്ക്കപ്പെട്ട മുഴുവൻ ആനുകൂല്യങ്ങളും വാങ്ങുന്നതിന് അവസരം ഒരുക്കുകയും ചെയ്തത് സർവ്വകലാശാലയിലെ ഫിനാൻസ് ഓഫീസറാണെന്ന് സമിതി മനസ്സിലാക്കുന്നു. പേപ്പർ വാങ്ങൽ സംബന്ധിച്ച് ഒരു എൻക്വയറി കമ്മിറ്റി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നുവെങ്കിലും അന്വേഷണ റിപ്പോർട്ട് സിൻഡിക്കേറ്റിൽ സമർപ്പിക്കുകയുണ്ടായിട്ടില്ലെന്നും ഇപ്പോൾ ആ റിപ്പോർട്ട് കാൺമാനില്ലെന്നുള്ള വസ്തുത ശ്രീ. റ്റി. രാജേന്ദ്രനെ ബാദ്ധ്യതയിൽ നിന്ന് രക്ഷിക്കുന്നതിന് മന:പൂർവ്വമായ ശ്രമം നടന്നിട്ടുള്ളതായി സംശയം ജനിപ്പിക്കുന്നു. ബാദ്ധ്യതാ തുക ഈടാക്കുന്നതിന് സിവിൽ കേസ് ഫയൽ ചെയ്യുന്നതിനുള്ള വൈസ് ചാൻസലറുടെ ഉത്തരവും പാലിക്കപ്പെട്ടതായി കാണുന്നില്ല. ആയതിനാൽ സർവ്വകലാശാലയുടെ ബന്ധപ്പെട്ട |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഉദ്യോഗസ്ഥരിൽ നിന്നും സർവ്വകലാശാലയ്ക്ക് നഷ്ടമായ 4,26,643 രൂപ ഈടാക്കണമെന്നും വിവരം സമിതിക്ക് റിപ്പോർട്ടു ചെയ്യണമെന്നും സമിതി നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ടി ഉദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കുവാനുള്ള സർവ്വകലാശാലയുടെ നടപടിക്കെതിരെ ടിയാൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ [W.P.(c) No. 7150 ഓഫ് 2012] ഫയൽ ചെയ്തതായി സമിതി മനസ്സിലാക്കുന്നു. ഓഡിറ്റിലെ പരാമർശ വിഷയത്തിന്മേലുള്ള നടപടി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയ്ക്കെത്തിയ സാഹചര്യത്തിൽ കേസ് എത്രയും വേഗം തീർപ്പാക്കാനുള്ള നടപടി സ്വീകരിക്കുവാനും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അന്തിമ വിധിക്കനുസൃതമായി ഉചിതമായ തീരുമാനം കൈക്കൊള്ളുവാനും സമിതി ശുപാർശ ചെയ്യുന്നു. |
| 3 | കോഴിക്കോട് സർവ്വകലാശാല | 32 | 2001-2002 കാലഘട്ടത്തിൽ പി.എഫ്. വിഹിതം അടയ്ക്കാൻ വൈകിയത് സാമ്പത്തിക പരാധീനതകൾ മൂലമാണെന്നും അതിനുശേഷം 2006 ഫെബ്രുവരിവരെയുള്ള കോൺട്രീബ്യൂഷൻ ഒരുമിച്ച് അടച്ചിട്ടുള്ളത് പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) നെ അറിയിച്ചതിനെ തുടർന്ന് ടി വിഷയം ഒഴിവാക്കപ്പെട്ടിട്ടുണ്ടെന്നും സർക്കാർ മറുപടിയിൽ നിന്നും വ്യക്തമാകുന്നു. സർക്കാർ നൽകിയ പ്രസ്തുത മറുപടി തൃപ്തികരമായതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 3 | കോഴിക്കോട് സർവ്വകലാശാല | 39 | സർവ്വകലാശാലകൾ അനർഹമായ നിരക്കിൽ വീട്ടുവാടക ബത്ത നൽകുന്നത് തുടരുവാൻ പാടില്ലെന്നും ആയത് ആവർത്തിക്കുന്ന പക്ഷം അനധികൃതമായി നൽകുന്ന പണം രജിസ്ട്രാറുടെ പക്കൽ നിന്നും ഈടാക്കേണ്ടതാണെന്നുമുള്ള പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും കോഴിക്കോട് സർവ്വകലാശാല ഉൾപ്പെടെയുള്ള എല്ലാ സർവ്വകലാശാലകളും പ്രസ്തുത പ്രവണത തുടരുന്നതായി സമിതി മനസ്സിലാക്കുന്നു. ധനകാര്യ വകുപ്പിന്റെ 25-11-1998-ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള ശമ്പള പരിഷ്കരണം കോഴിക്കോട് സർവ്വകലാശാലയിൽ നടപ്പിലാക്കിയപ്പോൾ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി വീട്ടുവാടക ബത്ത ഇനത്തിൽ ജീവനക്കാർക്ക് 62,46,000 രൂപ അധികം നൽകിയതായി സമിതിക്ക് ബോദ്ധ്യമായി. ഇപ്രകാരം ഉയർന്ന നിരക്കിൽ വീട്ടുവാടക ബത്ത നൽകിയത് അനധികൃതവും ഗവൺമെന്റ് ഉത്തരവിന്റെ ലംഘനവുമാണെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ അനർഹമായി നൽകിയ വീട്ടുവാടക ബത്ത ബന്ധപ്പെട്ട ജീവനക്കാരുടെ പക്കൽ നിന്നും ഈടാക്കണമെന്നും അല്ലാത്തപക്ഷം അധികമായി നൽകിയ തുക ആയത് നൽകിയതിന് ഉത്തരവാദിയായ രജിസ്ട്രാറുടെ ബാദ്ധ്യതയായി പരിഗണിച്ച് അദ്ദേഹത്തിൽ നിന്ന് ഈടാക്കി റിപ്പോർട്ട് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 4 | കോഴിക്കോട് സർവ്വകലാശാല | 42 | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനഃപരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. |
| 5 | ,, | 49 | വിജിലൻസ് അന്വേഷണം ത്വരിതപെടുത്തി ഫൈനൽ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കാൻ വിജിലൻസ് ഡയറക്ടറോട് ആവശ്യപെടാൻ സമിതി ഗവൺമെന്റിനോട് ശുപാർശ ചെയ്യുന്നു. |
| 6 | ,, | 56 | കോഴിക്കോട് സർവ്വകലാശാല ബസ് ബോഡി നിർമ്മാണവുമായി ബന്ധപെട്ട് ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ തമിഴ്നാട്ടിലെ സ്ഥാപനത്തിൽ ബസ് ബോഡി നിർമ്മിക്കുന്നതിന് അനുമതി നൽകുകയും ആയതുമൂലം കേരളത്തിലേക്കുള്ള പ്രവേശന നികുതിയും നൽകേണ്ടി വന്നതിനുത്തരവാദികളായ സിൻഡിക്കേറ്റ് മെമ്പർമാരിൽ നിന്നും (ഹാജരുണ്ടായിരുന്നവർ) ടി തീരുമാനമെടുക്കുന്നതിലേക്കായി നിർദ്ദേശം സമർപ്പിച്ച ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറുടെ ചാർജ്ജുണ്ടായിരുന്ന വ്യക്തിയിൽ നിന്നും, നഷ്ടമുണ്ടായ 69,760 രൂപ തുല്യമായി ഈടാക്കി സമിതിയിൽ റിപ്പോർട്ടു ചെയ്യാൻ സമിതി നിർദ്ദേശിക്കുന്നു. കൂടാതെ തന്റെ വ്യക്തിപരമായ താല്പര്യത്തിന്റെ മാത്രം അടിസ്ഥാനത്തിൽ ബസിന് അധിക നിർമ്മാണം നടത്തുന്നതിന് അനുമതി നൽകുകയും ആയത് നിമിത്തം 23,000 രൂപയുടെ അധിക ചെലവ് വരുത്തുകയും ചെയ്ത തദവസരത്തിലെ ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറിൽ നിന്ന് ടി തുക |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | മുഴുവനും ഈടാക്കി റിപ്പോർട്ട് ചെയ്യുന്നതിനും സമിതി ശുപാർശ ചെയ്യുന്നു. |
| 7 | കോഴിക്കോട് സർവ്വകലാശാല | 62 | സർവ്വകലാശാലാ രജിസ്ട്രാറുടെ വിശദീകരണം അംഗീകരിച്ചുകൊണ്ട് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് ശുപാർശ ചെയ്യുന്നു. |
| 8 | ,, | 64 | ഗവൺമെന്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 9 | ,, | 68 | യൂണിവേഴ്സിറ്റി രജിസ്ട്രാറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 10 | ,, | 74 | റഗുലർ ക്ലാസ് സമയത്തെ ഈവനിംഗ് ക്ലാസ്സിന് ക്രമവിരുദ്ധമായി അനുവദിച്ച തുക പൂർണ്ണമായും ആയത് കൈപ്പറ്റിയവരിൽ നിന്ന് ഈടാക്കി റിപ്പോർട്ടു നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 11 | ,, | 80 | നിർദ്ദിഷ്ട യോഗ്യതയില്ലാത്തവർക്ക് യു.ജി.സി. സ്കെയിൽ അനുവദിച്ചു നൽകിയതുവഴി അവർക്ക് അധികമായി നൽകിയ ആനുകൂല്യം അവരിൽ നിന്നും തിരികെ ഈടാക്കി റിപ്പോർട്ട് നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 12 | ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല | 83 | തുകകൾ ക്രമീകരിച്ചിട്ടുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സത്തിന്മേലുള്ള തുടർനടപടികൾ ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 13 | ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല | 100 | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2000-2001-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക VI-6(a) പ്രകാരം ശ്രീശങ്കരാചാര്യസംസ്കൃത സർവ്വകലാശാലയുടെ ബഹുനിലകെട്ടിട നിർമ്മാണത്തിന് അനധികൃതമായി എസ്റ്റിമേറ്റിനെക്കാൾ അധിക നിരക്ക് നൽകിയതിലൂടെ 18,31,175 രൂപ നഷ്ടം വന്നതായി പരാമർശിച്ചിരുന്നു. കരാർ വ്യവസ്ഥപ്രകാരം നൽകാമായിരുന്ന 4% വർദ്ധനവിനുപകരം 35% മുതൽ 45% വരെ വർദ്ധനവ് അനുവദിച്ചതിന്റെ ഫലമായാണ് പ്രസ്തുത നഷ്ടം ഉണ്ടായതെന്നാണ് ഓഡിറ്റ് ചൂണ്ടിക്കാട്ടിയത്. |
| 13 | ,, | 101 | സർവ്വകലാശാലയുടെ പ്രാരംഭ ദശയിൽ സ്റ്റാറ്റ്യൂട്ടോ സിൻഡിക്കേറ്റോ ഇല്ലാതിരുന്ന 1994-1996 കാലഘട്ടത്തിലാണ് പരാമർശ വിധേയമായ ബഹുനില കെട്ടിടനിർമ്മാണം നടന്നതെന്ന് സമിതി മനസ്സിലാക്കുന്നു. തദവസരത്തിൽ എല്ലാ അധികാരങ്ങളും ആദ്യ വൈസ് ചാൻസലറിൽ നിക്ഷിപ്തമായിരുന്നു. 1994 ജനുവരി 7-ാം തീയതിയിലെ കരാർ പ്രകാരം 12 മാസം കൊണ്ട് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി നിർദ്ദിഷ്ട കാലാവധിക്കുള്ളിൽ പൂർത്തീകരിക്കപ്പെട്ടില്ല. സാധനസാമഗ്രികളുടെ വില വർദ്ധനവിന്റെ വെളിച്ചത്തിൽ എസ്റ്റിമേറ്റ് തുക വർദ്ധിപ്പിക്കണമെന്ന കരാർ കമ്പനിയുടെ അഭ്യർത്ഥന പരിശോധിക്കുവാൻ വൈസ് ചാൻസലറുടെ അദ്ധ്യക്ഷതയിൽ രൂപീകരിച്ച സമിതിയാണ് എസ്റ്റിമേറ്റ് നിരക്ക് വർദ്ധിപ്പിച്ചു നൽകുവാൻ തീരുമാനിച്ചത്. പ്രസ്തുത സമിതിയുടെ തീരുമാന |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പ്രകാരം ആദ്യ വൈസ് ചാൻസലർ 3-1-1996 വരെ മൂന്ന് പാർട്ട് ബില്ലുകൾ മുഖേന തുക അനുവദിക്കുകയും 30-6-1996-ൽ സർവ്വീസിൽ നിന്നും വിരമിക്കുകയും ചെയ്തു. തുടർന്ന് വന്ന സിൻഡിക്കേറ്റുകൾ എസ്റ്റിമേറ്റ് നിരക്ക് വർദ്ധിപ്പിച്ചത് പരിശോധിക്കുകയും ആയത് അംഗീകരിച്ചു കൊണ്ട് കെട്ടിട നിർമ്മാണം പൂർത്തീകരിക്കുകയും 36.58% അധിക നിരക്കിൽ ഫൈനൽ പേമെന്റ് അനുവദിക്കുകയും ചെയ്തു. |
| 14 | ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല | 102 | ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ രേഖാമൂലവും തെളിവെടുപ്പ് വേളയിൽ ഹാജരായ ഉദ്യോഗസ്ഥർ നേരിട്ടും നൽകിയ മറുപടികളും സമിതി ആവശ്യപ്പെട്ടതിൻപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പുനഃപരിശോധന റിപ്പോർട്ടും, 4-7-2012-ലെ സമിതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് വകുപ്പ് നൽകിയ സ്പഷ്ടീകരണ റിപ്പോർട്ടും അനുബന്ധമായി ചേർത്തിരുന്ന സർവ്വകലാശാലയുടെ പ്രത്യേക സമിതി യോഗത്തിന്റെയും സിൻഡിക്കേറ്റ് യോഗങ്ങളുടെയും നടപടി കുറിപ്പുകളും സമിതി വിശദമായി പരിശോധിക്കുകയുണ്ടായി. ആദ്യ വൈസ് ചാൻസലർ നിയോഗിച്ച പ്രത്യേക സമിതിയുടെ ശുപാർശയുടെയും ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളായ വൈസ് ചാൻസലർ, സിൻഡിക്കേറ്റുകൾ എന്നിവയുടെ മതിയായ പരിശോധനയുടെയും തീരുമാനത്തിന്റെയും അടിസ്ഥാനത്തിലും അനിവാര്യമായ സാഹചര്യത്തിലുമാണ് എസ്റ്റിമേറ്റ് നിരക്കിനെക്കാൾ അധിക നിരക്ക് നൽകിയതെന്ന് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | സമിതി മനസ്സിലാക്കുന്നു. കൂടാതെ, ഇക്കാര്യത്തിൽ സർവ്വകലാശാലക്ക് യാതൊരു നഷ്ടവും ഉണ്ടായിട്ടില്ല എന്ന സർവ്വകലാശാലയുടെയും സർക്കാരിന്റെയും നിലപാട് ശരിയാണെന്ന് സമിതി വിലയിരുത്തുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ, ഇതു സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 15 | ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല | 109 | സിവിൽ വർക്കുകളിൽ സെയിൽസ് ടാക്സ് ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ഇനി ഈടാക്കാൻ അവശേഷിക്കുന്ന 18,395 രൂപ അടിയന്തിരമായി ഈടാക്കി റിപ്പോർട്ട് ചെയ്യുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 16 | ,, | 111 | ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ മറുപടി അംഗീകരിച്ചുകൊണ്ട് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. |
| 17 | ,, | 113 | ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശുപാർശ ചെയ്യുന്നു. എന്നാൽ സർവ്വകലാശാലയിൽ സാമ്പത്തിക അച്ചടക്കം നിർബന്ധമാക്കുന്നതിന്റെ ഭാഗമായി വരവു ചെലവിനങ്ങളുടെ കണക്കുകൾ കൺകറന്റ് ഓഡിറ്റ് നടത്തുന്നതിലേക്കായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ഒരു ഡെപ്യൂട്ടി ഡയറക്ടറുടെ ചുമതലയിൽ ഒരു ചെറിയ വിംഗ് സർവ്വകലാശാലയിൽ ആരംഭിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 18 | ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല | 116 | സർക്കാർ മേഖലയിലുള്ള സ്ഥാപനങ്ങൾ ഡയറിയുടെ അച്ചടിക്ക് പൊതു പണം ഉപയോഗിക്കാൻ പാടില്ലെന്നുള്ള സർക്കാർ നിർദ്ദേശത്തിന് (8-12-1996-ലെ സർക്കുലർ നമ്പർ 75/96/ഫിൻ.) വിരുദ്ധമായി യൂണിവേഴ്സിറ്റി ഫണ്ട് ഉപയോഗിച്ച് ഡയറി അച്ചടിച്ചതുമൂലം 2,08,616 രൂപ നഷ്ടം സംഭവിച്ചതിന് ഉത്തരവാദികളായവരെ കണ്ടെത്തി അവരുടെ പക്കൽ നിന്നും പണം ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 19 | ,, | 124 | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 20 | ,, | 127 | സർവ്വകലാശാല വളപ്പിലെ മൺപണിക്കും, ചുറ്റുമതിൽ നിർമ്മാണത്തിനുമായി അധികം നൽകിയ തുക തിരികെ ഈടാക്കുന്നതു സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് സമിതിക്ക് ഉറപ്പുനൽകിയിട്ടും ഇക്കാര്യത്തിൽ തുടർനടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് സമിതിയെ അറിയിച്ചിരിക്കുന്നു. സർവ്വകലാശാലാ അധികൃതരുടെ ഭാഗത്തുനിന്നും ഉറപ്പുപാലിക്കുന്നതിൽ ഉണ്ടായിട്ടുള്ള അനാസ്ഥയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. അധികമായി നൽകിയ തുകകൾ അടിയന്തിരമായി തിരികെ ഈടാക്കണമെന്നും തുക ഈടാക്കിയതിന്റെ വിശദവിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |